Date of publication: 9 ഡിസംബർ 2015
വോള്യം 10 / ലക്കം 6 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## 5 വർഷം പിന്നിടുന്ന സംഘടിത






# സംഘടിത

സംഘടിത|ഡിസംബർ 2015 |വോള്യം 10 |ലക്കം 6

**പ്രിയ വായനക്കാർക്ക്**
**ക്രിസ്തുമസ്സ്-**
**പുതുവത്സരാശംസകൾ!**

4. സംഘടിത പ്രകാശനം
6. സ്ത്രീമാസികകളുടെ പ്രസക്തി- ഗീത
19. സമത പ്രസാധനരംഗത്തെ കൂട്ടായ്മ -
20. സംവരണത്തിൽ നിന്ന് അവകാശത്തിലേക്ക്- അധികാരത്തിലേക്ക് - ദിൽഷാദ് വാളശ്ശേരി, ഫാത്തിമ ആർ.കെ
26. അവൾ വെള്ളിത്തിരയ്ക്ക് പുറകിൽ - സജിത മഠത്തിൽ
31. വൈരുദ്ധ്യങ്ങളുടെ സ്ത്രീജന്മം - ഡോ.കദീജ മുംതാസ്
36. 'സ്ത്രീകൾക്കുള്ള വഴി' - നിഫ്സ സി.
39. അപരാജിത- (കഥ) ധന്യാരാജ്
44. ഒറ്റ മുറിവ് (കവിത) - സാവിത്രി രാജീവൻ
45. അവൾ ഒഴുകുകയാണ് - (കവിത) ഗിരിജ പാതേക്കര
അവകാശികൾ - ഡോ. ഇ. സന്ധ്യ
47. ഇവൾ അപരാജിത - ഡോ. സുനിത കൃഷ്ണൻ
48. പെൺപക്ഷം - അജിത കെ
49. വാസ്തവം - ഡോ.ജാൻസി ജോസ്
50. രാഷ്ട്രീയനിരീക്ഷണം - ജ്യോതിനാരായണൻ
51. ഗ്രേസിയുടെ ഗൗളിജൻമം - ചില സ്ത്രീപക്ഷ ചിന്തകൾ - ഡോ.ദിവ്യ ധർമ്മദത്തൻ
54. ശാസ്ത്രം - സീമ ശ്രീലയം
55. സിനിമ - സ്മിത മീനാക്ഷി
58. കാർട്ടൂൺ




**മാധ്യമരംഗത്തെ പെൺവഴികൾ**




**'പാവ'ത്തിന്റെ വരവ്** - ജെ. ദേവിക

എഡിറ്റർ : ഷീബ കെ.എം.
മാനേജിംഗ് എഡിറ്റർ : കെ. അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി കെ.എം.
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ. കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത്
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ- വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

പ്രസവിക്കാൻ മാത്രമേ ശേഷിയുള്ളൂ എന്ന് മതമൗലികവാദികൾ വിധിയെഴുതിയ സ്ത്രീകൾക്ക് ബുദ്ധിപരമായി മുന്നേറാനും സ്വന്തം ഇടങ്ങൾ ഉറപ്പിക്കാനുമാവുമെന്ന് വീണ്ടും ബോദ്ധ്യപ്പെടുത്തുന്നതാണ് അഞ്ചുവർഷം പിന്നിടുന്ന സംഘടിതയുടെ സാന്നിദ്ധ്യം. പുരുഷാധിപത്യത്തിന്റേയും മതമൗലികവാദത്തിന്റേയും ഇരുണ്ട അറകളിലേക്ക് സ്ത്രീകളെ ബലാത്ക്കാരമായി തള്ളിയിടാൻ ശ്രമിക്കുന്ന കാലത്താണല്ലോ നാം ജീവിക്കുന്നത്. നമ്മെ പിന്നോട്ടുവലിക്കാൻ ശ്രമിക്കുന്ന എല്ലാ പിന്തിരിപ്പൻ ആശയങ്ങളുടെയും പ്രയോഗങ്ങളുടെയും നടുവിൽ അതിജീവനത്തിന്റേയും പോരാട്ടത്തിന്റേയും പ്രതിനിധാനങ്ങളായി നിലകൊള്ളാൻ കഴിഞ്ഞതിൽ സംഘടിത കൂട്ടായ്മ അഭിമാനിക്കുന്നു. കമ്പോളയുക്തികളോടും മൂലധനത്തിന്റെ പിടിമുറുക്കലുകളോടും മല്ലടിച്ചും മുഖ്യധാരാപ്രസിദ്ധീകരണങ്ങളുറപ്പിച്ചുപോയ വായനാശീലങ്ങളോടേറ്റുമുട്ടിയുമാണ് സംഘടിത ഇക്കാലമത്രയും നിലപാടുകളുറപ്പിച്ചത്. പലകുറി ഈ ഉദ്യമം ഉപേക്ഷിക്കാനുള്ള പ്രതികൂല സാഹചര്യങ്ങൾ സംജാതമായി. എന്നാൽ ഒരാളുടെ നിരാശയെ മറ്റൊരാളുടെ പ്രതീക്ഷ കൊണ്ടും ഒരു തളർച്ചയെ മറ്റൊരു ഊർജ്ജംകൊണ്ടും മാറ്റിവെച്ച് ഞങ്ങൾ മുന്നേറി. കൂട്ടായപ്രവർത്തനത്തിന്റേയും വിപ്ലവാവേശത്തിന്റേയും കൈമുതലൊന്നുമാത്രമേ സംഘടിതയ്ക്കുള്ളൂ-അന്നും ഇന്നും.

സ്ത്രീകൾ മാത്രം എഴുതുന്ന സ്ത്രീകളാൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഒരു മാസിക എന്ന നിലയിൽ സ്ത്രീവാദത്തോട് ചോദിക്കപ്പെടുന്ന അതേചോദ്യങ്ങൾ സംഘടിതയോടും ചോദിക്കപ്പെടുന്നു. പലരെയും പുറത്തുനിർത്തുന്ന ഇടുങ്ങിയ ഇടങ്ങൾ സൃഷ്ടിക്കലല്ലേ ഇത് എന്ന്. മാനവരാശിയുടെ ഒഴിച്ചുകൂടാൻ നിവൃത്തിയില്ലാത്ത ഘടകമായ പുരുഷനില്ലാതെ ഇങ്ങനെയൊരു സംരംഭം ആശാസ്യമാണോ എന്നതാണ് ഈ ചോദ്യത്തിനു പിന്നിലെ സാരം. മാനവരാശിയെന്ന് അവകാശപ്പെടുകയും എന്നാൽ പുരുഷനെ മാത്രം വിവക്ഷിക്കുകയും ചെയ്യുന്ന ലോകക്രമത്തിന്റെ അപകടങ്ങളും ഒഴിവാക്കിനിർത്തലുകളും സ്ത്രീകൾ എത്രകാലമായി നേരിടുന്നു എന്നു മാത്രം ഓർമ്മിപ്പിക്കാം മറുപടിയായി.

കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി ധാരാളം വിഷയങ്ങൾ സംഘടിതയിലൂടെ അവതരിപ്പിക്കപ്പെട്ടു. സ്ത്രീജീവിതങ്ങളുമായിച്ചേർന്ന സാഹിത്യം, ചലചിത്രം, നാടകം, കല, രാഷ്ട്രീയം, ചരിത്രം, കുടുംബജീവിതം, ദളിത്-ആദിവാസി-സ്വവർഗ്ഗലൈംഗികാവസ്ഥകൾ, മതാവസ്ഥകൾ എന്നിങ്ങനെ നീണ്ടുപോകുന്നൊരു പട്ടിക. വീട്ടുത്തരവാദിത്വങ്ങളിൽ മുഴികിയവരും കലാസാഹിത്യംപോലുള്ള മേഖലകളിൽ പ്രാഗത്ഭ്യം നേടിയവരും അക്കാദമിക ഉദ്യോഗങ്ങളിലുള്ളവരും വിദ്യാത്ഥികളുമൊക്കെയായി നാനാവിഭാഗം സ്ത്രീകൾക്കും വായിക്കാനും എഴുതുവാനുമുള്ള ഒരുതട്ടകമായി സംഘടിതയ്ക്ക് മാറാൻ കഴിഞ്ഞിട്ടുണ്ട്. സൃഷ്ടിയുടെ മികവും പ്രസിദ്ധീകരണയോഗ്യതയും പുരുഷലോകത്തിന്റെ മാനദണ്ഡങ്ങളും കച്ചവടസാധ്യതകളും കൊണ്ടളന്ന് തിട്ടപ്പെടുത്തുമ്പോൾ തിരസ്ക്കരിക്കപ്പെടുന്ന അനേകം തീക്ഷണമായ സൃഷ്ടികൾ സംഘടിതയിലൂടെ വെളിച്ചം കണ്ടു. സാമ്പത്തികവും അല്ലാതെയുമുള്ള ധാരാളം ഞെരുക്കങ്ങൾക്കിടയിലും ഇതൊക്കെയാണ് സംഘടിതയ്ക്ക് മുതൽക്കൂട്ടായുള്ളത്. ഞങ്ങളെ മുന്നോട്ടുപോവാൻ പ്രേരിപ്പിക്കുന്ന ശക്തികളും ഇവയൊക്കെത്തന്നെ.

സ്ത്രീപ്രസിദ്ധീകരണങ്ങളുടെ ഭൂമിക വിഷയമായുള്ള ഈ ലക്കം സംഘടിതയിൽ കഴിഞ്ഞ വർഷങ്ങളിലെ ലക്കങ്ങളിൽ നിന്നുള്ള തെരഞ്ഞെടുത്ത ലേഖനങ്ങളും പംക്തികളും ഓർമ്മപുതുക്കലിന്റെ ഭാഗമായി പുനഃപ്രസിദ്ധീകരിക്കുന്നു. മലയാളി വായനക്കാരുടെയും മലയാളം മനസിലാവാത്തവരായിരുന്നിട്ടുകൂടി സംഘടിതയുടെ രാഷ്ട്രീയ തിരിച്ചറിഞ്ഞ അഭ്യുദയകാംക്ഷികളായ മറുനാടൻ സുഹൃത്തുക്കളുടെയുമൊക്കെ തുടർന്നുള്ള പിന്തുണയുടെ പ്രതീക്ഷയിൽ ഈ അഞ്ചാംപിറന്നാൾ പതിപ്പ് സമർപ്പിക്കുന്നു.

# സംഘടിത പ്രകാശനം




ലിംഗനീതിയിലധിഷ്ഠിതമായ സാമൂഹികക്രമത്തിനായുള്ള 'അന്വേഷി'യുടെ പുതിയ സംരംഭമായ 'സംഘടിത'സ്ത്രീമാസിക 18-12-2010 ശനിയാഴ്ച കോഴിക്കോട് അളകാപുരി ഓഡിറ്റോറിയത്തിൽ വെച്ചു നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പ്രകാശനം ചെയ്യപ്പെട്ടു. പ്രശസ്ത തമിഴ് കവയിത്രി സൽമയിൽനിന്നും ഡോ.ശാരദാമണി ആദ്യപ്രതി ഏറ്റുവാങ്ങി. ചടങ്ങിൽ അന്വേഷി പ്രസിഡണ്ട് കെ.അജിത സ്വാഗതം ആശംസിച്ചു. ആരാധ്യയായ കോഴിക്കോട് കോർപ്പറേഷൻ മേയർ എ.കെ. പ്രേമജം അദ്ധ്യക്ഷം വഹിച്ചു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ 50% സ്ത്രീ സംവരണമെന്ന ചരിത്രനേട്ടം സാധ്യമായ ഈ അവസരത്തിൽ 'സംഘടിത'പോലുള്ള ഒരു സ്ത്രീ പ്രസിദ്ധീകരണം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് മേയർ അഭിപ്രായപ്പെട്ടു. തുടർന്ന് സംസാരിച്ച സാറാജോസഫ് (ചീഫ് എഡിറ്റർ, സംഘടിത) ചരിത്രത്തിലെ ഉജ്ജ്വല മുഹൂർത്തമെന്നാണ് ഈ സന്ദർഭത്തെ വിശേഷിപ്പിച്ചത്. പുരുഷാധിപത്യമൂല്യങ്ങൾ ഉറപ്പിക്കുന്ന സ്ത്രീമാസികകളിൽ നിന്ന് വിഭിന്നമായി ജീവിതത്തിന്റെ എല്ലാ തുറകളിലേയും സ്ത്രീകളെക്കുറിച്ചുള്ള ഉത്കണ്ഠകൾ പങ്കുവെയ്ക്കുകയും സ്വയം ആവിഷ്കരിക്കാൻ അവർക്ക് ഇടം നല്കുകകയും ചെയ്തുകൊണ്ട് എന്താണ് സ്ത്രീയുടെ ദർശനമെന്ന് ഒന്നിന്റെയും ബാധ്യതയില്ലാതെ 'സംഘടിത'പറയുന്നു എന്നും അവർ പറഞ്ഞു.

അധികാരമണ്ഡലത്തിൽ വനിതാസംവരണം നടപ്പിലാവുമ്പോഴും വർധിച്ചുവരുന്ന ലിംഗവിവേചനത്തേയും അതിക്രമങ്ങളേയും കുറിച്ചാണ് പ്രശസ്ത തമിഴ് കവിയത്രി സൽമ സംസാരിച്ചത്. സ്ത്രീ കളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നുള്ളത് ഒരു മായയായിത്തോന്നുകയാണ്. നാളിതുവരെ സ്ത്രീയവസ്ഥയിൽ മാറ്റങ്ങളൊന്നും വന്നിട്ടില്ല എന്നതാണ് എന്റെ സങ്കടം. 33% സംവരണം കൊണ്ട് സ്ത്രീ പദവി ഉയരുന്നു എന്നുള്ളത് ഒരു സങ്കല്പം മാത്രമാണ്. സമൂഹത്തിൽ സ്ത്രീകൾ സുരക്ഷിതരല്ലാത്ത ഒരവസരം തുടർന്നുകൊണ്ടേ ഇരിക്കുന്നു. വ്യാപകമായി നടക്കുന്ന പെൺഭ്രൂണഹത്യ അതിന് തെളിവാണ്.പ്രാദേശികസർക്കാറുകളിലൂടെ സ്ത്രീകൾക്ക് കൈവന്ന അധികാരം എത്രത്തോളം നാം ഉപയോഗിക്കുന്നു എന്ന് ചിന്തിക്കേണ്ടതാണ്. പ്രതിനിധികൾ സ്ത്രീകൾ ആണെങ്കിലും അവരുടെ ഭർത്താക്കന്മാരെയാണ് വേദിയിൽ കാണുക. കടലാസ്സിൽ മാത്രമേ സ്ത്രീയുടെ പേരുണ്ടാവൂ. ഈ അവ സ്ഥ മാറുകതന്നെ ചെയ്യും എന്നുള്ളതിൽ സംശയമില്ല. ദളിത് പോലുള്ള കീഴ്ജാതികൾക്കുമേൽ നിലനില്ക്കുന്ന ആധിപത്യം ഇപ്പോഴുമുണ്ട്. സ്ത്രീകൾക്കായി എന്നു പറഞ്ഞു നടപ്പിലാക്കുന്ന കാര്യങ്ങൾ കൊണ്ട് സ്ത്രീകൾ എത്രത്തോളം പരിരക്ഷിക്കപ്പെടുന്നു എന്ന ചോദ്യം വരുമ്പോൾ, നിയമം കൊണ്ടു മാത്രമേ ഫലമുണ്ടാകൂ എന്നാണുത്തരം. സഹോദരനും ഭർത്താവും മദ്യപിച്ചുണ്ടാക്കുന്ന പ്രശ്നങ്ങളെല്ലാം ഇപ്പോഴും എന്റെ പക്കൽ വരാറുണ്ട്. ഇതെല്ലാം നമ്മിൽ ഭീതിയാണ് ഉണ്ടാക്കുന്നത്. പഞ്ചാബ് പോലെയുള്ള സംസ്ഥാനങ്ങളിൽ ഭ്രൂണഹത്യ വളരെ കൂടിയ തോതിൽ നടക്കുന്നു. കുടുംബാസൂത്രണമാർഗ്ഗങ്ങളവലംബിക്കാൻ സ്ത്രീകളെ മാത്രം നിർബന്ധിക്കുന്ന ഒരവസ്ഥയുമുണ്ട്. തമിഴ് മാസികകൾ ഇപ്പോഴും, പാചകവും വീടൊരുക്കലുമായി സ്ത്രീജീവിതം പരുവപ്പെടുത്തുന്നതിനെക്കുറിച്ചുമാത്രം സംസാരിക്കുമ്പോൾ 'സംഘടിത' പോലെ ഒരു മാസിക വളരെയധികം പ്രസക്തമാണെന്ന് സൽമ അഭിപ്രായപ്പെട്ടു.

ജ്യോതിനാരായണൻ, ഡോ. പി.ഗീത, കെ.പി.സുധീര, ഡോ.ഖദീജ മുംതാസ്, വി.പി.സുഹറ, വി.എം.ദീപ, സംഘടിത എക്സിക്യൂട്ടിവ് എഡിറ്റർ ഡോ.ജാൻസി ജോസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.




കവർസ്റ്റോറി

# സ്ത്രീമാസികകളുടെ പ്രസക്തി



ഗീത

മലയാളത്തിൽ ഇത്രയേറെ പ്രസിദ്ധീകരണങ്ങൾ ഉണ്ട ല്ലോ. പിന്നെന്തിനാണ് സ്ത്രീകൾക്കു മാത്രമായി ഒന്ന്?

ഇക്കാലത്തു തീരെ അപ്രസിദ്ധവും എന്നാൽ ഏറ്റവും പ്രസ ക്തമെന്ന് എനിക്കു തോന്നിയതുമായ ഒരുദ്ധരണിയിൽ നിന്നു തുടങ്ങാം. ശാരദാമാസിക ഒരു വർഷം തികയുമ്പോൾ നൽകി യ പ്രസ്താവനയിൽ നിന്നുള്ള ഭാഗമാണത്.

***'ശാരദ കഴിഞ്ഞ പന്ത്രണ്ടു ലക്കങ്ങളിൽ നിന്നും നമ്മുടെ മലയാളത്തിൽ ഗദ്യമെഴുതുവാൻ പ്രാപ്തിയുള്ള സ്ത്രീക ളിൽ എത്രയുണ്ടെന്ന് അറിയാമല്ലോ. ശാരദയുടെ ആവിർഭാ വത്തിനു മുമ്പായി ഈ കഥ ആരും മനസ്സിലാക്കിയിരുന്നില്ല. സ്ത്രീകൾ ലേഖനങ്ങൾ എഴുതുന്നത് അവരുടെ സ്വയപരിഷ് കാരത്തിനു വഴിയാകുന്നു. സ്ത്രീജനങ്ങളുടെ അഭ്യുദയത്തെ സഹായിക്കുന്ന വിഷയങ്ങളെ വായിക്കുവാനും അതിനെപ്പറ്റി എഴുതുവാനും ആഗ്രഹം ജനിക്കുന്നതിനോടുകൂടി അതിലെ താത്പര്യപ്രകാരം നടക്കുന്നതിലുള്ള മോഹവും ഉണ്ടാകുന്ന താണ്. ഈ മോഹത്തിന്റെ ഫലമാകുന്നു പരിഷ്കാരം.'***

***'സ്ത്രീകൾ സ്ത്രീകളോടാണ് അധികം മമത. അതു കൊണ്ട് സ്ത്രീകളുടെ ലേഖനങ്ങൾ വായിക്കുന്നതിലാണ് അവർക്ക് അധികം താത്പര്യം. പുരുഷന്മാർക്കല്ലാതെ ഗദ്യ മെഴുതുവാനോ പദ്യങ്ങളുണ്ടാക്കുവാനോ സ്ത്രീകൾക്കു***

***കഴിയുന്നതല്ലെന്നുള്ള അഭിപ്രായക്കാർ ഇക്കാലത്തും ഉള്ളത് വ്യസനകരമായ ഒരു വാസ്തവമാകുന്നു.'***

(കൊ.വ.1081 വൃശ്ചിക പു.2. ല.1)

മേൽക്കൊടുത്ത പ്രസ്താവനയിൽ നിന്നു വ്യക്തമാകുന്ന നാലു വസ്തുതകളുണ്ട്.

1. സ്ത്രീകളുടെ ഗദ്യമെഴുത്തിനെ ആദ്യമായി പ്രോത്സാഹിപ്പിച്ചത് ശാരദയെന്ന സ്ത്രീമാസിക മാത്രമാണ്.
2. എഴുത്തും (വായനയും) സ്ത്രീകളും തമ്മിലുള്ള അഭേദ്യത.
3. വായനയിലെ സ്ത്രീസാഹോദര്യം
4. പെണ്ണിന്റെ എഴുത്തിനെ അംഗീകരിക്കാനുള്ള വൈമുഖ്യം ഇവയെല്ലാം തന്നെ പെണ്ണിന്റെ എഴുത്തിനോടും വായനയോടുമുള്ള ആൺപ്രതിരോധങ്ങളാണെന്നു സൂക്ഷ്മശ്രദ്ധയിൽ മനസ്സിലാവും. ഒരു നൂറ്റാണ്ടിനു മുമ്പുള്ള ഇക്കാര്യം ഇന്നു പ്രസക്തമല്ലെന്ന വാദമുയർത്തിക്കൊണ്ടാണ് ആണധികാരം ഇപ്പോഴിതിനെ ചെറുക്കുക. പ്രസവിക്കുക മാത്രമാണ് ഒരു പെണ്ണിനു ചെയ്യാവുന്നതെന്നു പരസ്യമായി പ്രഖ്യാപിക്കുവാൻ ധൈര്യപ്പെടുന്ന നേതാക്കൾ ഇന്നും ഈ നാട്ടിലുണ്ട്. ശാരദയിൽ ഒരു നൂറ്റാണ്ടു മുമ്പു പ്രത്യക്ഷപ്പെട്ട മറ്റൊരുദ്ധരണി ഇതിനു മറുപടിയാണ്.

***'ദൈവം സ്ത്രീകളെ സൃഷ്ടിച്ചിരിക്കുന്നത് കേവലം സന്താനോത്പാദനത്തിനു വേണ്ടി മാത്രമാണെന്നും അതിലധികമായി അവരുടെ ജീവിതകാലത്തിൽ സാധിക്കേണ്ടതായ യാതൊരുദ്ദേശവും ഇല്ലെന്നും അതിനാൽ സാധാരണ വല്ല കന്നുകാലികളേയോ അല്ലെങ്കിൽ കുറേ വാത്സല്യത്തോട വളർത്തുന്ന മറ്റു വല്ല മൃഗങ്ങളെയോ പോറ്റുന്ന പോലെ അവരെയും നല്ല ഭക്ഷണവും മറ്റും കൊടുത്തു രക്ഷിച്ചാൽ മതിയെന്നുമാണ് നമ്മുടെ കൂട്ടരുടെ പൂർണ്ണവിശ്വാസം.'***

ഒരു നൂറ്റാണ്ടിനു മുമ്പുള്ള ഒരു പെണ്ണ് ഈ വിധം മറുപടി പറഞ്ഞു കഴിഞ്ഞ കാര്യം തന്നെയാണ് പുരുഷൻ ഇന്നും പൊതുമണ്ഡലത്തിൽ ഉച്ചരിച്ചുകൊണ്ടിരിക്കുന്നത് എന്നത് അയാൾ എത്രമാത്രം കാലഹരണപ്പെട്ടിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു. അതോടൊപ്പം നിലനിൽക്കുന്ന ഭീഷണമായ അവസ്ഥ കാലഹരണപ്പെട്ട ഈ ആണുങ്ങൾ തന്നെയാണ് ഇപ്പോഴും നാം ജീവിക്കുന്ന ലോകം അധികാരപൂർവ്വം ഭരിച്ചുകൊണ്ടിരിക്കുന്നത് എന്നതാണ്. അതുതന്നെയാണ് പെണ്ണിന്റെ എഴുത്തിന്റെയും പ്രസിദ്ധപ്പെടലിന്റെയും ഏറ്റവും മുഖ്യമായ പ്രസക്തി.

പക്ഷേ എവിടെയായിരുന്നു പെണ്ണിന്റെ എഴുത്ത് മറഞ്ഞിരുന്നത്? എങ്ങനെയാണ് വീടിന്റെ ചുമരുകളെ ഭേദിച്ചു പുറത്തുവരുന്നത്?

കൊണ്ടാടപ്പെട്ട സാംസ്കാരിക "പൈതൃക''ങ്ങളോടു കലഹിച്ചുകൊണ്ടു മാത്രമേ ഒരുവൾക്കു എഴുത്തിലെന്നല്ല എവിടെയും പ്രത്യക്ഷയാകാൻ സാധിക്കുകയുള്ളൂ. അപ്പോളവൾ തന്നെത്തന്നെ കുഴിച്ചുതുടങ്ങും. അങ്ങനെ തന്നിലേക്കാണ്ടിറങ്ങി സ്വന്തം പാരമ്പര്യത്തെ കണ്ടെടുക്കുകയും വീണ്ടെടുക്കുയും ചെയ്യുന്നു. അതിനവൾക്ക് ഒരിടം വേണം. സ്വയം അധികാരിയായ ഒന്ന്. അവിടെ ഒന്നെന്നതിന് കേവലം സംഖ്യാപരമായ ഒന്ന് എന്നല്ല അർത്ഥം.  പലതും ചേർന്നാണ് ആ 'ഒന്ന്'

കൊണ്ടാടപ്പെട്ട സാംസ്കാരിക "പൈതൃക" ങ്ങളോടു കലഹിച്ചുകൊണ്ടു മാത്രമേ ഒരുവൾക്കു എഴുത്തിലെന്നല്ല എവിടെയും പ്രത്യക്ഷയാകാൻ സാധിക്കുകയുള്ളൂ. അപ്പോളവൾ തന്നെത്തന്നെ കുഴിച്ചുതുടങ്ങും. അങ്ങനെ തന്നിലേക്കാണ്ടിറങ്ങി സ്വന്തം പാരമ്പര്യത്തെ കണ്ടെടുക്കുകയും വീണ്ടെടുക്കുയും ചെയ്യുന്നു. അതിനവൾക്ക് ഒരിടം വേണം. സ്വയം അധികാരിയായ ഒന്ന്. അവിടെ ഒന്നെന്നതിന് കേവലം സംഖ്യാപരമായ ഒന്ന് എന്നല്ല അർത്ഥം.  പലതുചേർന്നാണ് ആ 'ഒന്ന്' രൂപപ്പെടുന്നത്. അങ്ങനെയുള്ള 'ഒന്നി'നെ രൂപപ്പെടുത്തുന്ന പലതിൽ ഒന്നാണ് പെണ്ണിന് സ്ത്രീമാസിക. അതായത് സ്ത്രീമാസികയെന്നാൽ കുറേ കടലാസും അവയിലച്ചടിച്ച അക്ഷരങ്ങളുമല്ല എന്നർത്ഥം.

രൂപപ്പെടുന്നത്. അങ്ങനെയുള്ള 'ഒന്നി'നെ രൂപപ്പെടുത്തുന്ന പലതിൽ ഒന്നാണ് പെണ്ണിന് സ്ത്രീമാസിക. അതായത് സ്ത്രീമാസികയെന്നാൽ കുറേ കടലാസും അവയിലച്ചടിച്ച അക്ഷരങ്ങളുമല്ല എന്നർത്ഥം.

മലയാളത്തിലും സ്ത്രീമാസികകൾക്ക് സമ്പുഷ്ടമായ ഒരു പാരമ്പര്യവും ചരിത്രവുമുണ്ടെന്നത് പ്രത്യേകം ഓർമ്മിക്കേണ്ടിയിരിക്കുന്നു.

പുരുഷന്മാർ ഇംഗ്ലീഷ് വിദ്യാഭ്യാസം ആർജ്ജിച്ചതോടെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെപ്പറ്റിയുള്ള ചർച്ചകൾ ആരംഭിച്ചു. ആണുങ്ങളിൽ ഒരു വിഭാഗം എന്തുവിലകൊടുത്തും പെണ്ണുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്ന് വാദിച്ചു. കാരണം മക്കളെ പെറുകയും കൂടെ ജീവിക്കുകയും ചെയ്യുന്ന പെണ്ണ് തങ്ങൾക്കൊത്ത പരിഷ്ക്കാരം ഉള്ളവരായിരിക്കണമെന്നവർ ആഗ്രഹിച്ചു. നവോത്ഥാന പരിഷ്കരണ പ്രസ്ഥാനങ്ങളുടെ സാധ്യതയും പരിമിതിയും ആണങ്ങളുടെ ഈ നിലപാടായിരുന്നു. വിദ്യാസമ്പന്നരും പരിഷ്കാരികളും ഇംഗ്ലീഷ് മട്ടുകൾ ആവർത്തിക്കുന്നവരുമായി മാറിയ പുരുഷന്മാരോടൊപ്പം ജീവിക്കേണ്ടവർ അക്ഷരാഭ്യാസമില്ലാത്തവരും ഇംഗ്ലീഷ് മട്ടുകൾ അറിയാത്തവരും പ്രാകൃതരുമായ സ്ത്രീകളല്ലെന്ന വിശ്വാസം പ്രബലമായി. പുറമെ പെരുമാറാനറിയാവുന്ന പെണ്ണുങ്ങൾ ആകർഷണീയകളായി മാറിയ കാലമായിരുന്നു അത്. അവർ ഒരേ സമയം വിശ്വസ്തയായ കുടുംബിനിയുമായിരിക്കും. അത്തരത്തിലുള്ള ഗൃഹണികളെ വാർത്തെടുക്കൽ പ്രക്യയ പല വിധത്തിൽ ആരംഭിച്ചു. സാംസ്കാരികവും വിദ്യാഭ്യാസപരവുമായി സ്ത്രീകളെ

പുരുഷന്മാർ മാത്രമല്ല സ്ത്രീകളും പരിഷ്കരിക്കപ്പെടാൻ അർഹരാണെന്നുള്ള നവോത്ഥാനജനാധിപത്യ ബോധത്തിന്റെയും ഉത്കർഷേച്ഛയുടെയും പ്രത്യക്ഷീകരണമായിരുന്നു 'കേരളീയസുഗുണബോധിനി' എന്ന പേരിൽ ആദ്യമുണ്ടായ സ്ത്രീമാസിക. ഒരു ദശകത്തിനുള്ളിൽ തന്നെ 'വിദ്യാവിനോദിനി' പോലുള്ള പൊതു (സ്ത്രീകളുടേത് എന്ന് പ്രത്യേകം വിശേഷിപ്പിക്കപ്പെടാത്തത് എന്നർത്ഥത്തിൽ) പ്രസിദ്ധീകരണങ്ങളിൽ സ്ത്രീകൾ സ്വന്തം പേരിൽ എഴുതിത്തുടങ്ങി എന്നത് ഇതോടൊപ്പം തന്നെ ചരിത്രപരമായി അടയാളപ്പെടേണ്ടതാണ്.

"ഉയർത്താൻ" പുരുഷന്റെ മേൽക്കയ്യിൽ നടന്ന സംരംഭങ്ങളിലൊന്നായിരുന്നു ആദ്യഘട്ടത്തിലെ സ്ത്രീപ്രസിദ്ധീകരണങ്ങൾ. മാധവന്മാർക്കായി ഇന്ദുലേഖമാരെ മെനഞ്ഞെടുക്കുന്ന സോദ്ദേശ്യപ്രക്രിയയായിരുന്നു അത്. ആണ് പുരുഷനും ജെന്റിൽമാനുമായി മാറിയപ്പോൾ സ്വാഭാവികമായും പെണ്ണിനെ സ്ത്രീയും ലേഡിയുമാക്കി മാറ്റാനുള്ള ത്വരയായിരുന്നു ഇതിനു പിന്നിൽ.

ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ പുരുഷന്മാർ പ്രസാധനം ചെയ്ത 'കേരളീയസുഗുണബോധിനി' (1887) ആയിരുന്നു സ്ത്രീകൾക്കുവേണ്ടി ആദ്യമായി മലയാളത്തിലുണ്ടായ പ്രസിദ്ധീകരണം.

ഇന്ന് നമുക്ക് ഉറപ്പിച്ചുപറയാനാകും പൂർണ്ണമായ അർത്ഥത്തിൽ അതൊരു സ്ത്രീപ്രസിദ്ധീകരണമായിരുന്നില്ല എന്ന്. ഏറ്റവും പ്രധാന കാരണം പ്രസാധകന്മാരും പിന്തുണക്കാരും അഭ്യുധയ കാംക്ഷികളും പുരുഷന്മാരായിരുന്നുവെന്നത് തന്നെ. കേരള വർമ്മ വലിയകോയിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പരവൂർ കേശവനാശാൻ എന്നിവർ 'കേരളീയസുഗുണബോധിനി'യെ നയിച്ചവരിൽ പ്രധാനികളാണ്. സ്ത്രീകളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി പുരുഷന്മാർ നടത്തിയ ശ്രമമായിരുന്നു 'കേരളീയസുഗുണബോധിനി' എന്നർത്ഥം. ഇതേ ധാരയിൽ പിന്നീട് *ഭാഷാശാരദ, സുമംഗല, സംഘമിത്ര, മുസ്ലിംമഹിള, വനിതാരത്നം, വനിതാകുസുമം* എന്നിവയുണ്ടായി. ഏറെ പിൽക്കാലത്തുണ്ടായ *വനിത, ഗൃഹലക്ഷ്മി, മഹിളാചന്ദ്രിക* എന്നിങ്ങനെ കാക്കത്തൊള്ളായിരം പ്രസിദ്ധീകരണങ്ങളുടെ തുടക്കമായിരുന്നു ഇതെന്നു കാണാം, രൂപഭാവങ്ങളിലും ലക്ഷ്യമാർഗ്ഗങ്ങളിലും ഇവയ്ക്ക് തമ്മിൽ ഏറെ അന്തരമുണ്ടെങ്കിലും.

പുരുഷന്മാർ മാത്രമല്ല സ്ത്രീകളും പരിഷ്കരിക്കപ്പെടാൻ അർഹരാണെന്നുള്ള നവോത്ഥാനജനാധിപത്യ ബോധത്തിന്റെയും ഉത്കർഷേച്ഛയുടെയും പ്രത്യക്ഷീകരണമായിരുന്നു 'കേരളീയസുഗുണബോധിനി' എന്ന പേരിൽ ആദ്യമുണ്ടായ സ്ത്രീമാസിക. ഒരു ദശകത്തിനുള്ളിൽ തന്നെ 'വിദ്യാവിനോദിനി' പോലുള്ള പൊതു (സ്ത്രീകളുടേത് എന്ന്

പ്രത്യേകം വിശേഷിപ്പിക്കപ്പെടാത്തത് എന്നർത്ഥത്തിൽ) പ്രസിദ്ധീകരണങ്ങളിൽ സ്ത്രീകൾ സ്വന്തം പേരിൽ എഴുതുത്തുടങ്ങി എന്നത് ഇതോടൊപ്പം തന്നെ ചരിത്രപരമായി അടയാളപ്പെടേണ്ടതാണ്.

കൊണ്ടാടപ്പെട്ട പൈതൃകങ്ങൾ തങ്ങളിൽ നിന്നു പിടിച്ചെടുത്ത അക്ഷരശക്തിയെ സ്ത്രീകൾ കയ്യാളിത്തുടങ്ങിയ ഒരു കാലഘട്ടത്തിന്റെ കൂടി പ്രതികരണമായി വേണം കേരളസുഗുണബോധിനിക്കു ശേഷമുള്ള കാലത്തെ വരവുവെക്കാൻ. അതിനു മുമ്പുതന്നെ മനോരമത്തമ്പുരാട്ടിയും കുട്ടിക്കുഞ്ഞുതങ്കച്ചിയും ഇരുമന കല്യാണിഅമ്മയും അമ്പാദേവിത്തമ്പുരാട്ടിയും കല്യാണിക്കുട്ടി അമ്മച്ചിയും ഇക്കു അമ്മത്തമ്പുരാനും എഴുതിയും വായിച്ചും സ്വന്തം പ്രാഗത്ഭ്യം ഉദ്ഘോഷിച്ചിരുന്നു.

1889 ൽ പുറത്തിറങ്ങിയ ചന്തുമേനോന്റെ ഇന്ദുലേഖയിൽ നിന്നു വ്യത്യസ്തമായി 1891ൽ എഴുതപ്പെട്ട തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ 'സുഭദ്രാർജുനം' അക്കാലത്തെ പെണ്ണുങ്ങളുടെ ആത്മവിശ്വാസത്തെ കുറേയധികം മുമ്പോട്ടു കൊണ്ടുപോയതായി കാണാം. ഇതിനൊരുദാഹരണം മാത്രമാണ് എൻ.എ.അമ്മയുടെ 1897ലെ 'വിദ്യാവിനോദിനി' ലേഖനം. സ്ത്രീകൾക്ക് വിദ്യാഭ്യാസം ആവശ്യമില്ലെന്നും അവരെ രാജ്യകാര്യങ്ങൾക്കു നിയോഗിക്കുന്നത് ഉചിതമല്ലെന്നുമുള്ള പുരുഷവാദത്തോട് ധാർമ്മിക രോഷത്തോടെ അവർ പ്രതികരിച്ചു.

***'എലിസബത്ത് റാണി മുതലായി അന്നും ഇന്നും രാജ്യഭരണം കൂടി സ്ത്രീകൾ ചെയ്തുവരുന്ന കഥ കേൾക്കാഞ്ഞിട്ടായിരിക്കാം രാജ്യകാര്യങ്ങൾ നടത്തുന്നതിനായി ഒരിക്കലും സ്ത്രീകളെ നിയമിക്കുന്നത് വിഹിതമല്ലെന്ന് ഈ മനുഷ്യൻ പറയുന്നത്. രാജ്യകാര്യങ്ങൾ നടത്തുന്നതിൽ ഇംഗ്ലണ്ടിലെ എലിസബത്തിനെയും വിക്ടോറിയ മഹാരാജ്ഞിയെയും രണ്ടാമതാക്കത്തക്കവിധം രാജ്യഭാരം ചെയ്ത രാജാക്കന്മാരു കൂടി ഉണ്ടായിരുന്നില്ല എന്ന് പ്രസിദ്ധമാണ്.'***

(എൻ എ അമ്മ, വിദ്യാവിനോദിനി, 1073 ചിങ്ങം)

"വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സ്ത്രീകൾ തങ്ങളുടെ ഉപയോഗത്തിനായി ഒരു പ്രത്യേകമുറിയെ ഏർപ്പെടുത്തുന്നത് എത്രയും നന്നായിരിക്കും. ആ മുറി വിശാലവും ധാരാളം വായുസഞ്ചാരത്തിനു സൗകര്യമുള്ളതും ആയിരിക്കേണ്ടതു കൂടാതെ സദാ ശുചിയായി സൂക്ഷിക്കേണ്ടതുമാകുന്നു."

എൻ.എ.അമ്മക്ക് പാരമ്പര്യമായി കിട്ടിയ അടിസ്ഥാന ഊർജ്ജമാണിതെന്നറിയാൻ തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ പ്രസിദ്ധമായ ശ്ലോകം ഉപകരിക്കും.

***'മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീലയോ തേർതളിച്ചില്ലേ പണ്ടു സുഭദ്ര, പാരിതു ഭരിക്കുന്നില്ലേ, വിക്ടോറിയാമല്ലാക്ഷീമണികൾക്കു പാടവമിവക്കെല്ലാം ഭവിച്ചീടുകിൽ ചൊല്ലേറും കവിതകൾക്കുമാത്രമിവരാളല്ലെന്നു വന്നീടുമോ'***

(തോട്ടയ്ക്കാട്ട് ഇക്കാവമ്മ, സുഭദ്രാർജുനം)

എൻ.എ.അമ്മ ഇക്കാവമ്മയെ അനുകരിച്ചുവെന്നല്ല വിവക്ഷ. പുരുഷന്മാരുടേതിൽനിന്നു വ്യത്യസ്തമായി എഴുത്തിൽ രൂപപ്പെടുന്ന സ്ത്രീസാഹോദര്യവും എഴുത്തിന്റെ സ്ത്രീപാരമ്പര്യവുമാണ് ഇവിടെ അടയാളപ്പെട്ടിരിക്കുന്നതെന്നു ഞാൻ കരുതുന്നു. അക്കാലഘട്ടത്തിൽ ഒരാശയം വ്യത്യസ്തവ്യക്തികളുടെയും സാഹിത്യഗണങ്ങളുടെയും ആന്തരീകോർജ്ജമായി മാറിയതെങ്ങനെ എന്നതിനു ദാഹരണമാണിത്.

1903ലെ 'സുധർമ്മ'യിൽ പ്രത്യക്ഷപ്പെട്ട ജെ.കുഞ്ഞിലക്ഷ്മിയമ്മയുടെ 'കേരളീയ സ്ത്രീകൾക്കൊരുപദേശം' എന്ന ലേഖനമാകട്ടെ ഇവയെ ഏറെ മറികടക്കുന്നു. പരിഷ്കരണപരം എന്നതിനേക്കാൾ വിമോചനപരമായ ആശയമാണ് പ്രസ്തുതലേഖനത്തിലെ ഒരു ഭാഗം മുമ്പോട്ടു വെച്ചത്.

***'വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സ്ത്രീകൾ തങ്ങളുടെ ഉപയോഗത്തിനായി ഒരു പ്രത്യേകമുറിയെ ഏർപ്പെടുത്തുന്നത് എത്രയും നന്നായിരിക്കും. ആ മുറി വിശാലവും ധാരാളം വായുസഞ്ചാരത്തിനു സൗകര്യമുള്ളതും ആയിരിക്കേണ്ടതു കൂടാതെ സദാ ശുചിയായി സൂക്ഷിക്കേണ്ടതുമാകുന്നു.'***

(ജെ.കുഞ്ഞുലക്ഷ്മി, സുധർമ്മ 1903 മേടം)

1928ൽ ലോകത്തെ ഞെട്ടിച്ചുകൊണ്ടു പുറത്തുവന്ന സ്വന്തമായ ഒരു മുറി വാദത്തിനു മുമ്പെ മലയാളത്തിലുയർന്ന പെൺസ്വരമാണിത്. ജെ.കുഞ്ഞുലക്ഷ്മിയമ്മയ്ക്ക് ഇംഗ്ലീഷും വെർജിനിയ വുൾഫിന് മലയാളവും അറിയാമായിരുന്നുവോ എന്ന് എനിക്ക് അറിയില്ല. പക്ഷേ, പെണ്ണുങ്ങളുടെ അനുഭവങ്ങളുടെയും ആശയങ്ങളുടെയും

ഐക്യം ശ്രദ്ധേയമാണ്. ഇരുപതാംനൂറ്റാണ്ട് അടയാളപ്പെടുത്തേണ്ടുന്ന സാർവ്വലൗകികമായ സ്ത്രീസാഹോദര്യത്തിന്റെ (ഡിശ്ല്യമൈഹ ശെലെ്യ വീീറ) വിസ്ഫോടകമായ ആശയഭൂമികയാണിത് എന്ന് മാത്രം ആനുഷംഗികമായി സൂചിപ്പിക്കുന്നു.

ഇക്കാലത്തോടെ മലയാളത്തിലെ സ്ത്രീമാസികകൾ മറ്റൊരു സമാന്തരവഴിയും കൂടി വെട്ടിയെടുക്കുന്നുണ്ടായിരുന്നു. 1904ൽ പ്രസിദ്ധീകരണമാരംഭിച്ച 'ശാരദ'യാണ് അതിനു തുടക്കം കുറിച്ചത്. 'ശാരദ'യുടെ ഉടമസ്ഥൻ പുരുഷനായിരുന്നുവെങ്കിലും രക്ഷാധികാരികളും പ്രസാധകരും സ്ത്രീകൾ തന്നെയായിരുന്നു. ആ നിലയ്ക്ക് സ്ത്രീമാസികകളുടെ ചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് 'ശാരദ'. ആദ്യലക്കത്തിലെ ആദ്യലേഖനം തന്നെ സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചുള്ളതായിരുന്നു(പി.അമ്മുക്കുട്ടിയമ്മ). 'ശാരദ'യെ പിൻതുടർന്നുകൊണ്ട് സ്ത്രീകൾ പ്രസാധകരായ നിരവധി സ്ത്രീമാസികകൾ മലയാളത്തിലുണ്ടായി– *ലക്ഷ്മീഭായി, മഹിളാരത്നം, മഹിള, സഹോദരി, മഹിളാമന്ദിരം, മലയാളമാസിക, സ്ത്രീ, ശ്രീമതി* എന്നിങ്ങനെ. കേരളത്തിന്റെ പല ഭാഗത്തു നിന്നാണ് ഇവ പ്രസിദ്ധീകരിച്ചിരുന്നത്.

വിദ്യാഭ്യാസം, തൊഴിൽ, വസ്ത്രധാരണം, സ്വാതന്ത്ര്യസമരം, വ്യവസായം, ജാതി, മരുമക്കത്തായം, തറവാട്, സ്വാതന്ത്ര്യം, സമുദായ സേവനം, വായനശാലകൾ, നിയമം, സ്ത്രീധർമ്മം, പുരുഷധർമ്മം എന്നിങ്ങനെ അന്നത്തെ നിലയിൽ പുരോഗമനപരം എന്നു പറയാവുന്ന വിഷയങ്ങൾ പലതും സ്ത്രീകൾ കൈകാര്യം ചെയ്തു. തുറന്ന സംവാദങ്ങൾക്കാണ് ഈ സ്ത്രീപ്രസിദ്ധീകരണങ്ങളും എഴുത്തുകാരികളും തയ്യാറായത്. ഇവയിലൂടെ എഴുത്തുകാരികൾ പിടിച്ചെടുത്ത സാംസ്കാരിക ഇടവും വായനക്കാരികൾ ആരംഭിച്ച സാംസ്കാരിക നിലയും.

പരിഷ്കരണ കാലത്ത് പെണ്ണുങ്ങൾ സഞ്ചരിച്ച വിമോചന ദൂരത്തെ, അതെത്ര ചെറിയതോ ആകട്ടെ റദ്ദാക്കാൻ ഉതകുന്നവയായിരുന്നു സ്ത്രീകൾക്കു വേണ്ടിയെന്ന മട്ടിൽ പിന്നീടുണ്ടായ പ്രസിദ്ധീകരണങ്ങൾ. പുരുഷനെ സന്തോഷിപ്പിക്കുന്ന പാചകക്കാരിയും കിടപ്പറദാസിയും മാത്രമായി അവൾ സങ്കോചിക്കപ്പെട്ടു.

ഈ സ്ത്രീപ്രസിദ്ധീകരണങ്ങളിലൂടെ എഴുത്തിലേക്കും വായനയിലേക്കും എത്തിപ്പെട്ട പല സ്ത്രീകളുടെയും വിലാസമോ യഥാർത്ഥ പേരോ ഇന്നും നമുക്കറിയില്ല. 1930കളുടെ ഉത്തരാർദ്ധത്തോടെ ഈ മാസികകൾ നിലച്ചുപോയതിനു ശേഷം അവരിൽ പലരും എന്തെങ്കിലും എഴുതിയതിനു തെളിവില്ല. എന്നാൽ പൊതുവെ ജനാധിപത്യപരവും വിശേഷിച്ചു സ്ത്രീപക്ഷപരവുമായ സംവേദന ഭാവുകത്വശീലങ്ങൾ ഉള്ള ഒരു പൊതുമണ്ഡലനിർമ്മിതിക്ക് ഈ സ്ത്രീപ്രസിദ്ധീകരണങ്ങൾ നിമിത്തമായി. കാരണം അല്പായുസ്സുകളായിരുന്നുവെങ്കിലും അവ പൂർണ്ണമായും സ്ത്രീകളുടെ മാത്രം ഇടങ്ങളായിരുന്നു. അവിടെ പെണ്ണുങ്ങൾ സങ്കോചങ്ങളില്ലാതെ ആടിപ്പാടുകയും സംവദിക്കുകയും കലഹിക്കുകയും ചെയ്തു. അതെ അവളുമാർ കെട്ടുപൊട്ടിക്കുകതന്നെ ചെയ്യുമായിരുന്നു. ഇതിനോട് ഒരു പുരുഷാധിപത്യസമൂഹം എങ്ങനെയാണ് പ്രതികരിക്കുക? ഈ സ്ത്രീപ്രസിദ്ധീകരണങ്ങളുടെ അകാലവിയോഗങ്ങൾ അതു നമ്മെ ബോധ്യപ്പെടുത്തുന്നു. പരിഷ്കരണത്തിന്റെ പാതയിൽ നിന്ന് പെണ്ണുങ്ങൾ വിമോചനത്തിന്റെ ആകാശത്തിലേക്ക് പാറിത്തുടങ്ങിയതോടെ ആൺകാലം അവരുടെ ചിറകുകൾ അരിഞ്ഞു കളഞ്ഞു. ഏതെങ്കിലും ഒരു പുരുഷൻ ഒരു സ്ത്രീയോടു ചെയ്ത അത്യാചാരമായിരുന്നില്ല ഇത്. ആണധികാരപരമായ സ്ഥലകാലങ്ങൾ സ്വാഭാവികമായി പ്രതികരിക്കുകയായിരുന്നു.

ബുദ്ധിയുടെയും ഭാവനയുടെയും സ്വതന്ത്രജാലകങ്ങളിലൂടെ പെണ്ണുപോകുന്ന ദൂരത്തെ ആണധികാരം ഭയത്തോടെയാവും അറഞ്ഞിരിക്കുക. പെണ്ണാകട്ടെ ആർജ്ജിത സ്നേഹശീലങ്ങളാൽ പൊറുതികെട്ടവളായി. ഈ വൈകാരിക സമ്മർദ്ദത്തിനിടയിൽ അവളുടെ രാഷ്ട്രീയ–സംസ്ക്കാരഇടങ്ങൾ കൈവിട്ടുപോവുകയോ മാഞ്ഞുപോകുകയോ ചെയ്തിരിക്കാം. അതുകൊണ്ടാവാണം നവോത്ഥാനാനന്തര ആധുനികതയിൽ 'ശാരദ' പോലുള്ള സ്ത്രീപ്രസിദ്ധീകരണങ്ങൾക്ക് തുടർച്ചയില്ലാതെ പോയത്.

പരിഷ്കരണ കാലത്ത് പെണ്ണുങ്ങൾ സഞ്ചരിച്ച വിമോചനദൂരത്തെ, അതെത്ര ചെറിയതോ ആകട്ടെ റദ്ദാക്കാൻ ഉതകുന്നവയായിരുന്നു സ്ത്രീകൾക്കു വേണ്ടിയെന്ന മട്ടിൽ പിന്നീടുണ്ടായ പ്രസിദ്ധീകരണങ്ങൾ. പുരുഷനെ സന്തോഷിപ്പിക്കുന്ന പാചകക്കാരിയും കിടപ്പറദാസിയും

മാത്രമായി അവൾ സങ്കോചിക്കപ്പെട്ടു. ബിരുദധാരിണിയും ഉദ്യോഗസ്ഥയും പരിഷ്കൃതവസ്ത്രധാരണിയുമായി മാറിയ അവളിൽ നിന്ന് തുല്യനിലയിലുള്ള പൗരപദവിയും അതിൽനിന്നുണ്ടാകേണ്ട ആത്മവിശ്വാസവും ചോർത്തിക്കളയപ്പെട്ടിരുന്നു.

അരനൂറ്റാണ്ടിനു ശേഷമാണ് (1930കൾക്കു ശേഷം 1980കളിൽ) 'ശാരദധാര'യുടെ തുടർച്ചയെന്ന് പറയാവുന്ന ഒരു പ്രസിദ്ധീകരണം ഉണ്ടാവുന്നത്. പട്ടാമ്പി ഗവ.സംസ്കൃതം കോളേജിൽ സാറാ ജോസഫിന്റെ നേതൃത്വത്തിൽ നടന്ന മാനുഷി-മാനവി പ്രവർത്തനങ്ങളുടെ ഫലമായിട്ടായിരുന്നു അതേ പേരുകളുള്ള ('മാനുഷി' പിന്നീട് 'മാനവി' പ്രസിദ്ധീകരണങ്ങളുണ്ടായി.) സ്ത്രീകൾ തന്നെയായിരുന്നു ഉടമസ്ഥരും പ്രസാധകരും എഴുത്തുകാരും. ഒന്നോ രണ്ടോ ലക്കങ്ങൾക്കു ശേഷം അവയും നിലച്ചുപോയി. കാൽനൂറ്റാണ്ട് വീണ്ടും നിശബ്ദത. 'ഗാർഗി' പോലെ ഒറ്റപ്പെട്ട ശ്രമങ്ങളുണ്ടായി പക്ഷേ അവയൊക്കെയും ദുർബ്ബലവും അല്പായുസ്സുകളുമായി പോകുന്നതാണ് കണ്ടത്.

ഇക്കാലത്തോടെ പത്രപ്രവർത്തനരംഗത്ത് സംഭവിച്ച മാറ്റം അടയാളപ്പെടേണ്ടിയിരിക്കുന്നു. ഒരു യശോദടീച്ചർ മാത്രം ഉണ്ടായിരുന്ന കാലം അവസാനിച്ചു. ലീലമേനോനും മലീഹാരാഘവയ്യയും ആ വഴി നടന്നെത്തി. തുടർന്ന് അച്ചടിമാധ്യമരംഗത്തും ദൃശ്യമാധ്യമരംഗത്തും പ്രഗത്ഭരായ അനേകം സ്ത്രീകൾ ദൃശ്യരായി. പലതരം സ്ത്രീപ്രശ്നങ്ങൾ ഇവയിലൊക്കെ ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു.

ഇതിനിടയിൽ പുസ്തകപ്രസാധനരംഗത്തേക്കു കൂടി സ്ത്രീകൾ കടന്നുവന്നു. 2005


> എന്തിന് സ്ത്രീകൾ മാത്രം എഴുതുന്നു? ഇപ്പോൾ സ്ത്രീകൾക്ക് മാത്രമായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ അഥവാ സ്ത്രീകൾക്കനുകൂലമായി എഴുതുന്ന പുരുഷന്മാരുടെ രചനകൾ ഉൾക്കൊള്ളിക്കുന്നതിൽ എന്താണ് പ്രശ്നം? സ്ത്രീകൾ മാത്രം എഴുതുമ്പോൾ വിഭാഗീയമായി പോവില്ലേ... എന്നു തുടങ്ങി നിരവധി വിമർശനങ്ങൾ സംശയരൂപത്തിലും ഉപദേശഭാവത്തിലും ഉയർന്നുവരുന്നുണ്ട്.


'വിമൻസ് ഇംപ്രിന്റ്' എന്ന പെൺപ്രസാധകസംഘം 'ക്യാപ്റ്റൻ ലക്ഷ്മിയുടെ ഓർമ്മക്കുറിപ്പുകൾ' പുറത്തിറക്കി. തുടർന്ന് 'ജീവിതത്തിന്റെ അരങ്ങ്' (നിലമ്പൂർ ആയിശ), 'ആണരശുനാട്ടിലെ കാഴ്ച'കൾ (എഡിറ്റർ ജെ.ദേവിക, മിനി സുകുമാർ), 'മറിക്കാത്ത താളുകൾ' (മന്ദാകിനി) എന്നിവ കൂടി 'വിമൻസ് ഇംപ്രിന്റിൽ' നിന്ന് പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ഇപ്പോൾ ഈ കൂട്ടായ്മ അത്ര സജീവമാണെന്ന് പറയാനാകില്ലെങ്കിലും മലയാളപുസ്തകപ്രസാധനരംഗത്തുണ്ടായ ആദ്യസ്ത്രീസംരംഭമെന്ന നിലയിൽ വിമൻസ് ഇംപ്രിമെന്റിന് ചരിത്രപ്രാധാന്യമുണ്ട്. പുസ്തകപ്രസാധനരംഗത്തെ രണ്ടാമത്തെ പെൺകൂട്ടായ്മയായ 'സമത' 2010 മുതൽ പ്രവർത്തനനിരതമാണ്. ലളിത ലെനിൻ, ടി.എ.ഉഷാകുമാരി എന്നിവരുടെ മുൻകയ്യിലാണ് 'സമത' പ്രവർത്തിക്കുന്നത്. 'ലോകചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച വനിതാ പോരാളികളെ അടുത്തറിയുക, ക്രാന്തവത്ക്കരിക്കപ്പെട്ട സ്ത്രീസമരങ്ങളെയും മുന്നേറ്റങ്ങളെയും അടയാളപ്പെടുത്തുക, കീഴാളപക്ഷത്തു നിന്നും സാഹിത്യത്തെ പുനർവായിക്കുക, വാർദ്ധക്യകാല അവശതകളിൽ കഴിയുന്ന പഴയകാല പോരാളികളായ അമ്മമാർക്ക് സഹായം നൽകാൻ പെൻഷൻ പദ്ധതി ആവിഷ്കരിക്കുക' തുടങ്ങിയവയാണ് തങ്ങളുടെ ലക്ഷ്യങ്ങളെന്ന് സമത പറയുന്നു. ഇരുപതോളം പുസ്തകങ്ങൾ 'സമത' പുറത്തിറക്കി.

ഇതിന്റെ തുടർച്ചയിലാണ് '*സംഘടിത*' ചരിത്രപരമായി അടയാളപ്പെടേണ്ടത്. സംഘടിതയെന്ന സ്ത്രീമാസിക ആരംഭിച്ചിട്ട് അഞ്ചു വർഷമായി. മാനുഷിക്ക് ശേഷം സംഘടിതയിലെത്താൻ മലയാളം കാൽനൂറ്റാണ്ട് സഞ്ചരിക്കേണ്ടിവന്നു. സ്ത്രീകളുടെ ഉടമസ്ഥതയിൽ (കെ.അജിത) സ്ത്രീയുടെ പത്രാധിപത്യത്തിൽ (സാറാ ജോസഫ് ഇപ്പോൾ കെ.എം.ഷീബ) നടക്കുന്ന സ്ത്രീമാസികയാണിത്.

എന്തിന് സ്ത്രീകൾ മാത്രം എഴുതുന്നു? ഇപ്പോൾ സ്ത്രീകൾക്ക് മാത്രമായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ അഥവാ സ്ത്രീകൾക്കനുകൂലമായി എഴുതുന്ന പുരുഷന്മാരുടെ രചനകൾ ഉൾക്കൊള്ളിക്കുന്നതിൽ എന്താണ് പ്രശ്നം? സ്ത്രീകൾ മാത്രം എഴുതുമ്പോൾ വിഭാഗീയമായി പോവില്ലേ... എന്നു തുടങ്ങി നിരവധി വിമർശനങ്ങൾ സംശയരൂപത്തിലും ഉപദേശഭാവത്തിലും ഉയർന്നുവരുന്നുണ്ട്. തീർച്ചയായും ഇവയുടെ ഒക്കെ മറുപടിയാണ് ഒരു നൂറ്റാണ്ട് മുമ്പ് 'ശാരദ'

യിൽ പ്രത്യക്ഷപ്പെട്ട പ്രസ്താവന (തുടക്കത്തിൽ ഉദ്ധരിച്ച ഭാഗം). ആണധികാരവ്യവസ്ഥയിലെ സ്ഥലകാലരാശികൾ എങ്ങനെയാണ് പ്രവർത്തിക്കുകയെന്നറിയുന്നവർ ഇത്തരം ചോദ്യങ്ങൾ ചോദിക്കുകയോ അവയോട് സമരസപ്പെടുകയോ ചെയ്യുന്നില്ല. കാരണം ഈ ചോദ്യങ്ങൾ ഉയർന്നുവരുന്നത് ആണധികാരത്തിന്റെ അബോധപ്രതിരോധങ്ങളിൽ നിന്നാണ്. 'പൊതു' എന്ന വ്യവഹരിക്കപ്പെടുന്ന വാരികകളിലും മാസികകളിലും പുസ്തകശാലകളിലും എത്ര ഇടം സ്ത്രീകൾക്കുണ്ട് എന്നു സത്യസന്ധവും വസ്തുനിഷ്ഠവുമായി പരിശോധിക്കാവുന്നതാണ്. സങ്കോചരഹിതമായി ഇടപെടാൻ ഇപ്പറഞ്ഞ പൊതുഇടങ്ങൾ പെണ്ണിനെ അനുവദിക്കാറുണ്ടോ എന്നു നിഷ്പക്ഷമായി നിരീക്ഷിക്കുക.

ദളിതർക്കും അവശർക്കും പുറത്താക്കപ്പെട്ടവർക്കും വേണ്ടി സംസാരിക്കാൻ പെണ്ണിനുള്ള പൊതുഇടമായിട്ടാണ് '*സംഘടിത*' പോലുള്ള സ്ത്രീപ്രസിദ്ധീകരണങ്ങൾ ഇക്കാലത്തു നിലനിൽക്കേണ്ടത് എന്നു ഞാൻ കരുതുന്നു. പെണ്ണിന്റെ എഴുത്തുൾപ്പെടെയുള്ള ആവിഷ്കാരങ്ങളോട് മര്യാദയോടെയല്ല ഈ പോയകാലങ്ങൾ പെരുമാറുന്നതെന്നു നമുക്കറിയാം.

അക്ഷരം കൂട്ടിവായിച്ചു തുടങ്ങുന്ന ഏറ്റവും ഇളയവളായ വായനക്കാരിയും എഴുത്തുകാരിയുമുൾപ്പെടെ എല്ലാ പെണ്ണുങ്ങളും ഈ വിവേചനം അനുഭവിക്കുന്നുണ്ട്. അതുകൊണ്ടാണവൾ അതീതലോകങ്ങളിൽ സ്വന്തം ആവിഷ്കാരത്തിന്റെ ഇടം തേടുന്നത്. എല്ലാ പരിമിതികളോടെയും അവളെ ഉൾക്കൊള്ളുകയും വരവേൽക്കുകയും ചെയ്യുക എന്നതാണ് സ്ത്രീമാസിക എന്ന രീതിയിൽ സംഘടിതയുടെ ദൗത്യം. ഏറ്റവും പുറകിലുള്ളവളെയാണ് സംഘടിത നെഞ്ചേറ്റേണ്ടത്. കാരണം പുറകിലുള്ളവളെ കൂടുതൽ കൂടുതൽ പുറകിലാക്കിക്കൊണ്ടാണ് പൊതുപ്രസിദ്ധീകരണങ്ങൾ മുമ്പോട്ട് കുതിക്കുന്നത്. ആണധികാരത്തിന്റെ മഹാവിജയങ്ങളോടേറ്റുമുട്ടുവാനും ഒരു സ്ത്രീപ്രസിദ്ധീകരണത്തിനു സാധിക്കേണ്ടതുണ്ട്. പഴഞ്ചൻ, പരാജയം, ദൗർബല്യം, പരിഹാസ്യം എന്നൊക്കെയുള്ള വ്യവസ്ഥയുടെ പല്ലിളി പ്രതിരോധങ്ങളെ മറികടന്നു പോകാൻ അതു സജ്ജമാകണം. അതോടൊപ്പം പെണ്ണെഴുത്തിന്റെ മലയാളപാരമ്പര്യം ഉയർത്തിപ്പിടിക്കാവുന്ന രീതിയിൽ പുസ്തകപ്രസാധനരംഗത്തേക്കു കൂടി വികസിക്കാൻ സംഘടിത തയ്യാറാകേണ്ടതുണ്ട്. അഞ്ചാംവയസ്സ് അതിനുതക്ക നല്ല പ്രായമാണ്. ●

## സംഘടിതയെ കുറിച്ചുള്ള ചില പ്രതികരണങ്ങൾ



**എം.ഡി.രാധിക** (പ്രോവിഡൻസ് കോളേജ്, റിട്ട.അദ്ധ്യാപിക)
മലയാളി സ്ത്രീയുടെ വിമോചനപാതയിലെ ധീരമായ ഒരു കാൽവെയ്പാണ് അന്വേഷിയുടെ, അജിതയുടെ സംഘടിത. അതുനേരിടുന്ന വെല്ലുവിളികൾ നന്നായി അറിയാം. എങ്കിലും തുടർന്നുതന്നെപോവണം. എന്നുമാത്രമല്ല പുസ്കതപ്രസാധനരംഗത്തേക്കും അന്വേഷി കടന്നുവരണം എന്നൊരുസ്വപ്നവുമുണ്ട്. സംഘടിതയുടെ ഉള്ളടക്കത്തിൽ രാഷ്ട്രീയ പ്രസക്തിയോടൊപ്പം രചനാസൗന്ദര്യത്തിനും പ്രാധാന്യം കൊടുക്കാൻ ശ്രദ്ധിക്കുമല്ലോ.



**സേതുലക്ഷ്മി** (അക്കൗണ്ടന്റ് ജനറൽ ഓഫീസ് ജീവനക്കാരി)
വിവരവും സർഗാത്മകതയും പുരുഷന്റേതും, വിവരക്കേട് സ്ത്രീയുടേതുമാണെന്നുമുള്ള പുരാതനവും ആധുനികവും സങ്കുചിതവുമായ പുരുഷസങ്കൽപത്തിൽ സ്ത്രീകൾക്ക് ഒരാശ്വാസം. ഒരുപ്രചോദനം. നോവൽ, കഥ, നിരൂപണം, വിവർത്തനം, സംഗീതം, സിനിമ തുടങ്ങിയ എല്ലാമേഖലയിലും സ്ത്രീത്വത്തിന്റെ പ്രതിനിധാനം. അതേസമയം ലേഡീസ്കൂപ്പയിലൊതുങ്ങാതെ ഈ ഭൂമിയും ആകാശവും മുഴുവൻ തങ്ങളുടേതുകൂടിയാണെന്ന ഓർമ്മപ്പെടുത്തൽ. സ്ത്രീസർഗ്ഗാത്മകതയുടെ സംഘടിത ശക്തി.

**കവർസ്റ്റോറി**

**അഭിമുഖം**



# മാധ്യമരംഗത്തെ പെൺവഴികൾ

**ആയിഷാബി.പി,**
**ഹസീനകെ.പി.എ**

ദക്ഷിണേന്ത്യയിൽ ജേർണലിസത്തിൽ പി.എച്ച്.ഡി ലഭിച്ച ആദ്യ വനിതയാണ്

ഡോ. പി.ബി.ലൽക്കാർ. പത്രപ്രവർത്തനരംഗത്ത് സ്ത്രീകൾ കാലൂന്നിത്തുടങ്ങിയിട്ടില്ലാത്ത എഴുപതുകളുടെ തുടക്കത്തിൽ മാധ്യമരംഗത്തെത്തുകയും മുപ്പത്തൊന്നു വർഷത്തോളം മാതൃഭൂമിയിൽ എഡിറ്ററായി പ്രവർത്തിക്കുകയും ചെയ്തു. ഗൃഹലക്ഷ്മിയുടെ പ്രഥമ എഡിറ്ററായതുമുതൽ കേരളത്തിലെ ആദ്യകാല വനിതാമാസികകളെ കുറിച്ച് ഗവേഷണപ്രബന്ധം രചിച്ചതുവരെ അവർക്കൊരുപാട് അനുഭവങ്ങൾ പറയാനുണ്ട്. ജേർണലിസത്തിനു പുറമെ മലയാളസാഹിത്യത്തിലും ഡോക്ടറേറ്റ് നേടി. നിലവിൽ മലയാളസർവകലാശാലയിൽ പബ്ലിക്കേഷൻ വിഭാഗം മേധാവി. അവരുടെ നേട്ടങ്ങൾ മലയാളി സ്ത്രീകളെ സംബന്ധിച്ചിടത്തോളം അപൂർവ്വവും അഭിമാനകരവുമായ ഒന്നാണ്. അധ്യാപനത്തിന്റേയും എഴുത്തിന്റെയും മാധ്യമപ്രവർത്തനത്തിന്റേയും രംഗത്ത് പൊരുതുന്ന സ്ത്രീകൾക്ക് അവരുടെ ജീവിതം ഒരു മാതൃകയാണ്. അഞ്ചുവർഷം പൂർത്തിയാക്കുന്ന 'സംഘടിത' മാസികയ്ക്കുവേണ്ടി അവർ അനുവദിച്ച അഭിമുഖത്തിൽ നിന്ന്.

*കേരളത്തിലെ വനിതാമാസികകളെക്കുറിച്ച് ഒരു ഗവേഷണപ്രബന്ധം രചിക്കുകയും ഗൃഹലക്ഷ്മിയുടെ തുടക്കംമുതൽ ദീർഘകാലം എഡിറ്ററായിരിക്കുകയും ചെയ്ത വിശാലമായ അനുഭവങ്ങൾ താങ്കൾക്കുണ്ട്. സ്ത്രീകൾ അപൂർവ്വമായി മാത്രം ഇടപെട്ട പത്രപ്രവർത്തനമേഖലയിൽ എത്തിപ്പെടാനുണ്ടായ സാഹചര്യം ഒന്നു വിശദീകരിക്കാമോ?*

എന്റെ അച്ഛൻ ഒരു സ്വാതന്ത്ര്യസമരസേനാനിയായിരുന്നു. പെൺകുട്ടികൾക്ക് സ്വാതന്ത്ര്യം നൽകണമെന്ന ഒരു കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിന്റേത്. അതുകൊണ്ടുതന്നെ യാതൊരു വിലക്കുകളുമില്ലാതെ ആൺകുട്ടികളെപ്പോലെയാണ് ഞാൻ വളർന്നത്. സമൂഹം എൺപത് മൈൽ പിറകോട്ടുപോകുമ്പോൾ നമ്മൾ എണ്ണൂറുമൈൽ മുന്നോട്ടു നടക്കണമെന്നതായിരുന്നു അച്ഛന്റെ നിലപാട്. അദ്ദേഹം ധാരാളം എഴുതുമായിരുന്നു, പാലക്കാട്ടുനിന്നും 'ലൽക്കാർ' എന്ന പേരിൽ അദ്ദേഹം ഒരു ഹിന്ദി മാസിക നടത്തിയിരുന്നു. അങ്ങിനെയാണ് എനിക്ക് ഈ പേരിടുന്നത്. സത്യത്തിൽ അച്ഛനിൽ നിന്നാണ് പത്രപ്രവർത്തനത്തിലേക്കുള്ള ഒരു വഴി തുറക്കുന്നത്. വളരെ താൽപ്പര്യത്തോടെയാണ് ഞാൻ ഈ മേഖല തെരഞ്ഞെടുത്തത്. അന്നു ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടായിരുന്നെങ്കിലും പെൺസാന്നിധ്യം കുറവായിരുന്നു, അതിൽ തന്നെ ഒന്നോ രണ്ടോ സ്ത്രീകൾ മാത്രമാണ് പത്രസ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്നത്.

*എഴുത്തു മുതൽ പ്രസാധനം വരെ പുരുഷാധിപത്യം നിലനിൽക്കുന്ന പത്രപ്രവർത്തനമേഖലയിൽ അറിയപ്പെടുന്ന ഒരു വനിതാമാസികയുടെ എഡിറ്റർ എന്ന നിലയിൽ പ്രവർത്തിച്ചപ്പോഴുള്ള അനുഭവം?*

> ഉള്ളടക്കത്തെയോ അവതരണത്തെയോ സംബന്ധിച്ച് ഇങ്ങനെവേണം എന്ന യാതൊരു നിർബന്ധവും ഉണ്ടായിട്ടില്ല. അതേ സമയം നാലപ്പാടിനെയോ, വി.പി രാമചന്ദ്രനെയോ പോലുള്ള എഡിറ്റർമാർ പറഞ്ഞിരുന്നു ഞങ്ങളുടെ ബന്ധമോ സൗഹൃദമോ പറഞ്ഞുവന്നാൽ പോലും നിലവാരമില്ലാത്തതാണെങ്കിൽ കീറി ചവറ്റുകുട്ടയിലിട്ടോളൂ ആരും ചോദിക്കില്ല എന്ന്. ഒരു എഡിറ്റർ എന്ന നിലയിൽ കൊള്ളാനും തള്ളാനും എനിക്ക് പൂർണ്ണ സ്വാതന്ത്ര്യം തന്നിരുന്നു. വ്യക്തികളെയോ രാഷ്ട്രീയത്തെയോ അവിടെ പരിഗണിച്ചിരുന്നില്ല. എന്റെ പത്രപ്രവർത്തനകാലഘട്ടത്തിലുടനീളം അധികാരികളുടെ ഒരിടപെടലും ഉണ്ടായിട്ടില്ല. ദിനപ്പത്രത്തിന്റെ കാര്യത്തിലും അങ്ങിനെത്തന്നെയായിരുന്നു.

എന്നെ സംബന്ധിച്ച് എന്റെ ജോലിയിൽ പത്രാധിപരിൽ നിന്നോ പത്രസ്ഥാപനത്തിൽ നിന്നോ യാതൊരു തരത്തിലുമുള്ള ഇടപെടലുകളും ഉണ്ടായിട്ടില്ല. ഇടപെടലുകൾ എന്നത് പുറത്തുള്ള ഒരു സങ്കൽപ്പം മാത്രമാണ്. ഉള്ളടക്കത്തെയോ അവതരണത്തെയോ സംബന്ധിച്ച് ഇങ്ങനെവേണം എന്ന യാതൊരു നിർബന്ധവും ഉണ്ടായിട്ടില്ല. അതേ സമയം നാലപ്പാടിനെയോ, വി.പി. രാമചന്ദ്രനെയോ പോലുള്ള എഡിറ്റർമാർ പറഞ്ഞിരുന്നു ഞങ്ങളുടെ ബന്ധമോ സൗഹൃദമോ പറഞ്ഞുവന്നാൽ പോലും നിലവാരമില്ലാത്തതാണെങ്കിൽ കീറി ചവറ്റുകുട്ടയിലിട്ടോളൂ ആരും ചോദിക്കില്ല എന്ന്. ഒരു എഡിറ്റർ എന്ന നിലയിൽ കൊള്ളാനും തള്ളാനും എനിക്ക് പൂർണ്ണ സ്വാതന്ത്ര്യം തന്നിരുന്നു. വ്യക്തികളെയോ രാഷ്ട്രീയത്തെയോ അവിടെ പരിഗണിച്ചിരുന്നില്ല. എന്റെ പത്രപ്രവർത്തനകാലഘട്ടത്തിലുടനീളം അധികാരികളുടെ ഒരിടപെടലും ഉണ്ടായിട്ടില്ല. ദിനപ്പത്രത്തിന്റെ കാര്യത്തിലും അങ്ങിനെത്തന്നെയായിരുന്നു. മുപ്പത്തൊന്നുവർഷത്തെ അനുഭവത്തിൽ നിന്നാണ് ഞാനിത് പറയുന്നത്.

*പൊതുവിൽ സമൂഹത്തിലും എഴുത്തിലും സ്ത്രീകളെ മുന്നോട്ട് കൊണ്ടുവരുന്നതിൽ വനിതാമാസികകളുടെ സമീപനം എന്തായിരുന്നു? ഒരു എഡിറ്റർ എന്ന നിലയിൽ സവിശേഷമായി ഉണ്ടായ അനുഭവങ്ങൾ?*

എനിക്ക് വളരെ ആത്മസംതൃപ്തിയുണ്ട്. എഴുതാൻ താൽപ്പര്യമുള്ള നിരവധി പെൺകുട്ടികളെ മാസികയിലൂടെ മുന്നോട്ടുകൊണ്ടുവന്നിട്ടുണ്ട്. എന്തെങ്കിലും ഒരു സൃഷ്ടി കണ്ടാൽ ഞാനൊരിക്കലും എഴുത്തുകാരിയുടെ പേരോ മുഖമോ രാഷ്ട്രീയമോ നോക്കാറില്ലായിരുന്നു. അന്ന് എഴുതിത്തുടങ്ങിയ പലരും ഇന്ന് ദേശീയതലത്തിൽ വരെ ശ്രദ്ധിക്കപ്പെടുന്ന എഴുത്തുകാരികളായിത്തീർന്നിട്ടുണ്ട്. അറിയപ്പെടുന്ന പത്രപ്രവർത്തകരും അക്കൂട്ടത്തിലുണ്ട്.

*ഏതുതരം സ്ത്രീകർതൃത്വത്തെയാണ് ഓരോ കാലഘട്ടത്തിലെയും വനിതാ മാസികകൾ പിന്തുടർന്നത്? പൊതുവേ വനിതാ മാസികകൾ വീട്ടമ്മവൽക്കരണം എന്ന ആദർശസങ്കൽപ്പമാണ് പി*

*ന്തുടരുന്നത് എന്ന ഒരു വിമർശനമില്ലേ?*

ഉള്ളടക്കം പരമാവധി വൈവിധ്യവൽക്കരിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. വ്യക്തികളുമായുള്ള അഭിമുഖങ്ങൾ, ആരോഗ്യം, പാചകം, ശിശുപരിചരണം, സിനിമ, കായികം, സാഹിത്യപംക്തികൾ തുടങ്ങിയ വ്യത്യസ്തമേഖലകൾ കൈകാര്യം ചെയ്തിരുന്നു. പാചകമോ ശിശുപരിചരണമോ ഒരുക്കലും സ്ത്രീകളെ വീട്ടമ്മവൽക്കരിക്കുന്നില്ല. ഏതു പ്രായക്കാർക്കും സ്ത്രീപുരുഷഭേദമന്യേ ചെയ്യാവുന്ന ഒന്നാണ് പാചകം. സ്ത്രീകളെ വീട്ടമ്മയാക്കുന്ന നിലപാടിനോട് എനിക്ക് യോജിപ്പില്ല. കാരണം ജീവിതവിജയം നേടിയ ഒരുപാട് സ്ത്രീകളെ ഞാൻ കണ്ടിട്ടുണ്ട്, അവരെ പരിചയപ്പെടുത്തിയിട്ടുണ്ട്. വ്യക്തികളെ മഹത്വവൽക്കരിക്കാനല്ല കഠിനാദ്ധ്വാനികളായ സ്ത്രീകളുടെ ജീവിതപാഠം സാധാരണ സ്ത്രീകൾക്കൊരു പ്രചോദനമായിരിക്കും എന്ന നിലയിലാണ് ഞാൻ അത്തരം ഫീച്ചറുകൾ ചെയ്തത്. അക്കമ്മാചെറിയാൻ, അന്നാചാണ്ടി തുടങ്ങി പൊതുമണ്ഡലത്തിൽ സജീവമായി ഇടപെട്ടുകൊണ്ടിരുന്ന സ്ത്രീകൾ തന്നെ ഉദാഹരണം. വീടെന്ന തോടിനുള്ളിൽ നിന്ന് പുറത്തേക്ക് വരാനും തോടിനു പുറത്ത് വിശാലമായ ലോകമുണ്ടെന്നും സ്ത്രീകൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ടെന്നുമുള്ള ഒരു വിശാല കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് ഞാൻ പ്രവർത്തിച്ചിട്ടുള്ളത്.


ആയിഷാബി, ഹസീന എന്നിവർ ലൽക്കാറിനോടൊപ്പം

സ്ത്രീകളെ വീട്ടമ്മയാക്കുന്ന നിലപാടിനോട് എനിക്ക് യോജിപ്പില്ല. കാരണം ജീവിതവിജയം നേടിയ ഒരുപാട് സ്ത്രീകളെ ഞാൻ കണ്ടിട്ടുണ്ട്, അവരെ പരിചയപ്പെടുത്തിയിട്ടുണ്ട്. വ്യക്തികളെ മഹത്വവൽക്കരിക്കാനല്ല കഠിനാദ്ധ്വാനികളായ സ്ത്രീകളുടെ ജീവിതപാഠം സാധാരണ സ്ത്രീകൾക്കൊരു പ്രചോദനമായിരിക്കും എന്ന നിലയിലാണ് ഞാൻ അത്തരം ഫീച്ചറുകൾ ചെയ്തത്.

*ഭൂരിഭാഗം വരുന്ന സത്രീകളും സാമൂഹികവും ലിംഗപരവും തൊഴിൽപരവും സാമ്പത്തികവുമായി ഭദ്രതയില്ലാത്ത ചുറ്റുപാടുകളിലാണ് ജീവിക്കുന്നത്. അത്തരം സ്ത്രീകളെ അഭിസംബോധന ചെയ്യുന്നതിൽ വനിതാമാസികകൾ ഒരു പരാജയമല്ലേ? പ്രസാധനത്തിലും വായനയിലും ഒരുതരം വരേണ്യവൽക്കരണം നിലനിൽക്കുന്നില്ലേ?*

പത്രപ്രവർത്തനത്തെ പരമാവധി ജനകീയവൽക്കരിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എനിക്ക് മുമ്പേ വന്ന മാസികകൾ പൊതുവേ വളരെ ഫാഷൻഭ്രമമുള്ളതും കുറേക്കൂടി വരേണ്യവർഗ്ഗത്തെ ഉദ്ദേശിച്ചുള്ളതുമായിരുന്നു. അതു വേണ്ട എന്ന നിലപാടായിരുന്നു എനിക്ക്. ഞാൻ കൈകാര്യം ചെയ്ത കാലത്ത് മാസിക കുറെക്കൂടി സാധാരണക്കാരുടേതാക്കാൻ ശ്രമിച്ചിട്ടുണ്ട്. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഇടപെട്ടിരുന്ന സ്ത്രീകളെ ഞാൻ മാസികയിലൂടെ പരിചയപ്പെടുത്തിയിട്ടുണ്ട്. നഴ്സുമാർ, കൽപ്പണിക്കാർ, മീൻകച്ചവടക്കാർ, തുടങ്ങി അത്യധ്വാനികളായ സത്രീകർതൃത്വങ്ങളെ ഞാൻ പരിചയപ്പെടുത്തിയിട്ടുണ്ട്. അതിൽ ഒരു സ്ത്രീ മാത്രം എന്നോടു ചോദിച്ചു, “നിങ്ങൾ ഞങ്ങളുടെ ദുഃഖം വിറ്റ് പൈസയുണ്ടാക്കാൻ പോവുകയല്ലേ ഞങ്ങളോടുള്ള സ്നേഹംകൊണ്ടൊന്നുമല്ലല്ലോ” എന്ന്.

*സത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ (പഴയകാലത്ത് ഏറെക്കുറേ മാനസികതലത്തിലുള്ള ഗാർഹികാടിമത്തം, ലിംഗവിവേചനം) ഇന്ന് പെതുഇടങ്ങളിൽ (പ്രധാനമായും ലൈംഗികാക്രമ*

*ണങ്ങൾ) വ്യാപകമാണ്. ഇത്തരം വിഷയങ്ങളെ വനിതാമാസികകൾ എങ്ങിനെയാണ് കാണുന്നത്, അതിനെക്കുറിച്ചുള്ള താങ്കളുടെ നിലപാടെന്താണ്?*

ഒരുപക്ഷേ എന്റേതൊരു പഴഞ്ചൻ ചിന്താഗതിയായിരിക്കാം. സമൂഹത്തിൽ വന്ന മാറ്റമാണിത്. അച്ഛനമ്മമാർ കുട്ടികൾക്ക് പഴയതുപോലെ മൂല്യങ്ങൾ പകർന്നുകൊടുക്കാനോ ജീവിതമെന്തെന്നു മനസ്സിലാക്കിക്കൊടുക്കാനോ ശ്രമിക്കുന്നില്ല. സാമൂഹികാവബോധം കുറഞ്ഞുവന്നിട്ടുണ്ട്. അധ്യാപക വിദ്യാർത്ഥിബന്ധവും ഏതാണ്ടങ്ങിനെത്തന്നെയാണ്. വിദ്യാർത്ഥികൾക്ക് ജീവിതത്തിൽ പ്രചോദനമാകുന്ന അധ്യാപകർ ഇന്ന് കുറവാണ്. ഞാൻ സയൻസ് പഠിച്ച ഒരാളായിരുന്നു. ഭാഷാനിപുണരായ അധ്യാപകരെ കണ്ടിട്ടാണ് ഞാൻ ഭാഷയും സാഹിത്യവും പഠിക്കാൻ പ്രേരിതയാവുന്നത്. മൂല്യബോധം നഷ്ടപ്പെട്ടുപോകുന്നതുകൊണ്ടാണ് സ്ത്രീകളെക്കുറിച്ച് ബഹുമാനമുള്ള ഒരു കാഴ്ച്ചപ്പാടുണ്ടാക്കാൻ നമ്മുടെ കുടുംബവും സമൂഹവും പരാജയപ്പെടുന്നത്.

*ശരീരത്തെ കമ്പോളവൽക്കരിക്കുന്ന വിപണനതന്ത്രത്തെ പുനരുൽപ്പാദിപ്പിക്കുകയല്ലേ വനിതാമാസികകൾ ചെയ്യുന്നത്? വ്യവസ്ഥാപിത സ്ത്രീശരീരം എന്ന മാനദണ്ഡമാണോ മുഖ്യധാരാ സ്ത്രീമാസികകൾ പുലർത്തുന്നത്?*

തീർച്ചയായും വിപണി ഉള്ളടക്കത്തെ സ്വാധീനിക്കുന്നുണ്ട്. പരസ്യങ്ങൾ വിൽപ്പനയെ സംബന്ധിച്ച് പ്രധാനമാണ്. വനിതാമാസികകളിൽ ലഭിക്കുന്ന പരസ്യങ്ങൾ പ്രധാനമായും സൗന്ദര്യവർദ്ധക വസ്തുക്കൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ, തുടങ്ങിയവയൊക്കെയായിരിക്കും. സൗന്ദര്യവർദ്ധകവസ്തു ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്നൊന്നും അതിൽ എഴുതാൻ കഴിയില്ല. അത് പരസ്യത്തെ ബാധിക്കും. വിൽപ്പനയെയും വിപണിയെയും ബാധിക്കും. പക്ഷെ ഒരു പരിധിവരെ പരസ്യങ്ങൾക്കതീതമായി ഉള്ളടക്കം മെച്ചപ്പെടുത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

നല്ല ഭംഗിയുള്ള സ്ത്രീകളുടെ മുഖചിത്രമല്ലെങ്കിൽ അന്ന് ഞങ്ങൾക്കത് പ്രശ്നമായിരുന്നു. സർക്കുലേഷനെ അത് വല്ലാതെ സ്വാധീനിച്ചിരുന്നു. മാസികയുടെ 10-ാം വാർഷികത്തിന് ഞാൻ എഡിറ്ററായിരിക്കുന്ന സമയത്താണ് ആദ്യമായി ആണിന്റെ മുഖചിത്രം പ്രസിദ്ധീകരിക്കുന്നത്. ഇന്ന് ഏറെക്കുറെ ആ പ്രവണത മാറിയിട്ടുണ്ട്. അച്ചടിയിലെയും രൂപകൽപ്പനയിലെയും സാങ്കേതികത പുരോഗമിച്ചതോടെ മുഖചിത്രം എന്നത് അപ്രധാനമാണ്. ഒരുദാഹരണത്തിന് 'ഫെമിന'യുടെ സുവർണ്ണജൂബിലിപ്പതിപ്പിന് മുഖചിത്രമില്ലായിരുന്നല്ലോ. നമ്മുടെ വീക്ഷണം മാറുന്നു, ചിന്താഗതികൾ മാറുന്നു. സ്ത്രീശരീരകേന്ദ്രിതമായ ഒരു നോട്ടത്തിന് മാറ്റം വന്നിട്ടുണ്ട്.

*കാലികമായി വനിതാമാസികകളിൽ വന്നുചേർന്നിട്ടുള്ള ഭാവുകത്വപരിണാമത്തെക്കുറിച്ച് പറയാമോ?*

ആദ്യത്തെ സ്ത്രീ മാസിക 'കേരളീയ സുഗുണബോധിനി' ഒരു പതിപ്പേ ഞാൻ കണ്ടിട്ടുള്ളു. ആ കാലത്ത് സ്ത്രീകൾ മാത്രമായി നടത്തിയ മാസികകളുണ്ടായിരുന്നു. ബി. കല്ല്യാണിക്കുട്ടിയമ്മയെപ്പോലുള്ളവർ. ഉള്ളടക്കത്തെ സംബന്ധിച്ചാണെങ്കിൽ ആദ്യകാല മാസികകളിൽ പരസ്യം തീരെ ഇല്ലായിരുന്നു. ഉപദേശരൂപേണയുള്ള ലേഖനങ്ങളായിരുന്നു അധികവുമുണ്ടായിരുന്നത്. ഒരു ലേഖനം അവസാനിക്കുന്നിടത്ത് പുതിയൊരു കാര്യം അവതരിപ്പിച്ചുകൊണ്ട് മറ്റൊരു ലേഖനം തുടങ്ങുന്ന ഒരു രീതിയിലായിരുന്നു. പിൽക്കാലത്ത് പരസ്യങ്ങൾ വരാൻ തുടങ്ങി. മിക്കവാറും മരുന്നുകളെപ്പറ്റിയുള്ള പരസ്യങ്ങളായിരുന്നു. ചുമ, വയറുവേദനതുടങ്ങിയ അസുഖങ്ങൾക്കുള്ള മരുന്നുകളുടെ പരസ്യങ്ങൾ കാണാൻ തുടങ്ങി. രൂപകൽപ്പന, അച്ചടി, മുഖചിത്രം തുടങ്ങിയവയ്ക്കൊക്കെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മാസികകൾ പുറത്തുവരാൻ തുടങ്ങിയത് 60 കൾക്കു ശേഷമാണ്. ചെലവൂർ വേണുവിന്റെ 'രൂപകല' വന്നതിനു ശേഷമാണ് കളർചിത്രങ്ങൾ, മുഖചിത്രങ്ങളൊക്കെയായി വന്നത്. 1975 കൾക്കു ശേഷം മുഖ്യധാരാ

സ്വതവേ പറയാറുള്ളത് സ്ത്രീകൾക്ക് നർമ്മം കുറവാണെന്നാണ്. രണ്ടു മൂന്നുപേർ വരച്ചിരുന്നതായി അറിയാം. ഒരു പക്ഷെ, പ്രശസ്തിയെക്കുറിച്ചുള്ള അമിതമായ ശ്രദ്ധയാവാം കവിതയിലോ, കഥയിലോ ഉള്ളത്ര പ്രാതിനിധ്യം കാർട്ടൂണില്ലാത്തതിന്റെ കാരണം. അപൂർവ്വമായി മാത്രമാണ് സ്ത്രീകൾ കാർട്ടൂൺ വരച്ചിട്ടുള്ളത്. സ്ത്രീകളുണ്ടാവാം. കേരളത്തിലില്ലെന്നതു പോട്ടെ, ഇന്ത്യയിൽ അറിയപ്പെടുന്ന ഒരു പെൺകാർട്ടൂണിസ്റ്റിനെപറയാൻ പറഞ്ഞാൽ പറയാനില്ലല്ലോ. സ്ത്രീകളെ കൊച്ചമ്മകളായി ചിത്രീകരിക്കുന്ന കാർട്ടൂണുകൾ ഇപ്പോഴുമുണ്ട്.

വനിതാ പ്രസിദ്ധീകരണങ്ങൾ ധാരാളമായുണ്ടായി.

*സാഹിത്യം, കല, രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളെ ആദ്യകാലവനിതാമാസികകൾ മുതൽ എങ്ങനെയാണ് പരിചരിച്ചുപോന്നിട്ടുള്ളത്?*

രാഷ്ട്രീയം ആദ്യകാലത്തൊക്കെ കുറവായിരുന്നു. കുറച്ചുകാലം കഴിഞ്ഞ് കലകാരന്മാരെ പരിചയപ്പെടുത്തുന്ന ചെറിയ പംക്തികൾ തുടങ്ങി. എന്റെ കാലത്ത് സാഹിത്യത്തിനും കലയ്ക്കും വലിയ പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഇപ്പോഴത്തെ മുഖ്യധാരാ വനിതാമാസികകളിൽ സാഹിത്യപ്രാധാന്യം കുറച്ചു കുറവു തന്നെയാണ്.

സ്ഥിരമായി ഷീ ടാക്സിയിൽ യാത്രചെയ്യുന്ന ഒരാളാണ് ഞാൻ. സ്വന്തം കിടപ്പാടം പണയം വെച്ചാണ് അവർ കാറു വാങ്ങിയത്. പക്ഷെ, ജീവിച്ചു പോകാനുള്ള സാഹചര്യം അവർക്കതിൽനിന്ന് കിട്ടുന്നില്ല. അത്തരത്തിൽ സാമ്പത്തികമായ ചൂഷണങ്ങൾ സ്ത്രീകൾക്കു നേരെയുണ്ടുതാനും. സോഷ്യൽ മീഡിയായിൽ ഇന്ന് സ്ത്രീകൾ സജീവമാണ്. ആവിഷ്കാരത്തിനും പ്രതികരണത്തിനും കൂടുതൽ സാധ്യതകൾ അതിലുണ്ട്. മറ്റൊരു തരത്തിലുള്ള ഭാവുകത്വപരിസരമാണ് അതിനകത്തുള്ളത്.

*സ്ത്രീകൾ കാർട്ടൂൺ വരച്ചിരുന്നോ? കാർട്ടൂൺ എന്നത് പൊതുവേ പുരുഷന്റെ നോട്ടവും, അധികാരനിലയുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു രാഷ്ട്രീയപ്രയോഗമാണ്. സ്ത്രീകളെ കളിയാക്കിക്കൊണ്ടുള്ള 'കൊച്ചമ്മക്കാർട്ടൂണുകൾ' ആയിരുന്നില്ലേ മാസികകളിലുണ്ടായിരുന്നത്? ഇത് പ്രതിലോമകരമാണെന്നു തോന്നിയിട്ടില്ലേ?*

സ്വതവേ പറയാറുള്ളത് സ്ത്രീകൾക്ക് നർമ്മം കുറവാണെന്നാണ്. രണ്ടു മൂന്നുപേർ വരച്ചിരുന്നതായി അറിയാം. ഒരു പക്ഷെ, പ്രശസ്തിയെക്കുറിച്ചുള്ള അമിതമായ ശ്രദ്ധയാവാം കവിതയിലോ, കഥയിലോ ഉള്ളത്ര പ്രാതിനിധ്യം കാർട്ടൂണിനില്ലാത്തതിന്റെ കാരണം. അപൂർവ്വമായി മാത്രമാണ് സ്ത്രീകൾ കാർട്ടൂൺ വരച്ചിട്ടുള്ളത്. സ്ത്രീകളുണ്ടാവാം. കേരളത്തിലില്ലെന്നതു പോട്ടെ, ഇന്ത്യയിൽ അറിയപ്പെടുന്ന ഒരു പെൺകാർട്ടൂണിസ്റ്റിനെപറയാൻ പറഞ്ഞാൽ പറയാനില്ലല്ലോ. സ്ത്രീകളെ കൊച്ചമ്മകളായി ചിത്രീകരിക്കുന്ന കാർട്ടൂണുകൾ ഇപ്പോഴുമുണ്ട്.

*സമൂഹമാധ്യമങ്ങളിലും, പൊതുഇടങ്ങളിലും, ജനകീയ സമരങ്ങളിലും സ്ത്രീകൾ സജീവമായ സാന്നിധ്യമാണ്. ഇന്നത്തെ സ്ത്രീയവസ്ഥയെക്കുറിച്ച് എന്താണ് പറയാനുള്ളത്?*

ഞാൻ എന്റെ ഗവേഷണകാലഘട്ടവും ഇന്നത്തെ കാലഘട്ടവുമായി വെറുതെ തട്ടിച്ചുനോക്കാറുണ്ട്. അന്ന് ട്രെയിൻയാത്രയ്ക്കിടെ എനിക്ക് ധാരാളം എഴുതാനും വായിക്കാനും കഴിഞ്ഞിരുന്നു. ഇന്ന് ട്രെയിനിൽ കാലുകുത്താനിടമില്ല. സ്ത്രീകൾക്ക് ഒരുപാട് സാഹചര്യങ്ങളുണ്ട്. സൗകര്യങ്ങളുമുണ്ട് പൊതുഗതാഗതം തന്നെ അതിനൊരുദാഹരണമാണ്. ഞാൻ ജോലിക്കു ചേരുന്ന സമയത്ത് പത്രപ്രവർത്തനത്തിലും ഇതര മാധ്യമങ്ങളിലുമായി 4.6% മാത്രമായിരുന്നു സ്ത്രീ പങ്കാളിത്തം. ഞാൻ വിരമിക്കുന്ന സമയമായപ്പോഴേക്കും സ്ഥിതി മാറി. ഇപ്പോൾ ദൃശ്യമാധ്യമങ്ങൾ കൂടി വന്നതോടെ സ്ത്രീ സാന്നിധ്യം വർദ്ധിച്ചിട്ടുണ്ട്. ശാസ്ത്രസാങ്കേതികഗവേഷണ രംഗങ്ങളിലും ഇതു തന്നെയാണ് സ്ഥിതി.

സ്ഥിരമായി ഷീ ടാക്സിയിൽ യാത്രചെയ്യുന്ന ഒരാളാണ് ഞാൻ. സ്വന്തം കിടപ്പാടം പണയം വെച്ചാണ് അവർ കാറു വാങ്ങിയത്. പക്ഷെ, ജീവിച്ചു പോകാനുള്ള സാഹചര്യം അവർക്കതിൽനിന്ന് കിട്ടുന്നില്ല. അത്തരത്തിൽ സാമ്പത്തികമായ ചൂഷണങ്ങൾ സ്ത്രീകൾക്കു നേരെയുണ്ടുതാനും. സോഷ്യൽ മീഡിയായിൽ ഇന്ന് സ്ത്രീകൾ സജീവമാണ്. ആവിഷ്കാരത്തിനും പ്രതികരണത്തിനും കൂടുതൽ സാധ്യതകൾ അതിലുണ്ട്. മറ്റൊരു തരത്തിലുള്ള ഭാവുകത്വപരിസരമാണ് അതിനകത്തുള്ളത്.

ഇന്ന് സ്ത്രീകൾ പൊതുരംഗത്തെത്തുന്നത് വാർത്തയല്ലാതായിക്കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കു മുന്നോട്ടുവരാനോ സമരം നയിക്കാനോ വൈമുഖ്യമില്ല. പെമ്പിളൈ ഒരുമ അവിടെ ജയിച്ചതു കണ്ടില്ലേ. രാഷ്ട്രീയക്കാർ മുതലെടുക്കുമ്പോൾ അവനവൻ തന്നെ ഒറ്റയ്ക്കിറങ്ങുന്നതാണ് നല്ലതെന്ന് സ്ത്രീകൾ മനസ്സിലാക്കിയിട്ടുണ്ട്.

*നവോത്ഥാനകാലത്ത് സ്ത്രീകൾ തന്നെ നടത്തിയിരുന്ന മാസികകൾ ധാരാളമായുണ്ടായിരുന്നു. ഇന്ന് അതിനു ധാരാളം സാധ്യതകളുണ്ട്. പക്ഷെ, അത്തരം സംരംഭങ്ങൾ ഇന്ന് കുറവാ*

*ണ്. എന്താണ് കാരണം?*

ഇങ്ങനെയൊരു കാര്യം കൈകാര്യം ചെയ്യാൻ സാഹസികതയുണ്ട്. പുതിയ തലമുറയ്ക്ക് എളുപ്പം ലാഭം നേടണമെന്ന ചിന്തയാണ്. ഈ മേഖലയിൽ നിക്ഷേപിക്കാൻ മടിയാണ്. വലിയൊരു നെറ്റ്‌വർക്ക് ആവശ്യമാണ്. പരസ്യങ്ങൾ, തൊഴിലാളികൾ, സാങ്കേതികത്വം തുടങ്ങിയവ നിലവിലെ സാഹചര്യത്തിൽ വെല്ലുവിളിയാണ്. സംഘാടനം, ഫണ്ടിംഗ് തുടങ്ങിയവയെല്ലാം പുതിയ കാലഘട്ടത്തിൽ പ്രധാനമാണ്. പണ്ട് സാമൂഹ്യപരിഷ്കരണത്തിന്റെ ഭാഗമായിരുന്നു പ്രസിദ്ധീകരണങ്ങളും മാധ്യമങ്ങളും. ഇന്ന് അതൊരു ബിസിനസായി മാറിയിട്ടുണ്ട്.

*ഉള്ളടക്കത്തിലും പരിചണത്തിലും 'ജനകീയത' മുന്നോട്ടുവെക്കുന്ന ഒരു ബദൽ സാധ്യമാണോ?*

ഒരു സുപ്രഭാതം വരുമെന്നു തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതത്ര പെട്ടെന്നൊന്നും വരില്ല. കാരണം നല്ല ബൗദ്ധികപ്രവർത്തനം ഇതിനാവശ്യമാണ്. അച്ചടി മുതൽ വിപണനം വരെ വളരെ അധ്വാനം ആവശ്യമാണ്. പണ്ട് മാസികകൾ വിറ്റുപോയിരുന്നതിനെസ്വാധീനിച്ചത് ബാഹ്യഘടകങ്ങൾ ആയിരുന്നു. ഇന്ന് ഉള്ളടക്കം തന്നെയാണ് വിപണനമൂല്യം നിർണ്ണയിക്കുന്നത്. സ്ത്രീകൾ, സ്ത്രീകൾക്കുവേണ്ടി, സ്ത്രീകൾമാത്രമായി കൂട്ടായ പ്രയത്നത്തിലൂടെ പ്രസിദ്ധീകരിക്കുന്ന സംഘടിത എന്ന മാസിക ഇന്ന് വളരെ പ്രസക്തമാണ്. ●

*കാലിക്കറ്റ് സർവ്വകലാശാല മലയാള വിഭാഗത്തിൽ പ്രൊഫ. ടി.പവിത്രന്റെയും, പ്രൊഫ. അനിൽ വള്ളത്തോളിന്റെയും മാർഗ്ഗനിർദ്ദേശത്തിൽ ഗവേഷണം നടത്തുകയാണ് യഥാക്രമം ആയിഷാബി.പി, ഹസീനകെ.പി.എ. എന്നിവർ.*

---

# ആദരാഞ്ജലികൾ



## മാർഗ്ഗി സതി

അതുല്യ നങ്യാർകൂത്ത് കലാകാരി മാർഗ്ഗി സതി അരങ്ങൊഴിഞ്ഞു. പതിനൊന്നാം വയസ്സിൽ കേരള കലാമണ്ഡലത്തിൽ അതിപ്രശസ്തരായ പൈങ്കുളം രാമചാക്യാർ, മാണിമാധവചാക്യാർ, അമ്മന്നൂർ മാധവചാക്യാർ എന്നിവരുടെ ശിക്ഷണത്തിലായിരുന്നു കലാഭ്യാസത്തിന്റെ തുടക്കം. 1988ൽ തിരുവനന്തപുരം 'മാർഗ്ഗി'യിൽ ചേരുകയും തന്റെ പ്രതിഭയെ അവിടെ വെച്ച് മിനുക്കിയെടുത്ത് ആസ്വാദകർക്ക് കാഴ്ചവെക്കുകയും ചെയ്തു. ഏകാംഗാഭിനയവും അഭിനയപാഠരചനകളും കാഴ്ചവെക്കുകയും ചെയ്തു.



## ഫാത്തിമ മെർനിസ്സി

ഇസ്ലാമിക സ്ത്രീവാദത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന മൊറോക്കൻ പണ്ഡിത ഫാത്തിമ മെർനിസ്സി അന്തരിച്ചു. 1940 ൽ ജനിച്ച അവർ 1975ൽ പ്രസിദ്ധീകരിച്ച 'ബിയോണ്ട് ദ വെയ്ൽ' എന്ന കൃതിയിലൂടെ ഇസ്ലാമിക വൃത്തങ്ങളിൽ വൻ ചലനങ്ങൾ സൃഷ്ടിച്ചു. അറബ് ലോകത്തിലെ സ്ത്രീകളുടെ യാഥാർത്ഥ്യങ്ങളും ഇസ്ലാംമതത്തിനകത്തുള്ള സ്ത്രീജീവിതങ്ങളും പുരുഷാധിപത്യത്തിനെതിരായ വെല്ലുവിളികളുമായിരുന്നു അവരുടെ രചനകളിലെ മുഖ്യപ്രമേയങ്ങൾ.

കവർസ്റ്റോറി



ടി.എ.ഉഷാകുമാരി

# സമത
## പ്രസാധനരംഗത്തെ പെൺകൂട്ടായ്മ

*ലോക ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച വനിതാ പോരാളികളെ പരിചയപ്പെടുത്തി, പ്രാന്തവൽക്കരിക്കപ്പെട്ട പെൺസമരങ്ങളെയും മുന്നേറ്റങ്ങളേയും അടയാളപ്പെടുത്തുക, കീഴാളപക്ഷത്തുനിന്നും സാഹിത്യത്തെ പുനർവായിക്കുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.*

തൃശ്ശൂർ കേന്ദ്രമായി 2010 നവംബർ 1 ന് രൂപീകരിക്കപ്പെട്ട പെൺകൂട്ടായമയാണ് സമത-എ കലക്ടീവ് ഫോർ ജൻഡർ ജസ്റ്റീസ്. പത്തുവർഷത്തെ സജീവവമായ കലാപ്രവർത്തനത്തിനുശേഷം നിശ്ശബ്ദമായിപ്പോയ സമതയുടെ (1987-97) തുടർച്ചയാണ് സമത എ കലക്ടീവ് ഫോർ ജൻഡർ ജസ്റ്റിസ്. പുസ്തകപ്രസാധന മേഖലയിലാണ് സമത കേന്ദ്രീകരിക്കുന്നത്. പ്രൊഫ.ലളിതാലെനിൻ(ചെയർപേഴ്സൺ)പ്രൊഫ.ടി.എ.ഉഷാകുമാരി (മാനേജിങ്ങ് ട്രസ്റ്റി)ആർ.പാർവ്വതി ദേവീ (വൈസ് ചെയർപേഴ്സൺ).എ.കൃഷ്ണകുമാരി (ജോ.മാനേജിങ്ങ് ട്രസ്റ്റി).ഡോ.എ.ജി.ഒലീന (ട്രഷറർ) എന്നിവരുൾപ്പെടെയുള്ള 29 അംഗ സമിതിയാണ് സമത. ഇതൊരു പബ്ളിക് ചാരിറ്റബ്ൾ ട്രസ്റ്റ് ആണ്.

ലോക ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച വനിതാ പോരാളികളെ പരിചയപ്പെടുത്തി, പ്രാന്തവൽക്കരിക്കപ്പെട്ട പെൺസമരങ്ങളെയും മുന്നേറ്റങ്ങളേയും അടയാളപ്പെടുത്തുക, കീഴാളപക്ഷത്തുനിന്നും സാഹിത്യത്തെ പുനർവായിക്കുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

പുസ്തവില്പനയിലൂടെ സമാഹരിക്കപ്പെടുന്ന തുകയിൽ ഒരു വിഹിതം രണ്ട് പെൻഷനുകൾക്കായി വിനിയോഗിക്കുന്നു. തൃശ്ശൂർ ജില്ലയിലെ മൂക്കാട്ടുകര-നല്ലങ്കര കർഷക സമരനായിക ഇറ്റ്യാനത്തിന് 2011 മുതൽ 1000 രൂപ പ്രതിമാസ പെൻഷനായി നല്കി വരുന്നു. 1948 ൽ സ്ത്രീകൾ രചനയും സംവിധാനവും നിർവ്വഹിക്കുകയും പുരുഷവേഷമുൾപ്പെടെ കെട്ടി അഭിനയിക്കുകയും ചെയ്ത 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന നാടകത്തിൽ അഭിനയിച്ച കാവുങ്കര ഭാർഗ്ഗവിക്ക് 2014 ആഗസ്റ്റ് മുതൽ 1000 രൂപയുടെ പ്രതിമാസ പെൻഷൻ നല്കുന്നു.

മലയാള സാഹിത്യചരിത്ര പഠനങ്ങളിൽ ഇടംകിട്ടാതെ പോയ എഴുത്തുകാരിയാണ് വസന്ത. കാർമേഘങ്ങൾക്കിടയിൽ ഒളിച്ച സൂര്യനെപ്പോലെ കാലം മറിച്ചുപിടിച്ച വസന്ത എന്ന എഴുത്തിലെ പെൺകരുത്തിനെ കൂടുതൽ തിളക്കത്തോടെ വായനക്കാരിലേക്ക് എത്തിക്കാൻ 'സമത' തീരുമാനിച്ചിട്ടുണ്ട്.

അടുത്തവർഷം മുതൽ (2016 -17) കേരളത്തിലെ കോളേജ് വിദ്യാർത്ഥികളിൽനിന്ന് കഥകൾ ക്ഷണിക്കാനും പുസ്തകമായി പ്രസിദ്ധീകരിക്കാനും 'സമത' തീരുമാനിച്ചിട്ടുണ്ട്. അതിൽ ജൂറിമാരാൽ തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും നല്ല കഥക്ക് 10,000(പതിനായിരം) രൂപ കേഷ് അവാർഡ് നല്കാനും തീരുമാനിച്ചിട്ടുണ്ട്. വസന്തകുമാരി പഠിച്ച പെരുന്താനി എൻ.എസ്.എസ്. കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, അധ്യാപികയായി ജോലി ചെയ്ത തിരുവനന്തപുരം ആർട്സ് കോളേജ്, തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജ്, തിരുവനന്തപുരം വിമൻസ് കോളേജ് എന്നിവടങ്ങളിൽ വെച്ചായിരുക്കും ആദ്യ വർഷങ്ങളിൽ വിവിധ സാസ്കാരിക പരിപാടികളോടെ വസന്തയുടെ പേരിൽ ഏർപ്പെടുത്തുന്ന അവാർഡ് നല്കുക.



# സംവരണത്തിൽനിന്ന് അവകാശത്തിലേക്ക്- അധികാരത്തിലേക്ക്

ദിൽഷാദ് വാളശ്ശേരി,
ഫാത്തിമ.ആർ.കെ

വികസനത്തിന്റെ ഉപഭോക്താക്കളാകാതെ ഉത്പാദകർ തന്നെയായിത്തീരണം സ്ത്രീകൾ. ഭരണത്തിലെ എല്ലാത്തരം പ്രശ്നങ്ങളിലും സ്ത്രീപക്ഷവീക്ഷണം ഏറ്റവും പ്രധാനമാണ്. പ്രകൃതിസംരക്ഷണവും, പാരിസ്ഥിതിക ഉൾക്കാഴ്ചയും ഉൾചേരുന്നതാകണം വികസന പ്രവർത്തനങ്ങൾ.

**സ്ത്രീകൾ** ഭരണാധികാരത്തിൽ വന്നാൽ - പഞ്ചായത്തു തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ 2010 ഒക്ടോബർ 15 ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ 'അന്വേഷി' സംഘടിപ്പിച്ച ചർച്ച ക്രിയാത്മകമായ സ്ത്രീപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളായ സാറാ ജോസഫ്, ജ്യോതി നാരായണൻ, ഡോ.പി.ഗീത, ഡോ. ഷേർളി വാസു, ഡോ. ഖദീജാമുംതാസ്, ഒ.ജെ.ചിന്നമ്മ, ഫൗസി ഷംസ് എന്നിവരോടൊപ്പം വ്യത്യസ്ത സാമൂഹിക മണ്ഡലങ്ങളിൽ നിന്നുള്ള പ്രതിനിധികളും ചർച്ചയിൽ പങ്കാളികളായി.

33% സ്ത്രീസംവരണത്തിൽ നിന്നും 50% പങ്കാളിത്തത്തിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലൂടെ കേരളരാഷ്ട്രീയരംഗം നടന്നുകയറുന്ന ചരിത്രപ്രധാന സാഹചര്യത്തിൽ ഏറ്റവും പ്രസക്തമായ ഈ ചർച്ചയിൽ അന്വേഷി പ്രസിഡണ്ട് ശ്രീമതി.കെ.അജിത സ്വാഗതം പറഞ്ഞു. ജ്യോതി നാരായണൻ വിഷയാവതരണം നടത്തി. സ്ത്രീകൾ അധികാരത്തിലെത്തുന്നതിനെ സമീപിക്കുന്നതിലുള്ള, വ്യക്തികളുടെയും സംഘടനകളുടെയും ആശങ്കകളെക്കുറിച്ചു സംസാരിച്ചു കൊണ്ടാണ് ജ്യോതി നാരായണൻ ചർച്ച തുടങ്ങിവെച്ചത്.

ഇന്നലെകളുടെ ആവർത്തനമല്ലാതെ, രാഷ്ട്രീയപാർട്ടികളുടെ ഇച്ഛകൾക്കൊത്തു തുള്ളാതെ, വികസന പ്രവർത്തനങ്ങളിൽ ശക്തമായ നിലപാടെടുക്കാനുള്ള പ്രാപ്തിയാണ് സ്ത്രീഭരണാധികാരികൾ പ്രകടിപ്പിക്കേണ്ടത്. ഒരു താല്ക്കാലിക പദ്ധതി മാത്രമായി വികസനത്തെ ചുരുക്കാതെ, കുടിവെള്ളം, പാർപ്പിടം, പ്രാഥമിക വിദ്യാഭ്യാസം, ഗതാഗതം, കാർഷികരംഗം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, മാലിന്യസംസ്കരണം, സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ നിയമനടത്തിപ്പ് തുടങ്ങിയ പ്രധാന വിഷയങ്ങളുമായി ബന്ധപ്പെട്ട് ദീർഘവീക്ഷണത്തോടെയുള്ള ഭരണം കാഴ്ചവെയ്ക്കാൻ സ്ത്രീപ്രതിനിധികൾക്കു കഴിയണം. സ്ത്രീ ഭരണാധികാരത്തിലെത്തുന്നതിനെ ആശങ്കയോടെ കാണുന്നത് കുടുംബത്തിനകത്ത് അവൾ കൈകാര്യം ചെയ്യുന്ന റോളുകളുമായി തട്ടിച്ചു നോക്കിയാണ്. അങ്ങേയറ്റം സ്ത്രീവിരുദ്ധമായ ഈ ആശങ്കകളെ അഭിമുഖീകരിക്കുന്ന സംവാദങ്ങളും, സാധാരണസ്ത്രീകൾക്ക് ഇടപെടാവുന്ന സ്വതന്ത്ര ഇടങ്ങളും ഏറ്റവും പ്രസന്നമായ രാഷ്ട്രീയപ്രതീക്ഷകളാക്കി ജ്യോതി നാരായണൻ മുന്നോട്ടുവെച്ചു.

തുടർന്നു പ്രൊഫ. സാറാ ജോസഫ് വികസനത്തെക്കുറിച്ചുള്ള



സ്ത്രീപക്ഷവീക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് സംസാരിച്ചത്. വികസനത്തിന്റെ ഉപഭോക്താക്കളാകാതെ ഉത്പാദകർ തന്നെയായി ത്തീരണം സ്ത്രീകൾ. ഭരണത്തിലെ എല്ലാത്തരം പ്രശ്നങ്ങളിലും സ്ത്രീപക്ഷവീക്ഷണം ഏറ്റവും പ്രധാനമാണ്. ഭക്ഷ്യസുരക്ഷിതത്വം, ശുദ്ധജലലഭ്യത, ജലാശയങ്ങളുടെയും, തണ്ണീർ ത്തടങ്ങളുടെയും സംരക്ഷണം എന്നിവ ഒഴിച്ചുകൂടാനാവാത്ത മാനുഷികപ്രശ്നങ്ങളായി എണ്ണപ്പെടേണ്ടതുണ്ട്. പ്രകൃതിസംരക്ഷണവും, പാരിസ്ഥിതിക ഉൾക്കാഴ്ചയും ഉൾച്ചേരുന്നതാകണം വികസന പ്രവർത്തനങ്ങൾ. തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളോട് ഇതു സംബന്ധിച്ച ആശങ്കകൾ പങ്കുവെക്കാനും കഴിയേണ്ടതുണ്ട്. വർഗീയത, മതതീവ്രവാദം, സ്ത്രീകളുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ എന്നിവയും അതീവപ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ട വിഷയങ്ങൾ തന്നെയാണ്. സ്ത്രീ ജീവിത പരിസരങ്ങളുമായി അഗാധതലങ്ങളിൽ ബന്ധപ്പെടുന്ന മതാനുഷ്ഠാനങ്ങൾ പ്രത്യേകം പരിഗണനാർഹമാണ്. പാർട്ടിയുടെ നയം നടപ്പാക്കുക എന്നതു മാത്രമല്ല സ്ത്രീപ്രതിനിധാനത്തിന്റെ ലക്ഷ്യം. മറിച്ച്, ഭരണരംഗവുമായി ബന്ധപ്പെട്ട സ്ത്രീപക്ഷ നയരൂപീകരണം ഏറ്റവും പ്രധാനമാണ്. കടുത്ത ഒരു ഉദാഹരണമായി മദ്യവ്യവസായത്തെയും പാർട്ടിനയങ്ങളെയും അതിലെ ഭരണകൂടത്തിന്റെ ലാഭക്കൊതിയെയും മനസ്സിലാക്കേണ്ടതുണ്ട്. അത് പ്രത്യക്ഷമായും പരോക്ഷമായും തല്ലിക്കെടുത്തുന്ന സ്ത്രീ ജീവിതങ്ങളെക്കുറിച്ചും.

അതിക്രമങ്ങൾക്കെതിരായ നിയമനിർമ്മാണത്തിലോ നിർവ്വഹണത്തിലോ സ്ത്രീകൾക്ക് യാതൊരു പങ്കുമില്ലാതിരുന്ന കാലത്തിൽ നിന്നും വ്യത്യസ്തമായി ഇത്തരം എല്ലാ പ്രവർത്തനങ്ങളിലും ഭാഗഭാക്കാകാനാവുന്ന രാഷ്ട്രീയമാറ്റത്തിന്റെ നാന്ദിയാണ് ഡോ. ഷേർളി വാസു 50% സ്ത്രീസംവരണത്തെ തന്റെ അനുഭവപാഠങ്ങളിലൂടെ വരവേറ്റത്. സ്ത്രീ കളുടെ അസ്വാഭാവിക മരണാനന്തര അന്വേഷണങ്ങളിൽപോലും പുരുഷതാല്പര്യങ്ങളും മൂല്യങ്ങളുമാണ് നീതി നടപ്പാക്കുന്നത്. സ്ത്രീജീവിതത്തെ അധികരിച്ചു വളരുന്ന പുരുഷമൂല്യങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. വർത്തമാന സ്ത്രീജീവിതസാഹചര്യങ്ങളുമായി അഭേദ്യമായി ബന്ധപ്പെടുന്ന സുരക്ഷിതമായ കുടിവെള്ളം, പാരിസ്ഥിതിക പ്രശ്നങ്ങൾ, വ്യക്തിജീവിതത്തിലെ പല തരത്തിലുള്ള കയ്യേറ്റശ്രമങ്ങൾ എന്നിവ പ്രശ്നവൽക്കരിക്കുന്നതിനും രാഷ്ട്രീയമായി ഇടപെടുന്നതിനും സ്ത്രീപ്രതിനിധികൾ ശാക്തീകരിക്കപ്പെടേണ്ടതുണ്ടെന്ന് ഡോ.ഷേർളി വാസു അഭിപ്രായപ്പെട്ടു.

ഡോ. പി.ഗീതയുടെ അഭിപ്രായത്തിൽ 50% പ്രാതിനിധ്യം രാഷ്ട്രീയ പാർട്ടികളുടെ അനുഭാവിയായതുകൊണ്ടല്ല സ്ത്രീയായതുകൊണ്ടു മാത്രം ലഭിച്ചതാണ്. അതുകൊണ്ടു തന്നെ അവർ അവരുടെ പദവി സ്ത്രീകൾക്കുവേണ്ടി ഉപയോഗിക്കേണ്ടതുണ്ട്. നിശ്ശബ്ദതക്കപ്പുറം ലിംഗപരമായ നീതിലഭ്യത ഉറപ്പുവരുത്തുകയും ആ അവബോധം സംവാദങ്ങളിലൂടെ സൃഷ്ടിക്കപ്പെടുകയും പരിശോധിക്കപ്പെടുകയും വേണം. സ്ത്രീപക്ഷപ്രസ്ഥാനങ്ങളുടെ നിരന്തരമായ ഇടപെടലുകളിലൂടെ സാധ്യമായ ഈ പ്രാതിനിധ്യം കൂടുതൽ ലിംഗനീതിയിലേക്ക് നയിക്കുന്ന രാഷ്ട്രീയ ഉൾക്കാഴ്ചകളിലേക്കും, പിന്നീട് ജനസംഖ്യാനുപാതികമായി സംവരണം ഉണ്ടാകുന്ന അവസ്ഥയിലേക്കും മാറട്ടെ എന്ന് ഡോ.പി.ഗീത ആശംസിച്ചു.

എങ്ങനെയെങ്കിലും 50% സീറ്റ് തികയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള രാഷ്ട്രീയപാർട്ടികളുടെ നെട്ടോട്ടത്തിനിടയിൽ സാമൂഹ്യരംഗത്തുനിന്ന് കാലങ്ങളായി അകറ്റി നിർത്തപ്പെട്ടിരുന്ന സ്ത്രീകൾ ഇരട്ട ഭാരം വഹിക്കുന്നവരായിത്തീരുന്നു എന്ന അഭിപ്രായവുമായാണ് ഡോ. ഖദീജാ മുംതാസ് ചർച്ചയിൽ പങ്കെടുത്തത്. പുരുഷന്റെ തീരുമാനം നടപ്പിലാക്കാനുള്ള ഉപകരണങ്ങൾ മാത്രമാവുന്ന സ്ത്രീപ്രാതിനിധ്യമല്ല, മറിച്ച് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധവും രാഷ്ട്രീയകാഴ്ചപ്പാടും കൃത്യമായി നിർവ്വഹിക്കാനും നടപ്പിലാക്കാനുമുള്ള വേദിയായി ഈ പ്രാതിനിധ്യം പരിവർത്തനപ്പെടേണ്ടതുണ്ട്.





ഒ.ജെ. ചിന്നമ്മയുടെ അഭിപ്രായത്തിൽ സ്ത്രീകളുടെ അധികാരപ്രവേശം ജാതി-മത-വർഗീയവാദത്തിന്റെ പിടിയിലമർന്ന സമൂഹത്തെ അഹിംസാത്മകമായ തലത്തിലേക്കുയർത്താൻ കഴിയും. മദ്യം, മാലിന്യസംസ്ക്കരണം, കുടിവെള്ളപ്രശ്നം, ബാലപീഡനം, സ്ത്രീകൾക്കുനേരെയുള്ള അതിക്രമം ഇവയെല്ലാം അഭിമുഖീകരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. സാമൂഹികബോധവും ഉത്തരവാദിത്വബോധവും ചേർന്ന ഭരണസംവിധാനത്തിലൂടെ അനീതികൾക്കുനേരെ ഈ വനിതാപ്രാതിനിധ്യം ജാഗരൂകമായിരിക്കേണ്ടതിനെകുറിച്ചും ഒ.ജെ. ചിന്നമ്മ വിശദീകരിച്ചു.

തുടർന്നു സംസാരിച്ച ഫൗസി ഷംസ് ഉപരിവർഗത്തിന്റെ ഉപഭോഗരീതികളെക്കുറിച്ചല്ല, മറിച്ച് അടിസ്ഥാനവർഗത്തിന്റെ ജീവിതാവശ്യങ്ങളെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതും എന്ന കാതലായ പ്രശ്നമവതരിപ്പിച്ചു. കൊടിപിടിക്കാനും ജാഥ കൊഴുപ്പിക്കാനും മാത്രം സ്ത്രീകളെ ഉപയോഗിച്ച എല്ലാ രാഷ്ട്രീയപാർട്ടികളും 50% സ്ത്രീ സംവരണ കാര്യത്തിലെടുത്ത നിഷേധാത്മകനിലപാടിനെ അധികാരത്തിന്റെ കൃത്യവും സമഗ്രവും സൂക്ഷ്മവുമായ നിർവ്വഹണത്തിലൂടെ സ്ത്രീപ്രതിനിധികൾ പ്രതിരോധിക്കേണ്ടതുണ്ട്. പ്രൈമറിവിദ്യാഭ്യാസം, കുടിവെള്ളം എന്നിവയോടൊപ്പം പ്രത്യേകപരിഗണനയർഹിക്കുന്ന സർക്കാർ ആശുപത്രികളെയും നടപ്പാക്ക പ്പെടേണ്ട ജനകീയാരോഗ്യപരിപാടികളെയും ഫൗസി ഷംസ് പരാമർശിച്ചു.

നയരൂപീകരണത്തിൽ സ്ത്രീപ്രതിനിധികൾക്ക് ലഭിക്കേണ്ട, ഇപ്പോൾ ലഭ്യമല്ലാത്ത അധികാരത്തെക്കുറിച്ച് സി.എസ്.മീനാക്ഷിയും, സ്ത്രീ കൂട്ടായ്മയുടെ രാഷ്ട്രീയപ്രസക്തിയെക്കുറിച്ച് ഗിരിജ.പി. പാതേക്കരയും സംസാരിച്ചു. എസ്.എസ്.എയിലെ സബിതയുടെ അഭിപ്രായത്തിൽ തന്നെ നിയന്ത്രണത്തിലാക്കിയിരിക്കുന്ന ഒരു ശക്തിയെക്കുറിച്ച് സദാസമയവും സ്ത്രീകൾ ഭയപ്പെടുന്നുവെങ്കിലും അതിനെ മറികടക്കാൻ അവർ ഒരുങ്ങിയിരിക്കുന്നു. ഒരാശങ്കക്കും ഇടയില്ലാത്ത വിധം രാഷ്ട്രീയസാഹചര്യങ്ങളുടെ എല്ലാ അർത്ഥത്തിലുമുള്ള മാറ്റങ്ങളിലേക്ക് 50% സ്ത്രീപ്രാതിനിധ്യം പരിണമിക്കുമെന്ന് ദീദി തന്റെ അഭിപ്രായങ്ങളിലൂടെ ഈ ചർച്ചയെ പ്രത്യാശപ്പെടുത്തി. സ്ത്രീകളുടെ സർക്ഷാത്മകതയ്ക്ക് ലഭിക്കേണ്ടതായ ഇടം ലഭിക്കുന്നതിന് ഈ മാറ്റം കാരണമായേക്കാമെന്ന് സജിതയും, ഈ മാറ്റത്തിന്റെ പ്രതിനിധികൾക്ക് കുടുംബ-സാമൂഹികപശ്ചാത്തലങ്ങളിൽ നിന്നുണ്ടാകേണ്ട പിന്തുണയെക്കുറിച്ചും, മാറ്റത്തിന്റെ സാമൂഹ്യഘടനെയെക്കുറിച്ചും കവിതാമുഖോപാദ്ധ്യായ സംസാരിച്ചു.

50% സ്ത്രീപ്രാതിനിധ്യത്തോടെയുള്ള ഭരണം ഗുണപരമായ ഒന്നായിത്തീരുമെന്ന് രാഷ്ട്രീയ ഇച്ഛാശക്തിയോടെ പ്രതീക്ഷിക്കപ്പെടുന്നതിനെക്കുറിച്ച് ഗാർഗി സംസാരിച്ചു. സ്ത്രീകളുടെ വ്യത്യസ്ത അവകാശസമരങ്ങളെക്കുറിച്ച് സംസാരിച്ച രജികല, ഈ സാഹചര്യത്തിലും, സ്ത്രീകൾക്ക് ഇക്കാര്യത്തിൽ ലഭിക്കാതെ പോകുന്ന കുടുംബപിന്തുണയെപ്പറ്റിയുള്ള ആശങ്കകൾ പങ്കുവെച്ചു. മാധ്യമങ്ങൾ പോലും ചെറുത്ത ഭരണരംഗത്തെ സ്ത്രീപങ്കാളിത്തം സ്ത്രീപക്ഷത്തിന്റെ തികഞ്ഞ കൂട്ടായ്മയിൽ വിജയത്തിലെത്തിയതിനെ സേതുലക്ഷ്മി പരാമർശിക്കാൻ മറന്നില്ല.

രാഷ്ട്രീയകേരളത്തിന്റെ ഗതിനിർണ്ണായകമായ വിഷയത്തെക്കുറിച്ചുള്ള ഈ ചർച്ചയിൽ ജ്യോതി നാരായണൻ മോഡറേറ്ററായിരുന്നു. സ്ത്രീവിരുദ്ധ നിലപാടുകളിലൂടെ തോല്പിച്ചുകൊണ്ടേയിരുന്നിട്ടും, രാഷ്ട്രീയ ഉൾക്കാഴ്ചയുടെ തെളിച്ചം പുരണ്ട ഈ വിജയം ചർച്ചയിൽ പങ്കെടുത്ത ഓരോരുത്തരും ആവേശത്തോടെയാണ് എതിരേറ്റത്. ഏറ്റവും അടിസ്ഥാനപരമായ നയരൂപികരണങ്ങളിലാണ്; മറിച്ച് കേവലമായ അധികാരപ്രകടനങ്ങളിലല്ല മനുഷ്യജീവിതം മാറ്റിമറിയ്ക്കുന്ന ആശയങ്ങൾ രൂപം കൊള്ളുന്നതെന്ന് കാലങ്ങളായി അരികുകളിലേക്കു മാറ്റി നിർത്തപ്പെട്ട ഒരു ജനത തിരിച്ചറിഞ്ഞു തുടങ്ങിയതിന്റെ സാക്ഷ്യപത്രം കൂടിയായി അത്. ■

കേവലമായ അധികാര പ്രകടനങ്ങളിലല്ല മറിച്ച് ഏറ്റവും അടിസ്ഥാനപരമായ നയരൂപികരണങ്ങളിലാണ് മനുഷ്യജീവിതം മാറ്റിമറിയ്ക്കുന്ന ആശയങ്ങൾ രൂപം കൊള്ളുന്നതെന്ന് കാലങ്ങളായി അരികുകളിലേക്കു മാറ്റി നിർത്തപ്പെട്ട ഒരു ജനത തിരിച്ചറിഞ്ഞു തുടങ്ങിയതിന്റെ സാക്ഷ്യപത്രം കൂടിയായി ചർച്ച.

**ലേഖനം**



ജെ. ദേവിക



# 'പാവ'ത്തിന്റെ വരവ്

പഞ്ചായത്തുകളിൽ സ്ത്രീകൾക്കായി 50% സീറ്റുകൾ സംവരണം ചെയ്യുന്നതിനെഹൃദയപൂർവ്വം സ്വാഗതം ചെയ്ത ഇടതുപക്ഷജനാധിപത്യമുന്നണി വരുന്ന അസംബ്ലി തിരഞ്ഞെടുപ്പിലേക്കായി തയ്യാറാക്കിയ

സ്ഥാനാർത്ഥി പട്ടികയിൽ സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ലായെന്നത് വ്യക്തമാണ്. ഇതിൽ പ്രത്യേകിച്ച് അതിശയപ്പെടാനില്ലെന്നാണ് എന്റെ പക്ഷം. കേരള രാഷ്ട്രീയത്തിന്റെ ഇടത്തിനു ള്ളിൽ 1990 കളുടെ മധ്യത്തിനുശേഷം ഉന്നതരാ ഷ്ട്രീയം, തദ്ദേശീയ ഭരണം എന്നിങ്ങനെ ഒരു വേർതിരിവ് സൃഷ്ടിക്കപ്പെടുന്നതും തദ്ദേശീയ ഭരണത്തിന്റെ ചുമതല സ്ത്രീകളെ ഏൽപ്പിക്കുന്നതുമായ കാഴ്ചയാണ് നാം ഇതുവരെയും കണ്ടിരിക്കുന്നത്. ഈ തദ്ദേശീയ ഭരണത്തിന്റെ ചുമതല മുഴുവനായി തന്നെയും സ്ത്രീകളെ ഏൽപ്പിച്ചാൽ പോലും ഉന്നത രാഷ്ട്രീയത്തിന്റെ കളിനിയമങ്ങൾ അണുവിടപോലും മാറുകയില്ലെന്നതും തീർച്ച തന്നെ. പഞ്ചായത്തുകൾ വഴി പൊതുജീവിതത്തിലേക്ക് കടന്ന വനിതാ നേതാക്കളിൽ പലരും പൂർണ്ണമായ രാഷ്ട്രീയാധികാരത്തിന് എന്തുകൊണ്ടും

പ്രാപ്തരായിരിക്കുന്നു എന്ന വസ്തുത നമുക്കറിയാവുന്നതാണ്. എങ്കിലും അവരിലധികവും

ഉന്നതരാഷ്ട്രീയത്തിലേക്ക് ഉയർന്നതായി കാണുന്നില്ല.

ഈ സ്ഥാനാർത്ഥി പട്ടികയിൽ ഇടം ക ണ്ടെത്തിയിരിക്കുന്ന സ്ത്രീകളാകട്ടെ, ഉന്നത രാഷ്ട്രീയത്തിനുവേണ്ടത്ര പരിചയവും പിടിപാടുകളും ഉള്ളവരായി. ഇതിലും പുതുമ ഒന്നും തന്നെ ഇല്ല. എന്നാൽ പിന്നെ ഇത്തവണ പുതുതായി എന്താണുള്ളത്? പുതുതായുള്ളത് 'പാവ'ത്തിന്റെ വരവാണ്. മലയാളത്തിൽ 'പാവം'എന്ന വാക്കിന് പല അർത്ഥങ്ങളുമുണ്ട്. വിഭവങ്ങൾ കുറഞ്ഞ വ്യക്തി അന്തഃസ്സാരം ഇല്ലാത്ത വ്യക്തി എന്നൊക്കെയുള്ള അർത്ഥങ്ങളിൽ നാം ഈ വാക്ക് ഉപയോഗിക്കാറുണ്ട്. നിഷ്ക്രിയത, ലജ്ജാശീലം, പതിഞ്ഞമട്ട്, കഴിവില്ലായ്മ ഇത്തരം സ്വഭാവങ്ങളൊക്കെയാണ്

'പാവം' എന്ന വാക്ക് പലപ്പോഴും സൂചിപ്പിക്കുന്നത്. പാവങ്ങളെ പലരും ഇഷ്ടപ്പെട്ടേക്കാം എന്നാൽഅവരെ ബഹുമാനിക്കുന്നവർ കുറയും. നല്ല സ്ത്രീകൾക്ക് ചരിത്രമുണ്ടാക്കാൻ കഴിവില്ലെന്ന് പറയാറുണ്ടല്ലോ. അതുപോലെ 'പാവ'ങ്ങളും ചരിത്രം അപൂർവ്വമായി മാത്രമേ ഉണ്ടാക്കാറുള്ളൂ. പാവം എന്നത് ലിംഗനിരപേക്ഷമായ ഒരു പദമാണെന്നത്

ഒരു പ്രധാനവസ്തുതയാണ്.എന്തായാലും കേരളരാഷ്ട്രീയരംഗത്ത് ആർക്കും പാവമായി തുടരാൻ കഴിയുകയില്ല. അത് ആണായാലും ശരി, പെണ്ണായാലും ശരി. കേരളത്തിലെ സമുന്നതരായ സ്ത്രീ നേതാക്കൾ ആരും തന്നെ 'പാവത്തരം' നടിച്ചിട്ടില്ല. കെ.ആർ.ഗൗരി, ലീലാ ദാമോദരമേനോൻ, ആനി തയ്യിൽ, കെ. ആർ. സരസ്വതിയമ്മ, ദാക്ഷായണി വേലായുധൻ, ഖമറുന്നീസ അൻവർ തുടങ്ങിയ ആരേയും പാവങ്ങളായികണക്കാക്കിയിട്ടില്ല. സാഹചര്യങ്ങളുടെ പ്രത്യേകത മൂലം പാവം എന്ന ബിരുദം ലഭിക്കാൻ സാധ്യതയുണ്ടായിരുന്ന സ്ത്രീനേതാക്കൾ പോലും അതിനെ വാശിയോടെ തള്ളിക്കളഞ്ഞിട്ടുണ്ട്. 1950 കളിൽ കോൺഗ്രസ്സിൽ നടമാടിയിരുന്ന സ്ത്രീവിരുദ്ധതക്കെതിരെ ശബ്ദമുയർത്തിയ അക്കാമ്മ ചെറിയാൻ പൂർണ്ണ ഗർഭിണിയായിരിക്കുന്ന സമയത്താണ് സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചത്.

'പാവം' എന്ന വാക്ക് പലപ്പോഴും സൂചിപ്പിക്കുന്നത്. പാവങ്ങളെ പലരും ഇഷ്ടപ്പെട്ടേക്കാം എന്നാൽഅവരെ ബഹുമാനിക്കുന്നവർ കുറയും. നല്ല സ്ത്രീകൾക്ക് ചരിത്രമുണ്ടാക്കാൻ കഴിവില്ലെന്ന് പറയാറുണ്ടല്ലോ. അതുപോലെ 'പാവ'ങ്ങളും ചരിത്രം അപൂർവ്വമായി മാത്രമേ ഉണ്ടാക്കാറുള്ളൂ. പാവം എന്നത് ലിംഗനിരപേക്ഷമായ ഒരു പദമാണെന്നത്

എന്നാൽ അവരും പാവത്തരം കളിച്ചിട്ടില്ല. എന്നാൽ വരാനിരിക്കുന്ന തിരഞ്ഞെടുപ്പിലൂടൊരു പാവം അരങ്ങത്തെത്തിയിരിക്കുന്നു. ഈ പാവമാകട്ടെ പെൺജാതിയിൽപെട്ടതുമാണ്. കഴിഞ്ഞ ദിവസം ഇടതുപക്ഷജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥി പട്ടികയെക്കുറിച്ച് ഒരു സുഹൃത്തിനോട് സംസാരിക്കുമ്പോഴാണ് ഈ സത്യം തിരിച്ചറിയാൻ ഇടയായത്. നീലലോഹിതദാസൻ നാടാരുടെ ഭാര്യ ജമീല പ്രകാശം സ്ഥാനാർത്ഥിയായി മത്സരിക്കുന്നുണ്ടത്രേ. കേരളത്തിലെ ഫെമിനിസ്റ്റുകൾ കുപ്രസിദ്ധനായ ഈ നേതാവിനെതിരെ ധാരാളം പ്രചരണം നടത്തി കഴിഞ്ഞിരിക്കുന്നു. ചെറിയ പരുക്കുകൾ മാത്രം വഹിച്ചുകൊണ്ട് അദ്ദേഹം തെന്നി നീങ്ങിയിരിക്കുന്നു. ജമീല പ്രശസ്തനായ ഒരു രാഷ്ട്രീയ നേതാവിന്റെ മകളും, ചെറുപ്പകാലത്ത് വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവ താല്പര്യം കാട്ടിയിരുന്ന വ്യക്തിയും ആയിരുന്നു. വിവാഹശേഷം അവർ

മധ്യവർഗ്ഗ-മേലാള മലയാളി സ്ത്രീയുടെ സ്വഭാവവിശേഷങ്ങൾ പൂർണ്ണമായ ഉൾക്കൊള്ളുകയും പൊതുരാഷ്ട്രീയത്തിൽനിന്ന് പിൻവാങ്ങുകയും ചെയ്തു. അവരുടെ രാഷ്ട്രീയ താല്പര്യങ്ങൾ വളരെ സമീപകാലത്തുമാത്രം ഉണ്ടായിവന്നവയാണ് എന്ന കാര്യം സൂചിപ്പിക്കവേ എന്റെ സുഹൃത്ത് പറഞ്ഞു, അയ്യോ പക്ഷേ അവർ വെറുമൊരു പാവമാണ്. അവർ പങ്കുചേർന്ന വിശാലമായ പദ്ധതിയിൽനിന്ന് – അതായത് രാഷ്ട്രീയ ഇടത്തിലും അധികാരത്തിലും സ്വാധീനം തുടർന്നും നിലനിർത്താൻ നാടാരും, സംഘവും നടത്തുന്ന ശ്രമത്തിൽനിന്ന് – അവരെ അടർത്തിമാറ്റി പരിശുദ്ധയായി നിലനിർത്താൻ അവരിൽ ആരോപിക്കപ്പെട്ട 'പാവത്തരം' സഹായിക്കുന്നുണ്ടെന്ന് എനിക്കു തോന്നി. ഞാൻ അപ്പോൾ ആലോചിച്ചു തുടങ്ങി, കേരള രാഷ്ട്രീയത്തിൽ എപ്പോഴാണ് നാം പാവങ്ങളെ സഹിക്കാൻ തുടങ്ങിയത്. തീർച്ചയായും പുരുഷന്മാർക്കിടയിൽ പാവങ്ങളെ നാം സഹിച്ചു തുടങ്ങിയിട്ടില്ല. സ്ത്രീകൾക്കിടയിലാകട്ടെ കുറച്ചുകാലം മുൻപേ ഇതിനോടു സമാനമായ ഒരു പ്രശ്നം ഉയർന്നുവന്നിരുന്നു. എം.പി.സ്ഥാനത്തേക്ക് ഈ 'പാവത്തരം' തീരെയില്ലാത്ത ഒരു വനിതാ നേതാവിനെ അവഗണിച്ചുകൊണ്ട്. മാന്യതയുടെ മൂർത്തീഭാവമായ എന്നാൽ രാഷ്ട്രീയ പരിചയം

താരതമ്യേന കുറഞ്ഞ മറ്റൊരു നേതാവിനെ തെരഞ്ഞെടുത്ത വേളയിലായിരുന്നു അത്. മുദ്രാവാക്യം വിളിക്കുന്ന സ്ത്രീത്വമില്ലായ്മക്കുമീതെ മാന്യസ്ത്രീത്വത്തിന് വിലയുണ്ടെന്ന് നിശ്ശബ്ദമായി സ്ഥാപിച്ച സംഭവമായിരുന്നു അത് എങ്കിലും മാന്യസ്ത്രീ

ത്വം പാവത്തരമല്ല മറിച്ച് കൂടുതൽ ശക്തമായ അധികാരമോഹത്തിന് മറ മാത്രമാണ് എന്നും ചിലർ രഹസ്യമായി പറഞ്ഞിരുന്നു. എന്തായാലും പാവത്തരം അവിടെയും ഉയർന്നുവന്നില്ല. അതുകൊണ്ടുതന്നെ നാമിപ്പോൾ കാണുന്ന പാവത്തിന്റെ ഉദയം ഒരു പ്രധാന സംഭവം തന്നെയാണ്.

എന്റെ സുഹൃത്ത് പാവത്തരത്തിന്റെ വക്താവല്ല എന്നത് എനിക്ക് തീർച്ചയുണ്ട്. അതയാളുടെ നാവിൽനിന്ന് വഴുതി വീണുപോയതാണ്. എങ്കിലും നമ്മുടെ ഏറ്റവും അടിയുറച്ച തെറ്റിദ്ധാരണയിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്. പാവത്തരത്തെക്കുറിച്ചുള്ള ലളിത ധാരണകളാണ് പൊതുവേ മലയാളികളായ പുരുഷന്മാർക്കുള്ളത്. പഞ്ചായത്ത് ഭരണത്തിലേർപ്പെട്ടിരിക്കുന്ന വനിതകളിൽ പലരും മറ്റുള്ളവരുടെ കൈയ്യിലെ പാവകളാണെന്ന ധാരണയിൽ ഇന്ത്യയിലൊട്ടാകെ നടക്കുന്ന ഗവേഷണം ചോദ്യംചെയ്ത് തുടങ്ങിയിരിക്കുന്ന കാലമാണിത്. പുരുഷന്മാരായ ബന്ധുക്കളുടെ അജണ്ടകൾ പിൻതുടർന്നു പോരുന്ന സ്ത്രീകൾപോലും പൂർണ്ണമായും നിർവ്വാഹകത്വംഇല്ലാത്തവരല്ലെന്നും പലപ്പോഴും ഈ ബന്ധുക്കളുടെ ആശയാഭിലാ ഷങ്ങളിൽ അവരും പങ്കാളികളാണെന്നും

ഈ ഗവേഷണം സൂചിപ്പിക്കുന്നു. ഈ ആശയഭിലാഷങ്ങൾ ആദരണീയങ്ങളല്ലെങ്കിൽ തന്നെയും അവയുടെ വാഹകരായ സ്ത്രീകളെ കേവലം നിഷ്ക്രിയരായി ചിത്രീകരിക്കാൻ ഗവേഷകരിൽ അധികമാരും തയ്യാറാവുകയില്ല. മാത്രമല്ല കേരളത്തിലെ നവ വരേണ്യ സ്ത്രീകളെ സംബന്ധിച്ചിടത്തോളം പാവത്തരമെന്നത് പിതൃമേധാവിത്വവുമായി അവർ നടത്തുന്നസന്ധിയുടെ ഭാഗം തന്നെയാണ്. അതായത് മേലാള-ജാതി-വർഗ്ഗവ്യവസ്ഥയിലും ഈ സ്ത്രീകൾ അനുഭവിക്കുന്ന അംഗത്വത്തിന് അടിവരയിടുന്നത് ഈ പാവത്തരം തന്നെയാണ്. ഈ വ്യവസ്ഥകൾക്കപ്പുറം പാവ

മേലാള–ജാതി–വർഗ്ഗവ്യവസ്ഥയിലും ഈ സ്ത്രീകൾ അനുഭവിക്കുന്ന അംഗത്വത്തിന് അടിവരയിടുന്നത് ഈ പാവത്തരം തന്നെയാണ്. ഈ വ്യവസ്ഥകൾക്കപ്പുറം പാവങ്ങളായി കഴിയാൻ അവർ ബാധ്യസ്ഥരുമല്ല. വീട്ടുവേലക്കാരികളോടും തങ്ങളേക്കാൾ സൗഭാഗ്യം കുറഞ്ഞവരായ സ്ത്രീകളോടും പാവമായി പെരുമാറാൻ മേലാള സ്ത്രീകൾക്ക് ബാധ്യത കൽപ്പിക്കപ്പെട്ടിട്ടുമില്ല.

ങ്ങളായി കഴിയാൻ അവർ ബാധ്യസ്ഥരുമല്ല. വീട്ടുവേലക്കാരികളോടും തങ്ങളേക്കാൾ സൗഭാഗ്യം കുറഞ്ഞവരായ സ്ത്രീകളോടും പാവമായി പെരുമാറാൻ മേലാള സ്ത്രീകൾക്ക് ബാധ്യത കൽപ്പിക്കപ്പെട്ടിട്ടുമില്ല. അതുകൊണ്ടുതന്നെ ഇത്തരം പാവങ്ങൾ പ്രത്യേക പാവത്തരത്തെക്കുറിച്ചുള്ള ലളിത ധാരണകളാണ് പൊതുവെ മലയാളികളായ പുരുഷന്മാർക്കുള്ളത്. പഞ്ചായത്ത് ഭരണത്തിലേർപ്പെട്ടിരിക്കുന്ന വനിതകളിൽ പലരും മറ്റുള്ളവരുടെ കൈയ്യിലെ പാവകളാണെന്ന ധാരണയിൽ ഇന്ത്യയിലൊട്ടാകെ നടക്കുന്ന ഗവേഷണം ചോദ്യംചെയ്ത് തുടങ്ങിയിരിക്കുന്ന കാലമാണിത്. സഹാനുഭൂതി അർഹിക്കുന്നവരാണെന്ന് എനിക്ക് തോന്നുന്നില്ല. ഇടതുജനാധിപത്യമുന്നണിയുടെ സ്ഥാനാർത്ഥി പട്ടികയിലെ ചുരുക്കം സത്രീകളിലൊരാളാണ് ജമീല പ്രകാശം എന്നതുകൊണ്ട് തന്നെ അവരുടെ കക്ഷി പ്രതിനിധീകരിക്കുന്ന സ്ത്രീവിരുദ്ധതയെ എതിർക്കാൻ എളുപ്പമല്ല. ഈ അവസരത്തിൽ അവരിൽ ആരോപിക്കപ്പെടുന്ന പാവത്തരം അവരുടെ കക്ഷിക്ക് ഏറെ ഗുണം ചെയ്യാനും സാധ്യതയുണ്ട്. ജമീല പ്രകാശം പാവമാണോ എന്നെനിക്കറിയില്ല.എങ്കിലും അവരെ പാവമായി ചിത്രീകരിക്കാൻ ബുദ്ധിമുട്ടില്ല. രാഷ്ട്രീയത്തിലേക്ക് കടക്കാനുള്ള സാഹചര്യവും ഉന്നതരാഷ്ട്രീയബന്ധവും മറ്റു യോഗ്യതകളും വേണ്ടുവോളമുണ്ടായിട്ടും ഈ വഴിയിൽനിന്ന് അവർ പിൻതിരിഞ്ഞ വസ്തുത മാന്യമായ ഉദ്യോഗം വഹിച്ചുകൊണ്ട് ഉത്തമ കുടുംബിനിയായി, ഒതുങ്ങി കഴിഞ്ഞു എന്ന വസ്തുത, ഭർത്താവിനെ മാത്രം വിശ്വസിക്കാൻ തയ്യാറായി എന്ന വസ്തുത, ഇതെല്ലാം അവരെ പാവമായി ചിത്രീകരിക്കുന്നത് എളുപ്പമാക്കുന്നു. രസകരമായ വസ്തുത മറ്റൊന്നുണ്ട്. കേരളത്തിലെ പഞ്ചായത്ത് ഭരണത്തിലൂടെ സുസമ്മതരായി തീർന്ന നേതാക്കൾ പലരും ക്ഷമ, സൗമ്യത മുതലായ സത്ഗുണങ്ങളുടെ ബലത്തിലാണ് തങ്ങൾ പൊതുസ്സമ്മതി നേടിയതെന്ന് സമ്മതിക്കുന്നുണ്ട്. ഇക്കാര്യത്തെക്കുറിച്ച് ഞാൻ മറ്റു പലയിടത്തും എഴുതിയിട്ടുള്ളതുമാണ്. ക്ഷമ, സൗമ്യത, ദയ മുതലായ ഗുണങ്ങളെല്ലാം തന്നെയും പാവത്തരത്തെ സൂചിപ്പിക്കാൻ സാധ്യതയുള്ള ഗുണങ്ങളാണ്. എന്നാൽ ഇവരാരും സ്ഥാനാർത്ഥി പട്ടകയിൽ കടന്നിട്ടില്ല. ഒരു കാര്യം സുവ്യക്തമായി തീർന്നിരിക്കുന്നു. പാവത്തരത്തിൽ ഉദയം ഉണ്ടായിരിക്കുന്നുവെങ്കിൽ അത് ഒരു പ്രത്യേക ലക്ഷ്യത്തെയാണ് ഉന്നം വയ്ക്കുന്നത്. നിഷ്പ്രഭനായി തീർന്നിരിക്കുന്ന ഒരു രാഷ്ട്രീയ നേതാവിന്റെ യാതൊരു അർഹതയുമില്ലാത്ത ഇടം നിലനിർത്തുക എന്ന ലക്ഷ്യം. പുരോഗമന വാദികളായ നമ്മുടെ കക്ഷികൾ സാമൂഹ്യ യാഥാസ്ഥികത്വത്തിൽ ഉറച്ചുനിൽക്കണം. ഉദാരവാദ ഫെമിനിസത്തിന്റെ വക്താക്കൾ ഇതിനുനേരെ കണ്ണടക്കുകയും ചെയ്യുന്നു. ●

**ലേഖനം**





# അവൾ വെള്ളിത്തിരയ്ക്ക് പുറകിൽ

## സജിത മഠത്തിൽ

*സ്ത്രീജീവിതം അവതരിപ്പിക്കുന്ന ഒട്ടേറെ സിനിമകളാണ് 1950 കളിൽ മലയാളത്തിലിറങ്ങിയത്. നല്ലതങ്ക, സ്ത്രീ, ചേച്ചി എന്നിവയിലൂടെ ആറന്മുള പൊന്നമ്മയും, മിസ് കുമാരിയും, ഓമനയും രംഗത്തെത്തി. ലളിതയും, പത്മിനിയും, രാഗിണിയും 1950 കളിൽ മലയാള സിനിമയിലേക്ക് നൃത്തത്തിന്റെയും, അഭിനയത്തിന്റെയും മാസ്മരികത കൊണ്ടുവന്ന സഹോദരിമാരാണ്. മലയാള സിനിമയിലെ ആദ്യ സഹോദരിമാർ*

മലയാള സിനിമയുടെ പെൺചരിത്രത്തിലേക്ക് ഒന്നു എത്തിനോക്കാനുള്ള ശ്രമമായിരുന്നു 'അവൾ വെള്ളിത്തിരയിൽ' എന്ന കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ഫോട്ടോ എക്സിബിഷൻ. 2009-ലെ എക്സിബിഷൻ സിനിമയുടെ സ്ത്രീചരിത്രമാവട്ടെ എന്ന് അക്കാദമി തീരുമാനിച്ചപ്പോൾ അതിനായുള്ള ശ്രമം ഇത്രയും പ്രയാസകരമാകുമെന്ന് കരുതിയിരുന്നില്ല. കാരണം സിനിമയുടെ തുടക്കം മുതൽ സ്ത്രീ സാന്നിദ്ധ്യമുണ്ട്. അതിനാൽ താരതമ്യേന മെച്ചപ്പെട്ട രീതിയിൽ അവരെ രേഖപ്പെടുത്താൻ പ്രയാസമുണ്ടാവില്ലെന്നു ഞാൻ കരുതി. ആദ്യ ചിത്രം മുതൽ, അവസാന ചിത്രം വരെയുള്ള സിനിമകളിലൂടെ, അതിലെ നായികമാരിലൂടെ ഒരു യാത്ര പക്ഷേ ഇവരിലൂടെ സ്ത്രീ സിനിമാചരിത്രം കണ്ടെത്തുക സാധ്യമാണോ, അല്ലെങ്കിൽ അവയെല്ലാം ഒരു എക്സിബിഷനിൽ ഒതുക്കാൻ സാധിക്കുമോ? അതല്ല ഈ എക്സിബിഷന്റെ വഴിയെന്ന് തുടക്കത്തിലേ ബോദ്ധ്യമായി. എങ്കിലും, ഏറെക്കാലം മലയാള സിനിമയിൽ പ്രവർത്തിച്ച, അല്ലെങ്കിൽ ഒരു വേഷം കൊണ്ടുപോലും പ്രേക്ഷ

സ്ത്രീജീവിതം അവതരിപ്പിക്കുന്ന ഒട്ടേറെ സിനിമകളാണ് 1950 കളിൽ മലയാളത്തിലിറങ്ങിയത്. നല്ലതങ്ക, സ്ത്രീ, ചേച്ചി എന്നിവയിലൂടെ ആറന്മുള പൊന്നമ്മയും, മിസ് കുമാരിയും ഓമനയും രംഗത്തെത്തി. ലളിതയും പത്മിനിയും രാഗിണിയും 1950 കളിൽ മലയാള സിനിമയിലേക്ക് നൃത്തത്തിന്റേയും അഭിനയത്തിന്റേയും മാസ്മരികത കൊണ്ടുവന്ന സഹോദരിമാരാണ്. മലയാള സിനിമയിലെ ആദ്യ സഹോദരിമാർ. 'നീലക്കുയിലി'ലെ (1954) ദളിത് സ്ത്രീയെ അവതരിപ്പിച്ച്, മലയാള സിനിമയെ ദേശീയ ശ്രദ്ധയിലേക്ക് പിടിച്ചുയർത്തിയ മിസ് കുമാരി, മലയാളി സമൂഹം മുന്നോട്ടുവെച്ച സാമൂഹികമുന്നേറ്റങ്ങൾക്ക് സ്ത്രീയുടെ ദൃശ്യഭാഷ നൽകുകയായിരുന്നു.













ക ശ്രദ്ധ നേടിയ നടികളുടെ ഒരു നിര എക്സിബിഷന്റെ ഭാഗമായി. എങ്കിലും സ്ഥലപരിമിതി കാരണം എക്സിബിഷനിൽ കണ്ടെത്താനാവാത്ത തങ്ങളുടെ പ്രിയനടിയെ ചൊല്ലി ആസ്വാദകർ വഴക്കിട്ടു. എന്നാൽ ഈ 'ദൃശ്യാനുഭവ'ത്തിനപ്പുറം കടന്നു ചെല്ലുക എന്നത് സ്ത്രീ സിനിമാചരിത്രമന്വേഷിക്കുമ്പോൾ ഏറെ ബുദ്ധിമുട്ടേറിയതായിരുന്നു.

എക്സിബിഷന്റെ തുടർച്ചയായ ദൃശ്യങ്ങളെ, വിവിധ വഴികളിലേക്ക് മുറിച്ച്, പല ചാലുകളിലൂടെ സഞ്ചരിക്കുക എന്നതായിരുന്നു ഈ പെൺസിനിമാ ചരിത്രമെഴുതുമ്പോഴുള്ള ഏകവഴി എന്നു തോന്നിയതിനാലാണ്, എക്സിബിഷന്റെ വിവരശേഖരണം ആ വഴിക്ക് നീങ്ങിയത്. പതിവുപോലെ സിനിമയുടെ ദൃശ്യാനുഭവത്തിനുള്ളിലും അദൃശ്യമാക്കപ്പെട്ട മലയാളിസ്ത്രീയുടെ സിനിമാചരിത്രം എന്താണെന്ന് സമഗ്രമായി പഠിച്ചിട്ടില്ല എന്നത് ഈ ജോലിയെ ഏറെ ദുഷ്കരമാക്കി.

എക്സിബിഷന്റെ തുടക്കത്തിലത് ചരിത്രത്തിലൂടെയുള്ള യാത്രയായിരുന്നു. മലയാളസിനിമയുടെ സ്ത്രീചരിത്രം തുടങ്ങുന്നതുതന്നെ ഒരു കലാകാരിയുടെ നേരെ നടന്ന പ്രേക്ഷകസമൂഹത്തിന്റെ ആക്രമണ അനുഭവവുമായിട്ടാണ്. 'വിഗതകുമാര'നിലൂടെ സിനിമയുടെ മാസ്മരിക ലോകത്തേക്ക് വന്ന റോസിയുടെ അഭിനയാനുഭവത്തെ ഓർമ്മിപ്പിച്ചുകൊണ്ട് അവർ ക്കുള്ള സമർപ്പണം കൂടിയായ ഈ എക്സിബിഷൻ ആരംഭിച്ചു. ആദ്യകാല നായികമാരിലൂടെയുള്ള യാത്രയായിരുന്നു ഈ എക്സിബിഷന്റെ ആദ്യ വഴി. നിശബ്ദസിനിമയായ 'വിഗതകുമാരനി'ലെ റോസിയും (1928), 'മാർത്താണ്ഡവർമ്മ'യിലെ ദേവകീഭായിയും പട്ടമ്മാളും (1933), ആദ്യ സംസാര സിനിമയായ 'ബാലനി'ലെ എം.കെ. കമലവും പള്ളുരുത്തി ലക്ഷ്മിയും (1938), 'ജ്ഞാനാംബിക'യിലെ സി.കെ. രാജവും സീതാലക്ഷ്മിയും (1940), 'പ്രഹ്ലാദ'യിലെ കുമാരിലക്ഷ്മിയും തങ്കമ്മാളും (1941) പ്രത്യക്ഷപ്പെട്ടു.

'നിർമ്മല'(1948)യിലൂടെയാണ് മലയാള സിനിമയിലെ ആദ്യത്തെ പിന്നണി ഗായികമാരുണ്ടാവുന്നത്. പി. ലീലയും സരോജിനിയും തങ്ങളുടെ രംഗ പ്രവേശം അങ്ങിനെ പ്രധാനപ്പെട്ടതാക്കി.

വെള്ളിനക്ഷത്രം എന്ന ആദ്യ ഉദയാ സ്റ്റുഡിയോ ചിത്രത്തിലൂടെ കടന്നുവന്ന മലയാളത്തിന്റെ ആദ്യത്തെ പോപ്പുലർ ഹീറോയിൻ മിസ് കുമാരിയെയായിരുന്നു പിന്നീട് അവതരിപ്പിച്ചത്. പിന്നീട് ദശകങ്ങളോളം സിനിമാരംഗത്ത് സജീവമായിരുന്ന ഈ നടിയെ ക്കുറിച്ച് സമഗ്രമായ ഒരു പഠനം ഇനിയും ഉണ്ടാവേണ്ടതായിട്ടാണിരിക്കുന്നത്.

സ്ത്രീജീവിതം അവതരിപ്പിക്കുന്ന ഒട്ടേറെ സിനിമകളാണ് 1950 കളിൽ മലയാളത്തിലിറങ്ങിയത്. നല്ലതങ്ക, സ്ത്രീ, ചേച്ചി എന്നിവയിലൂടെ ആറന്മുള പൊന്നമ്മയും, മിസ് കുമാരിയും ഓമനയും രംഗത്തെത്തി. ലളിതയും പത്മിനിയും രാഗിണിയും 1950 കളിൽ മലയാള സിനിമയിലേക്ക് നൃത്തത്തിന്റേയും അഭിനയത്തിന്റേയും മാസ്മരികത കൊണ്ടുവന്ന സഹോദരിമാരാണ്. മലയാള സിനിമയിലെ ആദ്യ സഹോദരിമാർ. 'നീലക്കുയിലി'ലെ (1954) ദളിത് സ്ത്രീയെ അവതരിപ്പിച്ച്, മലയാള സിനിമയെ ദേശീയ ശ്രദ്ധയിലേക്ക് പിടിച്ചുയർത്തിയ മിസ് കുമാരി, മലയാളി സമൂഹം മുന്നോട്ടു വെച്ച സാമൂഹികമുന്നേറ്റങ്ങൾക്ക് സ്ത്രീയുടെ ദൃശ്യഭാഷ നൽകുകയായിരുന്നു. നെയ്യാറ്റിൻകര കോമളവും അടൂർ പങ്കജവും 1955 കളിൽ മലയാളിയുടെ ദാരിദ്ര്യപൂർണ്ണമായ വീട്ടകങ്ങളിലെ സ്ത്രീകളെ നമ്മുടെ മുമ്പിലെത്തിച്ചു. ഇവയ്ക്കൊപ്പം തന്നെയായിരുന്നു പുരാണ കഥാപാത്രങ്ങളും ദേവികളും മലയാളസിനിമയുടെ ഭാഗമായത്. 'പ്രഹ്ളാദ (1941), ഹരിശ്ചന്ദ്ര (1955), ഭക്തകുചേല (1960) തുടങ്ങി ഒട്ടേറെ

**സ്ത്രീജീവിതം അവതരിപ്പിക്കുന്ന ഒട്ടേറെ സിനിമകളാണ് 1950 കളിൽ മലയാളത്തിലിറങ്ങിയത്. നല്ലതങ്ക, സ്ത്രീ, ചേച്ചി എന്നിവയിലൂടെ ആറന്മുള പൊന്നമ്മയും, മിസ് കുമാരിയും ഓമനയും രംഗത്തെത്തി. ലളിതയും പത്മിനിയും രാഗിണിയും 1950 കളിൽ മലയാള സിനിമയിലേക്ക് നൃത്തത്തിന്റേയും അഭിനയത്തിന്റേയും മാസ്മരികത കൊണ്ടുവന്ന സഹോദരിമാരാണ്.**

സിനിമകൾ കെ.ആർ. വിജയ, റാണി ചന്ദ്ര, അടൂർ പങ്കജം, കുശലകുമാരി, ആറന്മുള പൊന്നമ്മ, ബേബി വിനോദിനി, ബേബി വിലാസിനി തുടങ്ങി ഒട്ടേറെ നടികളെ രംഗത്തു കൊണ്ടുവന്നു.

ഇവിടെനിന്ന് മറ്റൊരു വഴിയിലൂടെയാണ് എക്സിബിഷൻ പിന്നീട് മുന്നേറിയത്. നമ്മെ ഏറെ ഭ്രമിപ്പിച്ച, ദു:ഖിപ്പിച്ച, സന്തോഷിപ്പിച്ച ചില സ്ത്രീ കഥാപാത്രങ്ങൾ അവതരിപ്പിക്കുകയായിരുന്നു. 'ചെമ്മീനി'ലെ കറുത്തമ്മ (ഷീല), 'നീലക്കുയിലി'ലെ നീലി (മിസ് കുമാരി), 'ജീവിതനൗക'യിലെ ലക്ഷ്മി സരോജ തുടങ്ങി മഞ്ജുവാര്യരും ശോഭനയും ഒക്കെ അവതരിപ്പിച്ച ഇക്കാലത്തെ പ്രധാന സ്ത്രീവേഷങ്ങളിലേക്കുള്ള ഒരു കാഴ്ചയായി ഇതു മാറി. പുതിയ തലമുറയിലെ നടികളിൽനിന്ന് പഴയ തലമുറയിലെ നടികളിലേക്ക് എത്രദൂരം? മിസ് കുമാരിയും ആറന്മുള പൊന്നമ്മയും ശാന്താദേവിയും സുകുമാരിയും കവിയൂർ പൊന്നമ്മയും അടൂർ പങ്കജവും ഭവാനിയും ഷീലയും, ജയഭാരതിയും ശാരദയും കെ. പി.എ.സി. ലളിതയും അവരുടെ ജീവിതത്തിൽ സർഗ്ഗാത്മക ഇടത്തെ ഏറെ പ്രധാനപ്പെട്ടതായി കണ്ടവരാണ്. കുടുംബത്തിനൊപ്പവും അല്ലാതെയും അവരതിനെ മുറുകെ പിടിച്ചു. വിവാഹം വേർപെടുത്തുന്ന ഒന്നായി സിനിമാരംഗത്തെ അവർ കണ്ടില്ല. തൊണ്ണൂറുകളിലും തന്റെ കലാപരമായ കഴിവിനെ സ്നേഹത്തോടെ അഭിമാനത്തോടെ ഓർക്കുന്ന ആറന്മുള പൊന്നമ്മയിൽ നിന്ന് തുടങ്ങുന്നു ഈ വിഭാഗം. ഒരു ശക്തമായ പെൺനിരയുടെ വിവരണങ്ങൾ അങ്ങിനെ ഈ പ്രദർശനത്തിന്റെ ഭാഗമായി.

മലയാളസിനിമയിൽ ഏറെ ശക്തമെന്ന് കരുതുന്ന സ്ത്രീവഴികളാണ് പിന്നണി ഗായികമാരുടേത്. എം.കെ. കമലം, 'ബാലനി'ൽ പാടുമ്പോൾ, അന്ന് നേരിട്ട് ഷൂട്ടിങ്ങ് സെറ്റിൽ വെച്ചുതന്നെ റിക്കാർഡു ചെയ്യുകയായിരുന്നു. 'ജ്ഞാനാംബിക'യിൽ സി.കെ. രാജവും പാടി അഭിനയിച്ചു. എന്നാൽ പി. ലീലയും സരോജിനി മേനോനും 'നിർമ്മല'യിലൂടെ പുതിയ വഴിയാണ് സിനിമാ ഗാനരംഗത്ത് തുറന്നെടുത്തത്. ജിക്കിയും സി.കെ. രേവമ്മയും വസന്തകുമാരിയും ജാനമ്മ ഡേവിഡും ശാന്താ പി. നായരും കെ.പി.എ.സി. സുലോചനയും പിന്നീട് പി. സുശീല, എസ്. ജാനകി, വാണിജയറാം, പി. മാധുരി തുടങ്ങിയവരിലൂടെ കെ.എസ്. ചിത്രയും സുജാതയും ഏറ്റെടുത്ത ആ ശാഖ വളർന്നുവലുതായി. ഇന്ന് ഗായത്രിയും റിമിടോമിയും ശ്വേതയും ജ്യോത്സനയും മഞ്ജരിയുമുൾപ്പെടുന്ന കലാകാരികളുടെ വലിയ നിര തന്നെ മലയാള ഗാനാലാപനരംഗത്തുണ്ട്.

ഈ പ്ര ദർശനത്തിൽ ഏറെ പ്രയാസമേറിയ വിവരശേഖരണം

സി നിമയുടെ പിന്ന ണി പ്രവർത്തകരായ സ്ത്രീകളെക്കുറിച്ചുള്ളതായിരുന്നു. സ്ത്രീ കൾ സിനിമയു ടെ പിന്നണിയിൽ ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യമാണ് പ്രധാന സിനിമാ കലാകാരന്മാർകൂടി ചോദിക്കുക. അവർക്ക് പരിചിതമാ യ ഒരു പിന്ന ണി പ്രവർത്ത നം ഡബ്ബിങ് ആർട്ടിസ്റ്റുകളായ സ്ത്രീകളുടേതാണ്. ടി.ആർ. ഓമനയും കോട്ടയം ശാന്തയും ആനന്ദവല്ലിയും ഭാഗ്യലക്ഷ്മിയും സ്റ്റെല്ലയും ശ്രീജയും അടങ്ങുന്ന ഒരു വലി യ നിര തന്നെ ഈ രംഗത്തുണ്ട്. ഇവരുടെ നിശ്ശബ്ദമായ ശബ്ദസാന്നിദ്ധ്യ മാണ് മലയാളസിനിമയിലേക്ക് കടന്നുവരുന്ന ഒട്ടേറെ മറുഭാഷാ നടികൾക്ക് താങ്ങായത്. ഇവരില്ലായിരുന്നെങ്കിൽ വെള്ളിത്തിരയിലെ അഭിനയമുഹൂർത്തങ്ങൾ നമ്മുടെ കാതിലേക്കും ഹൃദയത്തിലേക്കും എത്തില്ലായിരുന്നു. ഇവരുടെ ക്യാമറക്കു പുറകിലുള്ള ഉജ്ജ്വല അഭിനയ പ്രതികരണങ്ങളാണ് മറുഭാഷാ നടികളെ നെഞ്ചിലേറ്റാൻ കാരണമാക്കിയത്. എന്നാൽ ഇവർക്കപ്പുറം തിരക്കഥ രചിക്കാൻ, ഗാനങ്ങളെഴുതാൻ, അവയെ സംവിധാനം ചെയ്യാൻ, ദൃശ്യങ്ങളെ ക്യാമറയിൽ പകർത്താൻ, അവ സംയോജിപ്പിക്കുവാൻ, ശബ്ദസന്നിവേശം നടത്തുവാൻ, ഇതിനെല്ലാം അച്ചുതണ്ടായി നിൽക്കാനുള്ള സംവിധാന പ്രതിഭയാവാൻ സ്ത്രീകൾക്കാവുമോ? അസാധ്യമായ ഒരിടമല്ലിതെന്നു മാത്രമല്ല, കഴിവുറ്റ സാന്നിദ്ധ്യമായിത്തന്നെ ഈ ഇടങ്ങളിൽ നിൽക്കാനാവുമെന്ന് സ്ത്രീകൾ തെളിയിച്ചിട്ടുണ്ട്. മറ്റു സാഹിത്യരംഗത്തെന്നപോലെ തിരക്കഥയിലും തന്റെ ഇടപെടലിലൂടെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയ ലളിതാംബികാ അന്തർജ്ജനം എഴുതിയ ശകുന്തള എന്ന തിരക്കഥയും ആദ്യമായി തിരക്കഥയെഴുതി വലിയൊരു ഇടപെടലിന് വേദിയൊരുക്കിയ കോന്നിയൂർ മീനാക്ഷിയും പുതിയ തലമുറയിലെ ദീദി ദാമോദരനും ഈ രംഗത്തെ ശക്തമായ സാന്നിദ്ധ്യമാണ്. തിരക്കഥയിലൂടെ നടത്തുന്ന ഈ ഇടപെടൽ സ്ത്രീയുടെ സിനിമാ ദൃശ്യഭാഷയെത്തന്നെ മാറ്റിയെടുക്കാൻ കഴിവുറ്റതാണ്. എന്നാൽ ക്യാമറയിലൂടെ ഒപ്പിയെടുത്ത സ്ത്രീഭാവവും, സ്ത്രീശരീരവും സംവേദിക്കുന്നത് ആരുടെ കാഴ്ചയാണ്? ക്യാമറക്കുപുറകിൽ ഒരു സ്ത്രീയാണെങ്കിൽ ഈ ഭാഷയിൽ ഗൗരവമായ മാറ്റം ഉണ്ടാകുമോ, ഇവയെല്ലാം ഇനിയും കണ്ടെത്തേണ്ടുന്ന സത്യങ്ങൾ മാത്രമാണ്. അഞ്ജലി ശുക്ല മലയാളസിനിമയിൽ, മലയാളി അല്ലെങ്കിൽപ്പോലും നടത്തുവാൻ ശ്രമിച്ചതായിരുന്നു. റാണി കാനാത്തറയിൽ മറിയാമ്മയും, വർഷങ്ങളായി തന്റെ ശക്തമായ സാന്നിദ്ധ്യവുമായി ബീനാപോളും സ്ത്രീയുടെ സ്വന്തം ദൃശ്യഭാഷയുടെ കണ്ണിചേർക്കലിനുള്ള സാധ്യതകളാണ് കണ്ടെത്തിയത്. കോറിയോഗ്രാഫി, മേക്കപ്പ്, കോസ്റ്റ്യൂം എന്നീ മേഖലയിലും സ്ത്രീകൾ ഇന്നു സജീവമായിത്തന്നെയുണ്ട്. സംവിധായികമാരായ വിജയനിർമ്മലയും ഷീലയും രേവതിയും സുമാ ജോസനും അഞ്ജലി മേനോനും ഗീതു മോഹൻദാസും മലയാളിസ്ത്രീയുടെ സംവിധാനഭാഷ കണ്ടെത്താൻ ശ്രമങ്ങൾ നടത്തിയവരും, തുടരുന്നവരുമാണ്. ഇതിനപ്പുറത്ത് ഇനി കണ്ടെത്താത്ത ഒട്ടനവധി കലാകാരികളുടെ ചരിത്രമുണ്ടെങ്കിലും, പ്രദർശനത്തിൽ ഈ വഴി ശക്തമായ ഒന്നാക്കാൻ സാധിച്ചിട്ടുണ്ട്.

**പെൺമ പ്രതിഫലിക്കും സിനിമാപോസ്റ്ററുകൾ, പാട്ടുപുസ്തകങ്ങൾ – കാഴ്ചയുടെ കല**

പോസ്റ്ററുകൾ, ബാനറുകൾ, നിശ്ചലചിത്രങ്ങൾ, കട്ട് ഔട്ടുകൾ തുടങ്ങി നിരവധി ദൃശ്യകലാരൂപങ്ങളോടെയാണ് 20-ാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ കലയായ സിനിമ എത്തി

അഞ്ജലി ശുക്ല മലയാളസിനിമയിൽ, മലയാളി അല്ലെങ്കിൽപ്പോലും നടത്തുവാൻ ശ്രമിച്ചതായിരുന്നു. റാണി കാനാത്തറയിൽ മറിയാമ്മയും, വർഷങ്ങളായി തന്റെ ശക്തമായ സാന്നിദ്ധ്യവുമായി ബീനാപോളും സ്ത്രീയുടെ സ്വന്തം ദൃശ്യഭാഷയുടെ കണ്ണിചേർക്കലിനുള്ള സാധ്യതകളാണ് കണ്ടെത്തിയത്. കോറിയോഗ്രാഫി, മേക്കപ്പ്, കോസ്റ്റ്യൂം എന്നീ മേഖലയിലും സ്ത്രീകൾ ഇന്നു സജീവമായിത്തന്നെയുണ്ട്. സംവിധായികമാരായ വിജയനിർമ്മലയും ഷീലയും രേവതിയും സുമാ ജോസനും അഞ്ജലി മേനോനും ഗീതു മോഹൻദാസും മലയാളിസ്ത്രീയുടെ സംവിധാനഭാഷ കണ്ടെത്താൻ ശ്രമങ്ങൾ നടത്തിയവരും, തുടരുന്നവരുമാണ്. ഇതിനപ്പുറത്ത് ഇനി കണ്ടെത്താത്ത ഒട്ടനവധി കലാകാരികളുടെ ചരിത്രമുണ്ടെങ്കിലും, പ്രദർശനത്തിൽ ഈ വഴി ശക്തമായ ഒന്നാക്കാൻ സാധിച്ചിട്ടുണ്ട്.

ച്ചേർന്നത്. കാണാൻപോകുന്ന സിനിമയെക്കുറിച്ചുള്ള മോഹദൃശ്യങ്ങൾ നൽകി ഈ ദൃശ്യരൂപങ്ങൾ തെരുവിൽനിന്നും പ്രേക്ഷകനെ തീയേറ്ററിൽ സിനിമയുടെ വെള്ളിവെളിച്ചത്തിലേക്ക് എത്തിച്ചു. താരങ്ങളെ ജനപ്രിയരാക്കാനും സിനിമാതിയേറ്ററിനു പുറത്ത് നായകന്റെയും നായികയുടെയും ദൃശ്യവ്യക്തിത്വങ്ങൾ പ്രതിഫലിപ്പിക്കുവാനും ഈ ദൃശ്യസിനിമാ കലാരൂപങ്ങൾക്ക് കഴിഞ്ഞു. സൗന്ദര്യരൂപങ്ങളോടും വീരനായകന്മാരോടുമുള്ള ആരാധനയും ആ വേഷവും പകർത്താൻ ഇവയ്ക്കു കഴിഞ്ഞു. പോസ്റ്ററുകൾക്ക് സിനിമയുടെ ഫോക്ക്‌ലോറുമായി വളരെ അടുത്ത ബന്ധമാണുള്ളത്. പ്രിന്റിംഗിന്റെയും ഡിജിറ്റൽ ടെക്നോളജിയുടെയും കാലത്ത് പോസ്റ്ററുകൾ കാഴ്ചയുടെ കലയായി മാറുന്നു. ഇത് പ്രദർശനത്തിന്റെ പ്രധാന ആകർഷണമായിരുന്നു. അതുപോലെതന്നെ പാട്ടുപുസ്തകങ്ങൾ-ജനപ്രിയതയുടെ സംഗീതപുസ്തകവും. സിനിമാതിയേറ്ററുകളിൽ സിനിമയുടെ ഇടവേളയിൽ ചായയ്ക്കും കാപ്പിയ്ക്കും സോഡ യ്ക്കും സിഗരറ്റിനും സ്നാക്ക്സിനും ഇടയിൽ വിറ്റഴിക്കപ്പെട്ടവയാണ് പാട്ടുപുസ്തകങ്ങൾ. സിനിമാ പാട്ട് വരികളും കഥാരൂപവും ചിത്രങ്ങളും നടീ-നടന്മാരും പിന്നണി പ്രവർത്തകരും ഒക്കെ നിറഞ്ഞ ഒരു സിനിമയുടെ ചരിത്രഗ്രന്ഥം കൂടിയായി പാട്ടുപുസ്തകങ്ങൾ മാറി. ഒരു ജനത പാട്ടുപുസ്തകങ്ങൾ നെഞ്ചിലേറ്റി തങ്ങളുടെ സ്വകാര്യശേഖരങ്ങളിലേക്ക് അവയെ ചേർത്ത് അഭിമാനിച്ചു. സാമൂഹികവും രാഷ്ട്രീയവുമായ സാംസ്കാരികചരിത്രത്തിന്റെ ചരിത്രഗ്രന്ഥങ്ങൾ കൂടിയാണ് പാട്ടുപുസ്തകങ്ങൾ. സ്ത്രീകളുടെ ജനപ്രിയ വായനാവിഭവമായിരുന്ന പാട്ടുപുസ്തകങ്ങളിൽ സ്ത്രീദൃശ്യങ്ങൾ തുടിച്ചുനിന്നിരുന്നു.

മലയാള സിനിമയിൽ ദേശീയ സംസ്ഥാന അവാർഡുകൾ ലഭിച്ച കലാകാരികളുടെ പൂർണമായ വിവരണവും പ്രദർശനത്തെ സമഗ്രമാക്കുന്നതിൽ സഹായിച്ചു. ഇങ്ങിനെ പല വഴികളിലൂടെ നടന്ന ഈ അന്വേഷണത്തിന് ഒട്ടേറെ ഗൗരവപ്പെട്ട പ്രതികരണങ്ങളായിരുന്നു ലഭിച്ചത്. കെ.പി.എ.സി ലളിത ഈ പ്രദർശനം കാണാനെത്തിയപ്പോൾ തനിക്കടുപ്പമുണ്ടായിരുന്ന പ്രിയനടികളുടെ ഫോട്ടോവിനു മുമ്പിൽ ഒരുനിമിഷം നിന്ന് അതിൽ തൊട്ടുകൊണ്ട് കണ്ണടക്കുന്നത് കാണാമായിരുന്നു. നമ്മുടെ ചരിത്രമെന്നു പറഞ്ഞ് സ്ത്രീ ചലച്ചിത്ര ആസ്വാദകർ ഈ പ്രദർശനത്തിലേക്ക് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുതന്നു. വിസ്മൃതിയിലായ നടികളുടെ സിനിമാ അനുഭവങ്ങളിലേക്ക് കടന്നുചെല്ലേണ്ടത് ഈ ചരിത്രമെഴുത്തിന്റെ അടുത്തപടിയായി സംഭവിക്കേണ്ടതാണ്. അത്തരം പഠനങ്ങളിലൂടെ മാത്രമെ ഈ ചരിത്രമെഴുത്തിനെ അതിന്റെ പൂർണ്ണ അർത്ഥത്തിൽ സമ്പൂർണമാക്കാനാവൂ. കേരളത്തിലുടനീളം പ്രദർശിപ്പിച്ച 'അവൾ വെള്ളിത്തിരയിൽ' എന്ന അക്കാദമി പ്രദർശനം അത്തരമൊരു ചരിത്രമെഴുത്തിന് ഉത്തേജകമായി പ്രവർത്തിക്കുമെന്നു മാത്രം ഞാൻ കരുതുന്നു. ●

# ഫ്രാഗ്മെന്റ്സ് ഓഫ് ദി പാസ്റ്റ്

## ഡോക്യുമെന്ററി പ്രകാശനം



മൈഥിലി ശിവരാമൻ എന്ന അസാധാരണ വ്യക്തിത്വത്തിന്റെ ജീവിതവും സമരങ്ങളും ക്യാമറയിലേക്കു പകർത്തിയ 'ഫ്രാഗ്മെന്റ്സ് ഓഫ് ദ പാസ്റ്റി'ന്റെ പ്രകാശനവും പ്രദർശനവും നവംബർ 16ന് തിരുവനന്തപുരത്ത് നടന്നു. പ്രശസ്ത ചരിത്രകാരിയും സ്ത്രീവാദപ്രവർത്തകയുമായ ഉമചക്രവർത്തിയാണ് ഡോക്യുമെന്ററിയുടെ സംവിധായിക. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ വൈസ് പ്രസിഡണ്ടായിരുന്നു മൈഥിലി ശിവരാമൻ. ഐക്യരാഷ്ട്രസഭയിലെ ഉയർന്ന ജോലി ഉപേക്ഷിച്ചാണ് തമിഴ്നാട്ടിലെ ജാതീയതക്കെതിരെയുള്ള പോരാട്ടങ്ങളിലേക്ക് സ്വയം എടുത്തുചാടിയത്. 1968ൽ കിൽവെൺമണി എന്ന ഗ്രാമത്തിൽ ദളിത് കർഷകനെ തീവെച്ചു കൊന്ന സംഭവമാണ് മൈഥിലി ശിവരാമന്റെ ജീവിതത്തിലെ വഴിത്തിരിവായത്.

പതിനൊന്നാം വയസ്സിൽ ബാലവധുവായി പതിനാറാം വയസ്സിൽ അമ്മയുമായ മൈഥിലിശിവരാമന്റെ മുത്തശ്ശി സുബ്ബലക്ഷ്മിയെക്കുറിച്ച് 'എ ക്വയറ്റ് എൻട്രി' എന്ന പേരിൽ നിർമ്മിച്ച ഡോക്യുമെന്ററിയുടെ രണ്ടാംഭാഗം എന്ന നിലയിലാണ് 'ഫ്രാഗ്മെൻസ് ഓഫ് ദ പാസ്റ്റ്' രൂപകല്പന ചെയ്തിട്ടുള്ളത്. സ്വകാര്യ-പൊതുവിടങ്ങളിലെ സമരങ്ങളും സ്ത്രീജീവിതങ്ങളും കണ്ണി ചേരുന്ന സാമൂഹ്യചിത്രങ്ങൾ ശക്തമായി വരച്ചെടുക്കുന്നുണ്ട് ഈ സിനിമ.

*കഴിഞ്ഞ ലക്കങ്ങളിലൂടെ... ഡിസംബർ 2010*

**അമ്മ അനുഭവം**



# വൈരുദ്ധ്യങ്ങളുടെ സ്ത്രീജന്മം



കദീജ മുംതാസ്

“പെരുന്നാളിന് ബേബിമോൾ ക്കൊരു വെളുത്ത ഉടുപ്പ് തുന്നാൻ കൊടുത്തിട്ടുണ്ടല്ലോ ഉമ്മ. അതിട്ടു വന്നാ മോളൊരു മാലാഖയെപ്പോലുണ്ടാകും. കുഞ്ഞിത്താക്ക് അയ്യേ, കറുത്ത ഉടുപ്പാണ്. ഇട്ടാൽ അസ്സൽ ചൈത്താനെപ്പോലുണ്ടാകും” നാലുവയസ്സുകാരി ഇരുനിറപ്പെൺകുട്ടിയെ അരുമയോടെ ചേർത്ത് പിടിച്ചാണ് ഉമ്മ അതു പറഞ്ഞത്. പാൽ പോലെ വെളുത്ത കുഞ്ഞിത്താക്ക് കറുപ്പുനിറം നന്നായിണങ്ങുമെന്ന് ഉമ്മാക്കറിയാം. നാലുവയസ്സുകാരിയുടെ കണ്ണിൽ കറുത്ത ഉടുപ്പ് അന്ന് പേടിപ്പെടുത്തുന്ന നീച രൂപങ്ങളുടേതും. ഒമ്പതു മക്കളിൽ രണ്ടാമത്തവളായ ഇരുനിറക്കാരിയോട് കുട്ടിക്കാലം മുതലേ പ്രത്യേക സ്നേഹവും പരിഗണനയുമുണ്ടായിരുന്നോ ഉമ്മയ്ക്ക്? ഉണ്ടെന്ന് തലകുലുക്കും കുഞ്ഞിത്തയും അനിയത്തിമാരും. എനിയ്ക്കുറപ്പില്ല. കാരണം എന്റെ നിറം, എന്റെ ‘കുയിൽനാദം,’ എന്തിന് എന്റെ ഇത്തിരി സാഹിത്യാഭിമുഖ്യം ഒക്കെ ദ്വേഷ്യം വന്നാൽ ഉമ്മ പരിഹാസവാക്കുകളാൽ അഭിഷിക്തമാക്കാറുണ്ടായിരുന്നു. വലിയ ദ്വേഷ്യക്കാരിയായിരുന്നു ഉമ്മ. ഉമ്മയുടെ അടിയുടെയും, പരിഹാസങ്ങളുടെയും പോറലുകൾ ഏറെപ്പതിഞ്ഞ ശരീരങ്ങളുമായാണ് ഞങ്ങൾ പെൺകുട്ടികൾ വളർന്ന് വന്നത്.

എന്റെ പ്രിയപ്പെട്ട ഉമ്മയെപ്പറ്റി ഞാൻ ഇങ്ങനെയൊക്കെയാണോ എഴുതേണ്ടത്? അതും ഉമ്മ മരിച്ചിട്ട് മാസങ്ങൾ മാത്രം കഴിഞ്ഞിരിക്കെ? അമ്മമാരെപ്പറ്റി അവരുടെ സ്നേഹം, ത്യാഗം, സഹനം എന്നിവയിലൊക്കെ ഊന്നിയല്ലാതെ ആരെങ്കിലും സ്മരണിക എഴുതാറുണ്ടോ? എന്റെ ഉമ്മയാണെങ്കിൽ ഒരു വെറും മുസ്ലിം വിധവയായിരിക്കെ ഒമ്പതു പെൺകുട്ടികളെ നേരാംവണ്ണം വളർത്തി അസൂയാർഹമായ നിലയിൽത്തന്നെ അവരെ എത്തിക്കാൻ കഴിഞ്ഞവളുമാണ്. പെൺകുട്ടികളെ അടിയ്ക്കുകയും വേദനിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മക്കളുടെ കണ്ണും വഴിയും തെളിയാൻ വേണ്ടിത്തന്നെയല്ലേ? ഇതിഹാസ സമാനമായ ജീവിതം നയിച്ച അവരെപ്പറ്റി നല്ലതല്ലാതെ മറ്റെന്തു പറയാനാണ്? ഞങ്ങളുടെ വീടുമായി ഏതെങ്കിലും

തരത്തിൽ ബന്ധപ്പെടുകയോ, അറിയുകയോ ചെയ്തിട്ടുള്ള ആരും പറയുക ഇങ്ങനെയൊക്കെത്തന്നെ. പക്ഷേ, എന്തോ, എന്റെ മനസ്സിലെ ഉമ്മ ആമഹത്വവല്ക്കരിക്കപ്പെട്ടതെങ്കിലും സാമ്പ്രദായികമായ കള്ളികളിലൊന്നും ഒതുങ്ങുന്നവളായിരുന്നില്ല. പിന്നെ എന്റെ ഉമ്മ എന്തായിരുന്നു?


എന്റെ ഉമ്മ ഇന്നൊരു ഓർമ്മ മാത്രമാണ്. എഴുപത്തേഴു വയസ്സു വരെ തികച്ചും ആരോഗ്യവതിയായി മക്കളുടെയും പേരമക്കളുടെയും കാര്യങ്ങളിൽ ചടുലമായി ഇടപെട്ടു കഴിഞ്ഞുവരവെ, അവർക്കു തന്നെ അവിശ്വസനീയമാം വിധത്തിൽ ഇരുപത്തിനാലു ദിവസത്തെ അസുഖം ബാധിച്ചാണ് അവർ മരണത്തിനു കീഴടങ്ങിയത്. മരണത്തിനു മൂന്നു നാലുനാൾ മുമ്പ്, തലച്ചോറിലേയ്ക്ക് പടർന്നു കയറിയ അർബ്ബുദരോഗത്തിന്റെ പിടിയിലമർന്ന് ഉമ്മ ഒരു മാനസിക രോഗിയെപ്പോലെ പലതും വിളിച്ചു പറയാൻ തുടങ്ങി. ഒമ്പതു പേരിൽ മൂന്നു പേരെയെങ്കിലും പേരെടുത്തു പറഞ്ഞു ശകാരിച്ചു. "എവിടെ, ഒരു നോവലിസ്റ്റുണ്ടായിരുന്നല്ലോ. നോവലിസ്റ്റ്! ഇനി എല്ലാം ഒരു കഥയാക്കി എഴുതിക്കോളൂ, കേട്ടോ!" ഉമ്മയുടെ മരണശേഷം, അവരെപ്പറ്റി കുറിപ്പു തയ്യാറാക്കിത്തരാൻ രണ്ടു മൂന്നു പേരിൽ നിന്ന് സ്നേഹനിർബ്ബന്ധങ്ങളുണ്ടായിട്ടും അതു കൊണ്ടു തന്നെ എന്റെ മനസ്സു മടിച്ചു നിന്നു. ഉമ്മയെപ്പറ്റി ഇല്ലാക്കഥകളെഴുതിപ്പോകുമോ ഞാൻ...!

അർബ്ബുദം പടർന്നു കയറി തികച്ചും ബോധരഹിതയായിട്ടും, ശ്വസനത്തിന്റെ താളം തകിടം മറിഞ്ഞിട്ടും, വൃക്കകൾ തകരാറിലായിട്ടും മക്കളും മരുമക്കളുമായി നാലു ഡോക്ടർമാരുടെയും ചികിത്സകരുടെയും തീർപ്പു കല്പിയ്ക്കലുകളെ വെല്ലുവിളിച്ച ഉമ്മയുടെ ഹൃദയം രണ്ടുനാൾ കൂടി പടവെട്ടിപ്പിടിച്ചു നിന്നു. "അങ്ങനെ കീഴടങ്ങാൻ ഞാൻ വിചാരിച്ചിട്ടില്ലെങ്കിലോ...!"

ആ പടവെട്ടലിന്റെ കഥയെപ്പറ്റി ഞാനല്ലാതെ ആരെഴുതാനാണ്? ഫാത്തിമ എന്ന സ്ത്രീയെപ്പറ്റി. സ്ത്രീയെന്ന നിലയിലുള്ള അവരുടെ ചെറുത്തു നില്പുകളെപ്പറ്റി. സ്നേഹം, ത്യാഗം, സഹനം എന്നിവയിൽ തളച്ചിടപ്പെടാനുള്ള ജന്മമല്ല അവരുടേത്. ഞങ്ങൾ ഒമ്പതു പെൺമക്കളുടെ മാതൃത്വവും അവർ നേരിട്ട ജീവിത വെല്ലുവിളികളിൽ ചിലവ മാത്രം. ഞങ്ങളുടെ ഉമ്മയാകുന്നതിനപ്പുറം അവർ ഒരു പൂർണ്ണ വ്യക്തിയായിരുന്നു. അതീവ സങ്കീർണ്ണമായ സ്വന്തം വ്യക്തിത്വത്തെ നിരന്തരം പ്രകാശിപ്പിച്ചു പടവെട്ടി മുന്നേറിയ പോരാളി. സ്വന്തം വ്യക്തിത്വത്തെ നിരാകരിച്ചു കൊണ്ടുള്ളൊരു സമരസപ്പെടലിനോ, സ്നേഹത്തിനോ, സൗഹൃദത്തിനോ ഒരിക്കലും തയ്യാറാകാതിരുന്ന ഒരുവൾ.

സുന്ദരിയും ബുദ്ധിമതിയും പിടിവാശിക്കാരിയുമായിരുന്നത്രെ കുട്ടിഫാത്തിമ. ആഢ്യ-ധനിക മുസ്ലിം കുടുംബത്തിലെ പെൺമുള. പെൺവിദ്യാഭ്യാസത്തിനു ഊന്നൽ കൊടുത്ത സമുദായ പരിഷ്കരണ നേതാവ് സീതിസാഹിബിന്റെ ഭാഗിനേയി. സഹോദരിമാരായ മൂന്നു പേരിൽ ഫാത്തിമ മാത്രം പഠിപ്പിൽ തിളങ്ങി. സ്കൂൾ വിട്ടുവരുമ്പോൾ തനിയ്ക്ക് വേണ്ട പലകയും ഭക്ഷണവും റെഡിയാക്കി വെച്ചിട്ടില്ലെങ്കിൽ പുര പറിച്ച് തലകീഴാക്കി തിരിച്ചു വെയ്ക്കാൻ മടിക്കാത്ത മുൻ ശുണ്ഠിക്കാരി എന്ന് ഒപ്പം സ്കൂളിൽപ്പോയിരുന്ന അമ്മായിയുടെ മകൾ. ഉമ്മ മരിക്കുന്നതിനു പത്തു നാൾ മുമ്പ് കളിക്കൂട്ടുകാരിയെ സന്ദർശിക്കാനെത്തിയതായിരുന്നു അവർ. ഞങ്ങൾ മക്കളുമൊത്ത് അന്നവർ രണ്ടുപേരും കുറേ നേരം സംസാരിക്കുകയും അതൊക്കെ അയവിറക്കി ചിരിക്കുകയും ചെയ്തു. ഞങ്ങൾക്കജ്ഞാതമായിരുന്ന, ഞങ്ങളനുഭവിക്കാത്ത ഞങ്ങളുടെ ഉമ്മയുടെ ബാല്ല്യം പതുക്കെ ചുരുളഴിഞ്ഞു വരികയായിരുന്നു. അപ്പോൾ ഉമ്മ ചുറ്റുമിരിക്കുന്ന ഞങ്ങളുടെ ഉമ്മയല്ലാതായി. കുറുമ്പുകാരി, പിടിവാശിക്കാരി, കുഞ്ഞുടുപ്പുകാരി കുട്ടിഫാത്തിമ ആമുഖത്ത് ഒളിച്ചു കളിച്ചു. രോഗത്തിന്റെ ഗൗരവം കുറേസമയം ഉമ്മ മറന്നു. അന്നു രാവിലെയാണ് അവരുടെ ശ്വാസകോശത്തിനു ചുറ്റുമുണ്ടായിരുന്ന നീർക്കെട്ടു വലിച്ചെടുത്ത് ഹിസ്റ്റോപാത്തോളജി പരിശോധനയ്ക്കയച്ചത്. ശ്വാസതടസ്സം മെച്ചപ്പെട്ടതിന്റെ ആശ്വാസം കൂടി ഉണ്ടായിരുന്നിരിക്കണം ഉമ്മയ്ക്ക്. പിന്നെയൊരു അഞ്ചാറു ദിവസം കൂടിയേ ഉമ്മ സംസാരിച്ചുള്ളു. അതും മങ്ങിവരുന്ന, താളം തെറ്റി വരുന്ന ഓർമ്മകളോടെ...

മുമ്പൊരിയ്ക്കൽ ഒരു ഡയറിയെടുത്തു കൊടുത്ത് ഉമ്മയോട് അവരുടെ ബാല്ല്യകൗമാരങ്ങൾ അതിലേയ്ക്ക് പകർത്താൻ ഞാൻ പ്രോത്സാഹിപ്പിച്ചിരുന്നു. വല്ലപ്പോഴുമൊക്കെ ഉമ്മയുടെ വാക്കുകളിലൂടെ പ്രകാശിതമാകുമായിരുന്ന ആ ബാല്ല്യവും അതിലൂടെ അനാവൃതമാകുന്ന നാടിന്റെ ചരിത്രവും എന്നെ മോഹിപ്പിച്ചിരുന്നു. ഉമ്മയ്ക്കന്നു വലിയ സന്തോഷമായി. അവരിലെ എഴുത്തുകാരിയെ ഞാൻ അംഗീകരിച്ചെന്ന തോന്നൽ കൊണ്ടായിരിക്കാം. പണ്ട് പണ്ട് എന്റെ കൗമാരകാലത്ത്, ടി.വി.സീരിയലുകൾ ഉമ്മയുടെ ഒഴിവുസമയങ്ങൾ അപഹരിക്കാൻ തുടങ്ങുന്നതിനു എത്രയോ മുമ്പ് ഉമ്മയെഴുതി സൂക്ഷിച്ചിരുന്ന ഒരു കഥ ഞാൻ വായിച്ചതോർമ്മയുണ്ട്. പേരുകൾ മാറിയിരുന്നെങ്കിലും, കഥാപാത്രങ്ങൾ ഉമ്മയും, ഉമ്മയെ രണ്ടാം വിവാഹം ചെയ്ത ഞങ്ങളുടെ തന്നെ മൂത്താപ്പയും, മൂത്താപ്പയുടെ ആദ്യ ഭാര്യയുമൊക്കെത്തന്നെയായിരുന്നു. ആ കഥകളിൽ എനിയ്ക്കൊട്ടും താല്പര്യമില്ല. ഞാൻ കൂടി ഉൾപ്പെട്ട, അത്രയ്ക്കൊന്നും സന്തോഷകരമല്ലാത്ത ഉമ്മയുടെ ജീവിതത്തിലെ ഏടുകൾ. ഏറ്റവും ഇളയ അനുജത്തിയോടുള്ള വാത്സല്യവും സ്നേഹവും മനസ്സിലൊതുക്കിക്കൊണ്ടുതന്നെ 'ഞങ്ങൾ, എട്ടു സഹോദരിമാർ ഉപ്പയില്ലാതെ വളർന്നവർ' എന്ന മട്ടിൽ ഞാൻ പലരോടും പറഞ്ഞിട്ടുണ്ടാകണം. ഒമ്പതാമത്തവൾ ജനിച്ചത് മൂത്താപ്പ



യുമായുള്ള ഉമ്മയുടെ ദാമ്പത്യത്തിലായിരുന്നല്ലോ. ഒന്നോ ഒന്നരയോ വയസ്സു വ്യത്യാസത്തിൽ എട്ടു പെൺമക്കളുടെ അമ്മയായിരുന്നിട്ടും ഉമ്മ അന്നു സുന്ദരിയായിരുന്നു. മുപ്പതിൽ താഴെ മാത്രം പ്രായം. ഞങ്ങൾ മക്കളുടെ ഉമ്മ മാത്രമായി അവർ ശിഷ്ടജീവിതം ജീവിച്ചു തീർക്കാഞ്ഞതിൽ അല്പം മുതിർന്നപ്പോഴെങ്കിലും ഞങ്ങൾക്ക് അതൃപ്തിയും ലജ്ജയുമുണ്ടായിരുന്നു. പക്ഷേ, ഫാത്തിമ ഞങ്ങളുടെ ഉമ്മയായിരിക്കുന്നിടത്തോളം തന്നെ ഒരു തികഞ്ഞ സ്ത്രീ കൂടിയായിരിക്കാൻ ധൈര്യം കാട്ടി. ഞങ്ങളുടെ ഉമ്മയായിരിക്കുന്നിടത്തോളം അവർ അവനവനുമായിരുന്നു. ഒമ്പതുമക്കളുടെ ഉമ്മയെന്നതിനപ്പുറം മൂത്താപ്പാക്ക് ഫാത്തിമ, തികഞ്ഞ ആരോഗ്യവതിയും, സുന്ദരിയും, ബുദ്ധിമതിയുമായ ഒരു സ്ത്രീയായിരുന്നു. കുഞ്ഞിത്തയ്ക്കന്ന് പന്ത്രണ്ടു വയസ്സു കാണണം. എനിയ്ക്ക് പത്തും. പെൺവീടിന് ഒരാൺതുണയെന്ന് ഉമ്മയുടെ ഉമ്മയുൾപ്പെടെയുള്ള ബന്ധുക്കൾ അന്നാശ്വസിച്ചു. പാവം കുഞ്ഞിത്ത, തിരിച്ചറിവു വന്നതിനാൽ അവർ കൂടുതൽ മനസ്സംഘർഷമനുഭവിച്ചു കാണണം.

ബോധമില്ലായ്മായിലേയ്ക്കു വഴുതുന്ന ഉമ്മ എന്നെ പേരെടുത്തു ശകാരിച്ചുകൊണ്ടിരുന്നപ്പോൾ കുഞ്ഞിത്ത എന്നോടു പറഞ്ഞു. 'വിഷമിക്കേണ്ട, ഏറ്റവും സ്നേഹമുള്ളവരോടാണ് അവസാന കാലത്ത് കൂടുതൽ കലമ്പുക. ബേബി ഉമ്മാക്ക് പ്രിയപ്പെട്ടവൾ തന്നെയായിരുന്നു. ഉമ്മ സ്വയം എന്തൊക്കെ ആകണമെന്നാഗ്രഹിച്ചോ, അതെല്ലാം ആവാൻ കഴിഞ്ഞത് ബേബിയ്ക്ക് തന്നെയാണല്ലോ.'

ഉമ്മ എന്തൊക്കെയാണ് ആകാൻ ആഗ്രഹിച്ചത്? ഒരു ഡോക്ടർ? പിന്നെ, എഴുത്തുകാരി..? ഡോക്ടറാവുക എന്നത് ഉമ്മയുടെ ജീവിതത്തിലെ വലിയ മോഹമായിരുന്നു. പത്താം ക്ലാസ്സു കഴിഞ്ഞ് കൊടുങ്ങല്ലൂർക്കാരി ഫാത്തിമ, എറണാകുളം മഹാരാജാസ് കോളേജിലെ തിളക്കമുള്ള വിദ്യാർത്ഥിനിയായി. ക്യാംപസ് ജീവിതത്തിന്റെയും ഹോസ്റ്റൽ ജീവിതത്തിന്റെയും ഹർഷാരവങ്ങളറിഞ്ഞു. ജി.ശങ്കരക്കുറുപ്പിന്റെ ശിഷ്യയായി. സാഹിത്യവായന അവരുടെ ഞരമ്പുകളിൽ അഗ്നി പടർത്തി. നാല്പതുകളുടെ അവസാനമോ, അമ്പതുകളുടെ ആദ്യമോ ഒരു മുസ്ലിം പെൺകുട്ടിയ്ക്ക് തികച്ചും സ്വപ്നസമാനമായിരുന്ന ഭാഗ്യം. അപൂർവ്വരാശികളുള്ള ജന്മമായി ബന്ധുക്കളായ മറ്റുപെൺകുട്ടികൾ ഉമ്മയെ ആരാധിച്ചു കാണണം. ഇന്റർമീഡിയറ്റിന് ഡിസ്റ്റിംഗ്ഷനോടെ പാസ്സായിട്ടും, മദ്രാസ് മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടും പക്ഷേ, എം.ബി.ബി.എസ് മോഹം ഉമ്മയിൽ നിന്ന് വിരൽപ്പാടകലത്തിൽ വഴുതിപ്പോയി. ഒരു മുക്കോണ പ്രണയകഥയിലെ വാശികൾ, പകപോക്കലുകൾ, രക്ഷിതാക്കളിൽ അവയുയർത്തിയ അങ്കലാപ്പ് അവയൊക്കെയായിരുന്നത്രെ അന്ന് ഉമ്മയ്ക്ക് ആ അവസരം നഷ്ടപ്പെടുത്തിയത്! തികച്ചും അമ്പരപ്പിക്കുന്ന ഈ അറിവ് ഞങ്ങളിലെത്തിയത് ഉമ്മയുടെ മരണശേഷം. കഷ്ടം, ഞങ്ങളെത്ര കുറച്ചറിഞ്ഞു, ഞങ്ങളുടെ ഉമ്മയെപ്പറ്റി! ഉമ്മയ്ക്ക് നഷ്ടപ്പെട്ട നിറമുള്ള ലോകത്തെപ്പറ്റി, സ്പ്നങ്ങളെപ്പറ്റി, ധിഷണാസാമ്രാജ്യങ്ങളെപ്പറ്റി! മുക്കോണക്കഥയിലെ മറ്റു രണ്ടു പേർ ഇന്ന് വന്ദ്യവയോധികരായ ഡോക്ടർമാർ. എല്ലാ മോഹങ്ങളും സ്വപ്നങ്ങളും മടക്കിക്കെട്ടി ഉമ്മയ്ക്കു മാത്രം മടങ്ങേണ്ടി വന്നു. പിന്നെ, ചെറുകിട വ്യവസായിയും ബിസ്സിനസ്സുകാരനുമായ ഉപ്പയുടെ വധുവായി... വർഷാവർഷം അവന്റെ കുഞ്ഞുങ്ങളെ പ്രസവിച്ചു. വെറുമൊരു ആവറേജ് വീട്ടമ്മയായി... ആ നിരാശകളും, അടക്കിവെച്ച സ്വാതന്ത്ര്യ ദാഹവും അഭിമാനബോധവുമൊക്കെയായിരിക്കണം അവരെ ഒരു സ്ഥിരം വഴക്കാളിയാക്കിയത്. ഞങ്ങൾ മക്കളാഗ്രഹിച്ചതോ, എല്ലാ അമ്മമാരെയും പോലെ, ക്ഷമയോടെ, സഹനത്തോടെ, നിശ്ശബ്ദമായി ഞങ്ങളെ പരിപാലിക്കേണ്ട ഒരുമ്മയെ! സാഹിത്യാഭിരുചിയും സിനിമാഭിരുചിയുമൊക്കെയാകണം ഉമ്മയെ അന്ന് ജീവിപ്പിച്ചത്. തീർച്ചയായും ആ സാഹിത്യാഭിമുഖ്യവും, കാവ്യാലാപനങ്ങളും, കഥ പറച്ചിലുകളും ഞങ്ങളുടെ ബാല്യത്തെ സമ്പന്നമാക്കിയിട്ടുണ്ട്. വിധി അവരെ എന്നിട്ടും വെറുതെ വിട്ടില്ല. തികഞ്ഞ ഹൃദയാലുവും, സൗമ്യശീലനുമായിരുന്ന ഉപ്പയെ കവർന്നെടുത്ത അവരെ അത് എട്ടുപെൺകുട്ടികളുടെ വിധവയായ മാതാവാക്കി. നല്ല നിലയിൽ നടന്നിരുന്ന 'സാംസൺ ഇൻഡസ്ട്രീസ്' എന്ന ഉപ്പയുടെ സ്ഥാപനം നാഥനില്ലാക്കളരിയായി. സാമ്പത്തിക പ്രശ്നങ്ങൾ ഉമ്മയെഞെരുക്കി. നഷ്ടത്തിലേക്ക് ഇനിയൊരു തിരിച്ചുവരവില്ലാത്ത നിലയിൽ കൂപ്പു കുത്തിയപ്പോൾ ഉമ്മയ്ക്ക് സ്ഥാപനം കൈമാറ്റം ചെയ്യേണ്ടി വന്നു. മൂത്താപ്പയുമായുള്ള ദാമ്പത്യം ഒരു കുഞ്ഞിനെ കൂടിയല്ലാതെ സാമ്പത്തിക ഞെരുക്കങ്ങളിൽ ഉമ്മാക്കാശ്വാസമായില്ല. വേറെ ഭാര്യയും കുഞ്ഞുങ്ങളുമുള്ള ഒരു ഹൈസ്കൂൾ വാധ്യാരിൽ നിന്ന് കൂടുതൽ പ്രതീക്ഷിക്കാനും വയ്യല്ലോ. മൂത്താപ്പാക്കു വേണ്ടി ഹൈസ്കൂൾ കുട്ടികളുടെ ഉത്തരക്കടലാസ് 'വാല്യൂ' ചെയ്തിരുന്ന ഉമ്മയെ ഓർമ്മ വരുന്നു. ആ പേപ്പർ വാല്യുവേഷൻ സ്കൂളിലെ പരസ്യമായ രഹസ്യമായിരുന്നു. വർഷങ്ങൾക്കു ശേഷം ഏച്ചു കൂട്ടിയ ആ ദാമ്പത്യത്തിന്റെ ഇഴകൾ പതുക്കെപ്പതുക്കെ അയഞ്ഞുപോയി. ക്യാൻസർ ബാധിച്ച് മൂത്താപ്പ മരിച്ചു കിടന്ന ദിവസം ഉമ്മ, മൂത്താപ്പയുടെ വീട്ടിൽ ഏറ്റവും അനഭിമതയായ സന്ദർശകയുമായി.

മരിയ്ക്കുന്നതിനു പതിനാലു നാൾ മുമ്പ് ഉമ്മ എന്റെ വീട്ടിലേയ്ക്ക് പോന്നു. യാത്രയിൽ ഉമ്മ സന്തോഷവതിയായിരുന്നു. അസുഖം കുറഞ്ഞു വരികയാണ് എന്നവർ വിശ്വസിച്ചു. നിത്യമായ യാത്രയ്ക്കുള്ള ഒരുക്കിക്കെട്ടലുകൾ ദൈവം പിന്നെ വളരെ ചടുലമായാണ് നടത്തിയത്. ഉമ്മയ്ക്ക് ഗുരുതരമായ രോഗമാണെന്നറിഞ്ഞ് ഗൾഫിലുണ്ടായിരുന്ന മക്കളും ബാംഗ്ലൂരിലും ഡൽഹിയിലു

**ഞങ്ങൾ ബാല്യകൗമാരങ്ങൾ കഴിച്ചുകൂട്ടിയ കാട്ടൂരിലെ വീടിനു മുമ്പിൽ പീടിക മുറിയിൽ ചേക്കേറിയ കുടുംബത്തിലെ മന്ദബുദ്ധിയായ അജുവിനെ ഉമ്മ സ്വന്തം മകനെപ്പോലെ സ്നേഹിച്ചു. അവന്റെ പെങ്ങൾ മല്ലികയെയും ഏട്ടൻ കൃഷ്ണനെയും സ്നേഹിച്ചു. അവർ എന്റെ അനിയത്തിമാരോടൊപ്പം കളിച്ചു വളർന്നു. കരാഞ്ചിറയിലേക്ക് പിന്നെ കുറ്റിപറിച്ചു പോയ ആ കുടുംബം ഉമ്മയുടെ മരണമറിഞ്ഞത് വർത്തമാനപ്പത്രത്തിൽ നിന്ന്. ഉമ്മയുടെ ഫോട്ടോയുള്ള പത്രവും പിടിച്ച് തെളിയാത്ത ഭാഷയിൽ വേദനയോടെയും അസ്വസ്ഥതയോടെയും കാണുന്നവരോടൊക്കെ ഓടി നടന്നു പറഞ്ഞു നടന്ന അജുവിനെപ്പറ്റി അവന്റെ അമ്മയിൽ നിന്ന് പിന്നെ ഞങ്ങൾ കേട്ടറിഞ്ഞു...**



മൊക്കെയുണ്ടായിരുന്ന പേരക്കുട്ടികളും ആധിയോടെ കുതിച്ചെത്തി. ഉമ്മയെ പരിചരിക്കാൻ അവർ മത്സരിച്ചു. അതിലുപരി, കേരളത്തിലങ്ങോളമിങ്ങോളമുള്ള ബന്ധുജനങ്ങളും പരിചയക്കാരും ദിവസേനയെന്നോണം കോഴിക്കോട്ടേയ്ക്ക് ഒഴുകിയെത്തി. ഉമ്മയെ പ്രവേശിപ്പിച്ച ഐസിയു വരാന്തയും ആശുപത്രി മുറിയും ഞങ്ങളുടെ വീടും സന്ദർശകരാൽ എന്നും നിറഞ്ഞു. ഞങ്ങൾ പെൺമക്കളുടെ മനസ്സുകളിലുണ്ടായിരുന്നതിനേക്കാൾ തേജോമയവും ശക്തവുമായ പ്രതിഫലനങ്ങൾ ഉമ്മ ബന്ധുക്കളുടെയും നാട്ടുകാരുടെയും മനസ്സുകളിലുണ്ടാക്കിയിരുന്നു എന്നു ഞങ്ങളെപ്പോളറിഞ്ഞു. അവരുടെ നാവുകളിൽ ഉമ്മ നിറഞ്ഞു കവിഞ്ഞു. സ്വസ്വത്വത്തിന് ഏറ്റവുമധികം പ്രാധാന്യം കൊടുത്തപ്പോഴും ഉമ്മ ചുറ്റുമുള്ള വ്യക്തികളിലേക്ക്, സ്നേഹത്തിന്റെ, നന്മയുടെ പ്രകാശം ചുരത്തിയിരുന്നു! അല്ലെങ്കിൽ, അവനവനെ ഒരിക്കലും നിഷേധിക്കാതിരുന്നതുകൊണ്ടാകാം സ്വമനസ്സിലെ നന്മകൾ കൂടി നൂറിൽ നൂറു ശതമാനവും പ്രകാശിപ്പിക്കാൻ ഉമ്മയ്ക്കായത്. പാരമ്പര്യപരിവേഷങ്ങളിൽ കുടുങ്ങിക്കിടക്കുന്ന പല അമ്മമാർക്കും സാധിക്കാത്തത്! ഉമ്മ വിമർശനങ്ങളെ ഭയന്നില്ല. നാട്യങ്ങളിൽ വിശ്വസിച്ചില്ല.

ഞങ്ങളെ വളർത്തിയെടുക്കാൻ ഒട്ടനവധി ബന്ധുജനങ്ങളുടെ സഹായങ്ങൾ ഉമ്മയിലേയ്ക്കൊഴുകിയെത്തിയിട്ടുണ്ട് അത്യന്തം പ്രകാശമാനമാകേണ്ടിയിരുന്ന ആ ജീവിതത്തിൽ പടർന്ന കാളിമ അവരെ ആരാധനയോടെ നോക്കിയിരുന്ന പലരുടെയും ഹൃദയവേദനകൂടി ആയിതീർന്നതുകൊണ്ടാകാം. അത്ഭുതകരമായ കാര്യം ഉപ്പയുടെ കുടുംബക്കാരും ഉമ്മയെ സ്വന്തത്തിൽ സ്വന്തമെന്നപോലെ സ്നേഹിച്ചിരുന്നു എന്നുള്ളതാണ്. സ്നേഹിച്ചവരെയും സഹായിച്ചവരെയുമൊന്നും ഉമ്മ മറന്നില്ല. ബന്ധുവീടുകളിലെ ഏതാണ്ടെല്ലാ വിശേഷങ്ങൾക്കും ഉമ്മ പറന്നെത്തി. കല്ല്യാണങ്ങൾക്ക്, മരണങ്ങൾക്ക്, രോഗാതുരതകൾക്ക് ഉമ്മ സജീവ സാന്നിധ്യമായി, എത്ര കഷ്ടപ്പെട്ടിട്ടായാലും ഏതു ദുർഘട സന്ധിയിൽ കുടുങ്ങിക്കിടക്കുകയായിരുന്നാലും. കഷ്ടപ്പെടുന്നവർക്കെല്ലാം, വേദനിക്കുന്നവർക്കെല്ലാം, സ്നേഹിക്കുന്നവർക്കെല്ലാം സാന്നിധ്യം കൊണ്ടെങ്കിലും ആശ്വാസമാകാൻ കഴിഞ്ഞിരുന്നതിനാൽ ഉമ്മ വല്ലപ്പോഴുമൊക്കെ അവരുടെ നേർക്ക് കാണിച്ചിരിക്കാവുന്ന ദ്വേഷ്യവും പിണക്കവുമൊന്നും ആരും ദീർഘനാൾ മനസ്സിൽ വെച്ചില്ല. ഉമ്മയേക്കാൾ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരുടെ പ്രയാസങ്ങൾ ഉമ്മയറിഞ്ഞു. തന്റെ പേഴ്സിൽ പണമില്ലെങ്കിൽ കടം വാങ്ങിയ പണം കൊണ്ടും ആഹാരം കൊണ്ടും അവരെ സഹായിച്ചു. മക്കളെ എപ്പോഴും അതിനായി പ്രേരിപ്പിച്ചു.

ഞങ്ങൾ ബാല്യകൗമാരങ്ങൾ കഴിച്ചുകൂട്ടിയ കാട്ടൂരിലെ വീടിനു മുമ്പിൽ പീടിക മുറിയിൽ ചേക്കേറിയ കുടുംബത്തിലെ മന്ദബുദ്ധിയായ അജുവിനെ ഉമ്മ സ്വന്തം മകനെപ്പോലെ സ്നേഹിച്ചു. അവന്റെ പെങ്ങൾ മല്ലികയെയും ഏട്ടൻ കൃഷ്ണനെയും സ്നേഹിച്ചു. അവർ എന്റെ അനിയത്തിമാരോടൊപ്പം കളിച്ചു വളർന്നു. കരാഞ്ചിറയിലേക്ക് പിന്നെ കുറ്റി പറിച്ചു പോയ ആ കുടുംബം ഉമ്മയുടെ മരണമറിഞ്ഞത് വർത്തമാനപ്പത്രത്തിൽ നിന്ന്. ഉമ്മയുടെ ഫോട്ടോയുള്ള പത്രവും പിടിച്ച് തെളിയാത്ത ഭാഷയിൽ വേദനയോടെയും അസ്വസ്ഥതയോടെയും കാണുന്നവരോടൊക്കെ ഓടി നടന്നു പറഞ്ഞു നടന്ന അജുവിനെപ്പറ്റി അവന്റെ അമ്മയിൽ നിന്ന് പിന്നെ ഞങ്ങൾ കേട്ടറിഞ്ഞു...

ഉമ്മയുടെ മക്കളായി ജനിച്ചതിനാൽ ഞങ്ങൾ ഭാഗ്യം ചെയ്തവരായി. ഏതാണ്ടെല്ലാവരും ഉന്നതവിദ്യാഭ്യാസം നേടി. അവരവരുടെ മണ്ഡലങ്ങളിൽ അശ്രാന്തപരിശ്രമികളായി. ഒരാളെപ്പോലും 'അയോഗ്യർക്ക്' പിടിച്ചു കൊടുത്തു ഭാരമൊഴിവാക്കാൻ ഉമ്മ ശ്രമിച്ചില്ല. അതിനു പ്രേരണയാകാവുന്ന വീൺ വാക്കുകളിൽ അടിതെറ്റിവീണില്ല. ഓരോ പെൺകുട്ടിയിലും ഒരുപക്ഷേ, ഉമ്മ തന്നെത്തന്നെ കണ്ടിരിക്കണം. ഓരോരുത്തരുടെയും ഭാവി അവർക്ക് കരഗതമായ ബുദ്ധിശക്തിയും കഴിവുകളും അനുവദിക്കുന്നത്രയും വികസിതമാക്കാൻ ഉമ്മ കൂടെ നിന്നു. ഇതിനൊക്കെയിടയിലും ഉമ്മ ഉമ്മയെ മറന്നില്ല എന്നതാണത്ഭുതം. ഒരിക്കൽ കൈവഴുതിപ്പോയ എം.ബി.ബി.എസ് പഠനം തിരിച്ചുപിടിക്കാൻ വിധവയായതിനു ശേഷം രണ്ടുവട്ടം കൂടി ഉമ്മ കിണഞ്ഞു. ഇന്റർവ്യൂ കാർഡ് പൂഴ്ത്തിവെച്ച് ആദ്യവട്ടം ഉമ്മയുടെ സംരക്ഷകർ ഉമ്മയെ തോല്പിച്ചു. ഞാൻ എം.ബി.ബി.എസിനു ചേർന്ന വർഷമായിരുന്നു ഉമ്മയുടെ രണ്ടാംവട്ട ശ്രമം. പ്രായപരിധി കഴിഞ്ഞുവെന്ന പേരിൽ അന്ന് ആ സ്വപ്നത്തിന്റെ വാതിൽ ഉമ്മയ്ക്ക് മുന്നിൽ എന്നെന്നേയ്ക്കുമായി അടഞ്ഞുപോയി. ആദ്യശ്രമത്തെപ്പറ്റിയും പരാജയത്തെപറ്റിയും ഞാനറിഞ്ഞത് ഉമ്മയുടെ വിയോഗശേഷം. ഉമ്മ എന്നോടൊപ്പം മെഡിക്കൽ കോളേജിൽ വിദ്യാർത്ഥിനിയായി ചേർന്നാലുള്ള പുകിലോർത്ത് ഞങ്ങൾ സഹോദരിമാരന്ന് കളി പറഞ്ഞു ചിരിച്ചതോർത്തു അപ്പോൾ. ആ മനസ്സിന്റെ വിങ്ങലും വേദനയുമൊക്കെ ഞങ്ങളെന്തറിഞ്ഞു!

ഞാനൊരെഴുത്തുകാരിയായി അംഗീകരിക്കപ്പെടുന്നതിൽ ഉമ്മ സന്തോഷിച്ചിരുന്നോ? എന്റെ ആദ്യ

നോവൽ ഉമ്മയ്ക്ക് സമർപ്പിച്ചുകൊണ്ട് ഞാനെഴുതി. 'മാതൃത്വത്തെ അതിന്റെ എല്ലാ സങ്കീർണ്ണതകളോടും കൂടി എന്നെ അനുഭവിപ്പിച്ച എന്റെ ഉമ്മയ്ക്ക്!' പുസ്തകത്തിന്റെ പ്രകാശനത്തിന് നിറഞ്ഞ അഭിമാനത്തോടെ ഉമ്മ വന്നിരുന്നത് ഓർക്കുന്നു. രണ്ടാമത്തെ നോവൽ 'ബർസ'യുടെ പ്രകാശനത്തിന് ഉമ്മയെ ഞാൻ ക്ഷണിച്ചില്ല. അതിലെ ആശയവും, മത-സാമൂഹിക വിമർശനവും ഉമ്മയെ അസ്വസ്ഥയാക്കിയേക്കുമോ എന്നു സംശയിച്ചതിനാൽ. തികഞ്ഞ മതവിശ്വാസി തന്നെയായിരുന്നു ഉമ്മ. അതിനപ്പുറം ഞങ്ങൾ മക്കളുടെയും പേരക്കുട്ടികളുടെയും സുരക്ഷയെപ്പറ്റി സദാ ഉത്ക്കണ്ഠകൾ പുലർത്തുന്നവളും. ആധി പിടിക്കുമ്പോഴൊക്കെ ഉമ്മ നേർച്ചകൾ നേർന്നു. ഉമ്മയുടെ മരണശേഷം അലമാരയിൽ നിന്ന് അവരുടെ ഡയറികൾ കണ്ടെടുത്തതിനു ശേഷമാണ് ആ ആധികളുടെ വ്യാപ്തി ഞങ്ങളറിഞ്ഞത്. നേർച്ചകളും തുകകളും മറന്നു പോകാതിരിക്കാനായി നീണ്ടനീണ്ട ലിസ്റ്റുകൾ ഡയറിയിലുണ്ടായിരുന്നു. സങ്കടത്തിനിടയിലും ഞങ്ങൾക്ക് നേർത്ത ചിരികൾ സമ്മാനിച്ച നേർച്ചകൾ. പത്തു രൂപ മുതൽ ആയിരം രൂപ വരെ വിഷയത്തിന്റെ ഗൗരവമനസരിച്ച്. പേരക്കുട്ടിയുടെ ഗൾഫുയാത്ര മുതൽ, സീരിയലിലെ നായികയുടെ സങ്കടങ്ങൾക്കു പരിഹാരമായി വരെ നേർച്ചകളുണ്ടായിരുന്നു ഡയറിയിൽ. മക്കളുടെ ചെക്കും ഡ്രാഫ്റ്റും വന്നാൽ ഈ പണമൊക്കെ പാവപ്പെട്ടവർക്കും അനാഥാലയങ്ങൾക്കുമൊക്കെയായി വീതം വെയ്ക്കാനുള്ളതാണ്. ഡയറി നോക്കിക്കൊണ്ടിരുന്ന അനുജത്തി ജമീല വിരൽ ചൂണ്ടിക്കാണിച്ചുതന്നു ഒരു നേർച്ചയിലേയ്ക്ക്. 'ബേബി-തീവ്രവാദികൾ-1000രൂപാ.' ബേബി എന്നാൽ ഖദീജാ മുംതാസ് എന്ന ഞാൻ. 'ബർസ' എഴുതിയ എന്നെ ആരെങ്കിലുമൊക്കെ അപായപ്പെടുത്തുമോയെന്ന് ഉമ്മ ഭയന്നിരുന്നു. അല്ലെങ്കിൽ മനസ്സുകൊണ്ട് ഉമ്മ ആ ആശയങ്ങളെ അംഗീകരിച്ചിരുന്നു എന്ന് എനിക്കറിയാം. അതൊരു ഉള്ളറിവാണ്.

എന്തെല്ലാം വൈജാത്യങ്ങളുണ്ടായിരുന്നാലും ഖദീജാ മുംതാസ്, ഫാത്തിമയുടെ ഒരു നീട്ടിയെഴുത്തു മാത്രമല്ലേ? എല്ലാ പെൺമക്കളും അങ്ങനെത്തന്നെയായിരിക്കാം. അവരവരുടെ അമ്മമാരുടെ വ്യഥകളുടെ, നഷ്ടങ്ങളുടെ, സ്വപ്നങ്ങളുടെ, പൂർത്തിയാക്കാൻ കഴിയാതെ പോയ നിയോഗങ്ങളുടെ നീട്ടിയെഴുത്തുകൾ! ഒരമ്മയും അമ്മ മാത്രമായിരിക്കുന്നില്ല. പ്രകടിപ്പിക്കാൻ കഴിഞ്ഞതും, കഴിയാത്തതുമായ വികാര പ്രപഞ്ചങ്ങളുള്ള പൂർണ്ണ വ്യക്തികൾ തന്നെയാണ് അവരോരോരുത്തരും.

വഴക്കു പറയുകയും ക്രൂരമായി ശിക്ഷിക്കുകയും ചെയ്യുമായിരുന്ന ഉമ്മയിൽ നിന്ന് നിർമ്മലമായി സ്നേഹിക്കുകയും കുഞ്ഞുങ്ങളുമൊത്ത് കൊഞ്ചിക്കുഴയുകയും, അവർക്ക് വേണ്ടി നിരന്തരം പലഹാരങ്ങളും അച്ചാറുകളും ഉണ്ടാക്കിവെയ്ക്കുകയും, കൊടുത്തയയ്ക്കുകയും ചെയ്യുന്ന വെല്ല്യുമ്മയിലേയ്ക്കുള്ള പരിണാമം അമ്പരപ്പിക്കുന്നതായിരുന്നു. പേരക്കുട്ടികൾ വെല്ല്യുമ്മയെ നിറഞ്ഞു സ്നേഹിച്ചു. സന്ദർഭം കിട്ടുമ്പോഴൊക്കെ അവരെ കെട്ടിപ്പിടിച്ചുറങ്ങി. മരണശേഷം, ഐസുപെട്ടിയ്ക്കകത്ത് പ്രിയപ്പെട്ടവരെല്ലാം വന്നു ചേരാനായി കാത്തു കിടന്ന വെല്ല്യുമ്മാക്ക് പേരക്കുട്ടികൾ കണ്ണിമ പൂട്ടാതെ കാവലിരുന്നു. പാതിരാനേരത്തു ജനറേറ്റർ നിശ്ചലമായപ്പോൾ, മണ്ണെണ്ണയ്ക്ക് വേണ്ടി പരക്കം പാഞ്ഞും, പഴയ ജനറേറ്ററിൽ നിന്ന് മണ്ണെണ്ണ ഊറ്റിയെടുത്തൊഴിച്ചും വലിച്ചു സ്റ്റാർട്ടാക്കിയും വെല്ല്യുമ്മയെ മുഷിപ്പിക്കാതിരിക്കാൻ ജീവിച്ചിരിക്കുമ്പോൾ ചെയ്യാറുള്ളതുപോലെത്തന്നെ അവർ തിരക്കു കൂട്ടി. വെല്ല്യുമ്മയ്ക്ക് ചൂട് പണ്ടേ അസഹനീയം. ഇലക്ട്രിസിറ്റിവിതരണ സംവിധാനത്തെ നമ്പാനും വയ്യല്ലോ. ഐസുപെട്ടിയ്ക്കകത്ത് നിറഞ്ഞ തണുപ്പിൽ, പുത്തൻ വെള്ളത്തുണിയിൽ, കൈകൾ മാറിൽ പിണച്ചു കെട്ടി, പരിചരണങ്ങളിൽ മുഗ്ദ്ധയായി, മുഖത്തു നേർത്തൊരു പുഞ്ചിരിയുമായി, മഹാതേജസ്വിനിയായി ഇരുപത്തി നാലു മണിക്കൂർ കൂടി ഉമ്മ ഞങ്ങൾക്കൊപ്പം കഴിഞ്ഞു. ... പിരിഞ്ഞു പോകുമ്പോൾ പെൺമക്കളെല്ലാം സുമംഗലികൾ, സന്തോഷവതികൾ; ഉമ്മ ഭാഗ്യവതിയാണ്. എല്ലാവരും പറഞ്ഞു. ആ തേജസ്സു കണ്ടില്ലേ. റമദാൻ മാസത്തിൽ, പുണ്യവെള്ളിയാഴ്ച, എല്ലാവരുടെയും പരിചരണങ്ങളേറ്റുവാങ്ങി...

ശരിയാണ്. ക്യാസർ രോഗത്തിന്റെ വ്യഥകളിലുലഞ്ഞ്, 'കീമോതെറാപ്പി' യുടെ പീഡനങ്ങളേറ്റുവാങ്ങി, വ്രണിത ഹൃദയയായി, പരാശ്രയയായി ഒരു ജീവിതം! അതു വേണ്ടിവന്നില്ല ഉമ്മയ്ക്ക്: അതു ആസ്വാതന്ത്ര്യ ദാഹിയ്ക്ക് സഹിക്കാവുന്നതിലധികമായേനെ.


മരണത്തിന് അഞ്ചു നാൾ മുമ്പ് ഉമ്മ മക്കളിലാരോടോ കടലാസും പേനയുമാവശ്യപ്പെട്ടു. കണ്ണടയും. പിന്നെ ഉമ്മ ആവേശത്തോടെ എഴുതാൻ ശ്രമിച്ചു. 'എന്റെ പ്രിയപ്പെട്ട ബേബിമോളേ...' രോഗം കൊണ്ടു വിറയ്ക്കുന്ന വിരലുകൾ നിയന്ത്രിക്കാൻ പണിപ്പെട്ട് ഉമ്മ ഒട്ടേറെ വാചകങ്ങൾ എഴുതിക്കൂട്ടി. വാചകങ്ങൾ ഒന്നിനു മുകളിൽ വേറൊന്നായി... വാക്കുകളും വാചകങ്ങളും കൂടിക്കലർന്നും ... കത്തു കയ്യിൽ കിട്ടിയപ്പോൾ ഞാൻ ഉള്ളിൽ കരഞ്ഞു. ഇടയ്ക്കിടെ ചില വാക്കുകളല്ലാതെ ഒന്നും വേർതിരിച്ചെടുക്കാൻ വയ്യ. പിന്നെ അധികം വൈകാതെ ഉമ്മ പതുക്കെ അബോധാവസ്ഥയിലേയ്ക്ക് പടിയിറങ്ങിപ്പോയി...

ഉമ്മയ്ക്ക് എന്നോട്, ഈ ബേബിയോട് എന്തൊക്കെയോ പറയാനുണ്ടായിരുന്നു. എന്തൊക്കെയായിരുന്നു അവ? പരിഭവങ്ങൾ? കുറ്റാരോപണങ്ങൾ...? കുറ്റസമ്മതങ്ങൾ! ഉമ്മ ആയിത്തീരേണ്ടതൊക്കെ ആകാൻ ഭാഗ്യം സിദ്ധിച്ച ഞാൻ, ഉമ്മയെ ഒട്ടും മനസ്സിലാക്കിയില്ലെന്നായിരിക്കുമോ ഒരു പക്ഷേ? അറിയില്ല... ഉമ്മയുടെ പ്രകൃതം പോലെത്തന്നെ പിടി തരാത്ത ചോദ്യങ്ങൾ...

ഉമ്മയുടെ മരണവാർത്ത പത്രങ്ങളിൽ വന്നിരുന്നതിങ്ങനെ.

'എഴുത്തുകാരി ഖദീജാമുംതാസിന്റെ ഉമ്മ ...' ഖദീജാമുംതാസിന്റെ ഉമ്മ എന്നതിലപ്പുറമുള്ള പ്രസക്തി എന്റെ ഉമ്മാക്കുണ്ടായിരുന്നില്ലേ? ഉണ്ടാകേണ്ടതായിരുന്നില്ലേ...? അല്ലെങ്കിൽ, എന്തെല്ലാം വൈജാത്യങ്ങളുണ്ടായിരുന്നാലും ഖദീജാ മുംതാസ്, ഫാത്തിമയുടെ ഒരു നീട്ടിയെഴുത്തു മാത്രമല്ലേ?

എല്ലാ പെൺമക്കളും അങ്ങനെത്തന്നെയായിരിക്കാം. അവരവരുടെ അമ്മമാരുടെ വ്യഥകളുടെ, നഷ്ടങ്ങളുടെ, സ്വപ്നങ്ങളുടെ, പൂർത്തിയാക്കാൻ കഴിയാതെ പോയ നിയോഗങ്ങളുടെ നീട്ടിയെഴുത്തുകൾ! ഒരമ്മയും അമ്മ മാത്രമായിരിക്കുന്നില്ല. പ്രകടിപ്പിക്കാൻ കഴിഞ്ഞതും, കഴിയാത്തതുമായ വികാര പ്രപഞ്ചങ്ങളുള്ള പൂർണ്ണവ്യക്തികൾ തന്നെയാണ് അവരോരോരുത്തരും.




# കോഴിക്കോട് ഐസ്ക്രീം പാർലർ കേസ് : ചരിത്രത്തിലെ ഒരു വഴിത്തിരിവ്

കേരളത്തിന്റെ ചരിത്രത്തെ തന്നെ മാറ്റിമറിക്കുന്ന വിധം കോളിളക്കങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന, രാഷ്ട്രീയബന്ധങ്ങളിൽ പുതിയ ധ്രുവീകരണത്തിനും സമവായത്തിനും ഹേതുവായിക്കൊണ്ടിരിക്കുന്ന കോഴിക്കോട് ഐസ്ക്രീം പാർലർ കേസ് നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ ചീഞ്ഞുനാറുന്ന അവസ്ഥയുടെ ഒരു പ്രത്യക്ഷോദാഹരണമാണ്.

നീതിനിർവ്വഹണത്തിന്റെ സ്വാഭാവികമായ പ്രക്രിയ ഇത്രയേറെ അട്ടിമറിയ്ക്കപ്പെട്ട ഒരു കേസ് മുമ്പുണ്ടായിട്ടില്ല എന്നുതന്നെപറയാം. 1994-95 കളിലെ യു.ഡി.എഫ്.ഭരണകാലത്ത് നടന്ന ഈ സംഭവങ്ങൾ 1997-ലെ എൽ.ഡി.എഫ്. ഭരണകാലത്താണ് പുറത്ത് വന്നത്. അന്നുമുതൽ ഈ കേസിന്റെ കാര്യത്തിൽ ജീവൻ പോലും പണയം വെച്ചുകൊണ്ടുള്ള പോരാട്ടത്തിന്റെ പാതയിലാണ് അന്വേഷിയും കേരള സ്ത്രീവേദിയും. മൂന്നു തന്ത്രങ്ങളാണ് ഈ കേസിൽ പ്രതിചേർക്കപ്പെടാതിരിക്കാൻ കുഞ്ഞാലിക്കുട്ടി പയറ്റിയത്. അന്വേഷിയെ, അജിതയെ പ്രീണിപ്പിക്കുക. പണം തരാമെന്ന്(50 ലക്ഷം മുതൽ ഒരു കോടി വരെ) പറഞ്ഞ് പ്രലോഭിപ്പിക്കുക. ഇതിൽ വീഴുന്നില്ലെങ്കിൽ ജീവനോടെ വെച്ചേക്കില്ലെന്ന് ഭീഷണിപ്പെടുത്തുക-ഫോണിലൂടെയും പോസ്റ്റ് കാർഡുകളിലൂടെയും തെറി വിളിക്കുക. ഇവ കൊണ്ടൊന്നും ഒതുങ്ങിയില്ലെങ്കിൽ അപവാദ പ്രചരണം നടത്തുക. എനിക്കെതിരായി നുണക്കഥകൾ പ്രചരിപ്പിക്കുന്ന ലക്ഷക്കണക്കിന് 'ഊമ' നോട്ടീസുകൾ അക്കാലത്ത് കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടിരുന്നു.

മന്ത്രിയായി കഴിഞ്ഞശേഷം 'കേസുകൾ എന്തായാലും ജയിക്കാൻ പോകുന്നില്ല അതുകൊണ്ട് കൂടുതൽ താല്പര്യം കാണിക്കാതെ മരവിപ്പിച്ച് നിർത്തിക്കൂടെ' എന്നാണ് മന്ത്രിയുടെ ഉറ്റ സുഹൃത്ത്(കോയമ്പത്തൂരിലെ ഒരു മിസ്റ്റർ വിജയൻ)എന്നോട് അപേക്ഷിച്ചത്. കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ അഡ്വൈസറി ബോർഡ് ചെയർപേഴ്സൺ പദവിയും പല തരത്തിലുള്ള പാരിതോഷികങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടു. അന്വേഷി കമ്മിറ്റിക്കു മുന്നിൽ മന്ത്രി വന്നു മാപ്പുപറയുമെന്ന് പറഞ്ഞു. (ഇദ്ദേഹം അന്വേഷി കമ്മിറ്റിയോട് എന്ത് തെറ്റാണാവോ ചെയ്തത്!) ഇനി ഈ കേസ് പ്രശ്നമാക്കരുതെന്ന ഒറ്റ ഡിമാന്റ് മാത്രമേ പകരമുണ്ടായിരുന്നുള്ളൂ. എല്ലാറ്റിനും ഞങ്ങൾ കൊടുത്ത മറുപടി ഇത്രമാത്രം : ഒരൊത്തുതീർപ്പിനും ഞങ്ങളില്ല. പരാജയപ്പെടാൻ ഞങ്ങൾ തയ്യാറാണ്, ഏത് പോരാട്ടത്തിലും എന്നപോലെ.

ഇന്ന് ഈ കേസിനോട് സർക്കാർ എടുക്കുന്ന സമീപനം നോക്കൂ. ജനങ്ങളുടെ നികുതിപ്പണം ലക്ഷക്കണക്കിന് ചിലവഴിച്ചുകൊണ്ട് മന്ത്രിയെ സംരക്ഷിക്കുന്നു. ആയിരക്കണക്കിന് പോലീസുകാരെ ഉപയോഗിച്ച് ജനങ്ങളെ വിരട്ടുന്നു. ഈ മന്ത്രിയുടെ രണ്ടുലക്ഷത്തോളം വരുന്ന ടെലിഫോൺ ബിൽ ജനസേവനത്തിനാണോ ഉപയോഗിച്ചത്? ഭരണം മാസങ്ങളോളം സ്തംഭിച്ചിരിക്കുന്നു. മുഖ്യമന്ത്രിക്ക് മാധ്യമപ്രവർത്തകരെ നേരിടാനാവുന്നില്ല. ഇത്രയൊക്കെയായിട്ടും കുഞ്ഞാലിക്കുട്ടിയോട് തന്റെ നിരപരാധിത്വം തെളിയിക്കുന്നതുവരെ മാറിനിൽക്കാൻ പറയാനുള്ള ചങ്കൂറ്റം ഉമ്മൻചാണ്ടിക്കില്ല. ഈ കിംഗ്മേക്കറെ, ആഗോളമൂലധനത്തിന്റെ ഈ കമ്മീഷൻ ഏജന്റിനെ, ഈ മാഫിയാ തലവനെ കൈകാര്യം ചെയ്യാൻ കേരളത്തിലെ ജനങ്ങൾ തന്നെ തെരുവിൽ ഇറങ്ങേണ്ടി വന്നിരിക്കുന്നു.

*സത്യം വളരെക്കാലം മൂടിവെയ്ക്കാനാവില്ലെന്നും എത്ര തന്നെ പണം കൊണ്ടും അധികാരം കൊണ്ടും കുഴിച്ചുമൂടാൻ ശ്രമിച്ചാലും ചാരത്തിൽനിന്ന് ഉയർന്നുവരുന്ന ഫീനിക്സ് പക്ഷിയെപ്പോലെ അത് ഉയർത്തെഴുന്നേൽക്കുമെന്നും സമീപകാല സംഭവങ്ങൾ തെളിയിച്ചിരിക്കുന്നു. വിജയം ഒരു വിളിപാട് അകലെയാണ്. ആത്മവിശ്വാസത്തോടെ നമുക്ക് ലോകത്തെ അഭിമുഖീകരിക്കാം.*

**കെ. അജിത**

*അന്വേഷി ന്യൂസ് ലെറ്റർ മുഖപ്രസംഗം*

**അനുഭവം**





# 'സ്ത്രീകൾക്കുള്ള വഴി'

**നിഹ്സ. സി**

"വിശാലമായ പള്ളിമുറ്റത്ത് ഒന്നിരിക്കണമെന്നുണ്ടായിരുന്നു, സ്ത്രീകൾക്കുള്ള വഴിയേ പോയാൽ അവിടെ എത്തുമെന്ന് തോന്നുന്നില്ല".

എന്റെ വാക്കുകൾക്ക് ക്ഷുഭിതമായ ഒരു നോട്ടമായിരുന്നു

കലാലയത്തിലേക്കുള്ള വഴിയിൽ തലയെടുപ്പോടെ നിന്നിരുന്ന മനോഹരമായ ആ പള്ളി കാഴ്ചയ്ക്ക് പ്രത്യേക ഒരാനന്ദം തന്നിരുന്നു. പച്ചപ്പുൽത്തകിടിയും പൂക്കളുമൊക്കെയായി ഭംഗിയുള്ള പള്ളിമുറ്റമാണ് എന്നെ ഏറെ ആകർഷിച്ചത്. മുന്നിലെ തുറന്നിട്ട കവാടത്തിലൂടെ അതിന്റെ വിശാലമായ അകത്തളങ്ങളിലേക്ക് ഞാൻ ഒരുപാട് എത്തിനോക്കിയിട്ടുണ്ട്. ബസിലെ തിരക്കിനിടയിൽ പള്ളിയിലേക്ക് നോക്കിക്കൊണ്ടിരുന്നപ്പോഴാണ് അവിടെ സ്ത്രീകൾക്ക് പ്രവേശനമുണ്ടെന്ന കാര്യം കൂട്ടുകാരി പറഞ്ഞത്.

പണ്ടൊരിക്കൽ വല്ല്യുമ്മയ്ക്കൊപ്പം നടന്നു പോകുമ്പോൾ പള്ളിക്കു മുന്നിൽ നിന്നും കൈകൾ മുകളിലോട്ടുയർത്തി കണ്ണുകളടച്ച് വല്ല്യുമ്മ പ്രാർത്ഥിച്ചത് ഞാൻ കണ്ടതാണ്. അന്ന് പള്ളിക്കകത്ത് കയറണമെന്ന എന്റെ വാശിക്കു മുന്നിൽ ഉപദേശത്തിന്റെയും ശിക്ഷയുടെയും പെരുമഴ അവരെത്ര പെയ്യിച്ചതാണ്.

"പള്ളിയിൽ കയറാൻ നീ ആണൊന്നുമല്ലല്ലോ? പെണ്ണിനു പള്ളി ഹറാമാണെന്നറിയില്ലേ? ഒന്നൂല്ലേലും ഓത്തു പഠിച്ചോളല്ലേ നീയ്യ്?".

അന്നുമുതൽ പള്ളിക്കടുത്തെത്തുമ്പോൾ നോക്കാൻ പോലും പേടിയായിരുന്നു. കാരണം ഹറാമെന്നാൽ ചെയ്താൽ ശിക്ഷയുള്ള കാര്യമാണ്. ശിക്ഷയെന്നാൽ നരകശിക്ഷ. അത് അതിഭീകരമാണ്.

ഇന്നിപ്പോൾ ഈ പള്ളിയിൽ എല്ലാവർക്കും പോയി പ്രാർത്ഥിക്കാമെന്നത് സന്തോഷമുള്ള കാര്യം തന്നെ. എങ്കിൽ പിന്നെ നമുക്കവിടെ പോയി പ്രാർത്ഥിച്ചാലെന്താണ് എന്ന ചിന്തയിൽ നിന്നാണ് വെള്ളിയാഴ്ചകളിലെ പ്രാർത്ഥനകളെ ലേഡീസ് റൂമിന്റെ തിരക്കിൽ നിന്നും പള്ളിയുടെ മനോഹരമായ അകത്തളങ്ങളിലേക്ക് പറിച്ചുനടാൻ ഞാനും എന്റെ കൂട്ടുകാരിയും തീരുമാനിച്ചത്.

വിശാലമായൊരു വഴി മുന്നിൽ കിടപ്പുണ്ട്. വലിയ ഗേറ്റും ഇരുവശവും ബോഗൻവില്ലകളുമൊക്കെയായി മനോഹരമായൊരു വഴി.... അതിലേ പള്ളിക്ക് അകത്തേക്ക് കയറാ



നൊരുങ്ങിയപ്പോൾ ഒരാൾ വിലക്കി. "എന്താണിത്, സ്ത്രീകൾക്കുള്ള വഴി അപ്പുറത്ത് കണ്ടില്ലേ?"

"സോറി, എഴുതിവെച്ചത് കണ്ടില്ല". കൂട്ടുകാരി ക്ഷമാപണം നടത്തി.

"വിശാലമായ പള്ളിമുറ്റത്ത് ഒന്നിരിക്കണമെന്നുണ്ടായിരുന്നു, സ്ത്രീകൾക്കുള്ള വഴിയേ പോയാൽ അവിടെ എത്തുമെന്ന് തോന്നുന്നില്ല".

എന്റെ വാക്കുകൾക്ക് ക്ഷുബിതമായ ഒരു നോട്ടമായിരുന്നു അയാളുടെ മറുപടി.

സ്ത്രീകൾക്കുള്ള വഴി വളരെ ഇടുങ്ങിയതായിരുന്നു. നടക്കുമ്പോൾ ചുമരുകൾക്കിടയ്ക്ക് കുടുങ്ങിപ്പോയതുപോലെ. മുന്നിൽ രണ്ടു സ്ത്രീകൾ നടക്കുന്നുണ്ട്. ഒരു ക്യൂവിലെന്നതുപോലെ ഞങ്ങൾ അവർക്ക് പിന്നാലെ നടന്നു.

"നമ്മുടെ വഴി വിശാലമല്ല, അല്ലേ?" എന്റെ ചോദ്യം കേട്ടവർക്കിഷ്ടമായില്ല.

"നമുക്കിതു തന്നെ വലിയൊരനുഗ്രഹം. ആണുങ്ങൾ ഒരുപാട് പേർ ദൈവസന്നിധിയിൽ വരുന്നവർ, നമ്മൾ വല്ലപ്പോഴുമെത്തുന്നവർ മാത്രം. പിന്നെ ആണുങ്ങളല്ലേ, പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നത്. ചെറിയതെങ്കിലും ഒരു വഴി അവർ നമുക്കു തന്നില്ലേ.....".

"സ്ത്രീ ഏത് ഇടുങ്ങിയ വഴിയിലും എത്ര വിശാലമായി ചിന്തിക്കുന്നു എന്ന് നോക്കൂ" കൂട്ടുകാരിയോട് ചിരിച്ച് കൊണ്ട് പറഞ്ഞു.

സ്ത്രീകൾക്കുള്ള വഴിയേ ചുറ്റിവളഞ്ഞ് നടന്നെത്തിയത് പള്ളിയുടെ പിന്നാമ്പുറത്ത്. അവിടെ ഒരു കുഞ്ഞുമുറിയിൽ ഒരുപാട് സ്ത്രീകൾ പർദ്ദയണിഞ്ഞ് നിൽപാണ്. വലിയ വെളിച്ചമില്ലാത്ത ആ മുറിയിൽ ഒരു സ്ത്രീ എന്തോ തപ്പുന്നുണ്ടായിരുന്നു.

"എന്താണ് തിരയുന്നത്?" ഞാൻ ചോദിച്ചു. "കണ്ണട ഇവിടെ വെച്ചിരുന്നു, കാണുന്നില്ല". കണ്ണടവെച്ചിട്ട് ഇവിടെ എന്താണു കാണാനുള്ളത് എന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. വാതിൽക്കൽ നിന്നാൽ കാണുന്നത് കൂറ്റൻ മതിൽ. ഒരു ചെറിയ മുറ്റം പോലുമില്ല. ആകെയുള്ള രണ്ടു ജനവാതിലുകൾ സാക്ഷയിട്ടിരിക്കുന്നു. ഞാൻ ഒന്നു തുറക്കാൻ ശ്രമിച്ചു. അത് തുറക്കാറില്ലെന്ന് ഒരു സ്ത്രീ പറഞ്ഞു. "എന്തിന് തുറക്കാതിരിക്കണം. ഒരിത്തിരി വെളിച്ചം നമ്മുടെ പ്രാർത്ഥനയ്ക്കും കുളിരേകട്ടെ" വളരെ കഷ്ടപ്പെട്ടാണെങ്കിലും ഞാൻ അവ തുറന്നിട്ടു.

പള്ളിയിൽ ബാങ്കുവിളിച്ചു. പ്രാർത്ഥനാകർമ്മങ്ങൾ ആരംഭിച്ചു. പക്ഷേ അതിന്റെ കാഴ്ചകളൊക്കെ നാലു ചുമരുകൾ കൊണ്ട് സ്ത്രീകളിൽ നിന്നും മറയ്ക്കപ്പെട്ടിരുന്നു. കോൺക്രീറ്റ് ചുമരുകൾ കാഴ്ചയെ തടസ്സപ്പെടുത്തിയെങ്കിലും കേൾവി ഞങ്ങൾക്കന്യമായില്ല. കാറ്റ് ഓരോ പ്രാർത്ഥനയെയും ഞങ്ങളുടെ മുറിയിലെത്തിച്ചു.

മുമ്പൊരിക്കൽ 'വയള്' അഥവാ മതപ്രസംഗം കേൾക്കാൻ പോയപ്പോഴും ഇതു തന്നെയായിരുന്നു അവസ്ഥ. അവിടെ പ്രാസംഗികന്റെ അംഗവിക്ഷേപങ്ങളും ശരീരഭാഷയും ഞങ്ങൾക്കന്യമാക്കിക്കൊണ്ട് ഒരു വലിയ സ്ക്രീൻ അവർക്കും ഞങ്ങൾക്കുമിടയിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അന്ന് ശബ്ദം മാത്രം അറിഞ്ഞ് ഒരു വിഡ്ഢിയെപ്പോലെ തിരിച്ചുപോരുമ്പോൾ ഇനി ഇത്തരം വേർതിരിവിൽ പങ്കാളിയാകില്ലെന്ന് ഉറപ്പിച്ചതായിരുന്നു. ഇപ്പോഴിതാ വീണ്ടും... സ്ത്രീകൾക്ക് പ്രവേശനമുള്ള പള്ളി വളരെ വലുതുതന്നെ, പക്ഷേ അവിടെ അവൾക്ക് വേർതിരിച്ചു വെച്ചിരുന്ന ലോകം വളരെ ചെറുതായിരുന്നു. എന്നിട്ടും അന്ധത നടിച്ച് അടങ്ങിയൊതുങ്ങി അതിനകത്തിരുന്നു പ്രാർത്ഥിച്ചു. മനസ്സുനിറയെ, കണ്ണും കാതും തുറന്നു വെച്ച് പ്രാർത്ഥനയുടെ ലോകത്ത് വിഹരിക്കുന്ന ആണുങ്ങളോടുള്ള അസൂയായിരുന്നു.

പള്ളിയിൽ നിന്നിറങ്ങി ഓടിയെത്തിയത് ലേഡീസ് റൂമിന്റെ മൂലയിലേക്ക്.... അവിടെ ദൈവം എന്നോടിങ്ങനെ പറഞ്ഞതായി തോന്നി. "ഞാൻ ഇവിടെത്തന്നെയായിരുന്നു. അവന്റെ പത്രാസ്സു നിറഞ്ഞ പ്രാർത്ഥനയെക്കാൾ എനിക്കിഷ്ടം നിന്റെ കണ്ണീരുപ്പു കലർന്ന കീറിപ്പറിഞ്ഞ പ്രാർത്ഥനകളെയായിരുന്നു. ഞാൻ, നിന്റെ ദൈവം സ്ത്രീയോ പുരുഷനോ അല്ലെന്നറിയില്ലേ! അപ്പോപ്പിന്നെ ആണുഭരിക്കുന്ന പള്ളിയുടെ ഇരുണ്ടമൂലയിൽ ഒരു രണ്ടാംകിട പ്രാർത്ഥനയ്ക്ക് നീയെന്തിനുപോയി. ഞാൻ നിന്റെ കൂടെത്തന്നെയുണ്ടല്ലോ!"

അന്ന് ഞാനൊരു സ്വപ്നം കണ്ടു. ആകാശം മുട്ടുന്ന മിനാരങ്ങളുള്ള സുന്ദരമായ പള്ളി. പള്ളിയുടെ പ്രധാനകവാടത്തിലൂടെ കടന്നു ചെന്നപ്പോൾ എന്നെയാരും വിലക്കിയില്ല. പള്ളിക്കകത്ത് സ്ത്രീകളുടെ കാഴ്ചകളെ മറയ്ക്കുന്ന മതിലുകളുമില്ലായിരുന്നു. അങ്ങോട്ടുള്ള എല്ലാ വഴികളും അവളുടേതായിരുന്നു. ●

**കഥ**

ധന്യാരാജ്



# അപരാജിത

അവളെ ഇന്റർവ്യൂ ചെയ്യാനായി നിയോഗിക്കപ്പെട്ടതറിഞ്ഞ് ഞാൻ വല്ലാത്തൊരു ആശയക്കുഴപ്പത്തിലായി. ഞങ്ങളുടെ വാർത്താചാനലിന്റെ മേലധികാരിയുടെ കാബിനിൽ വാക്കുകൾ നഷ്ടപ്പെട്ട് ഞാൻ ഏതാനും നിമിഷങ്ങൾ നിന്നു. പിന്നീട് പരിചയസമ്പന്നയായ ഒരു മാധ്യമപ്രവർത്തകയുടെ മനഃസാന്നിദ്ധ്യം വീണ്ടെടുക്കാൻ ശ്രമിച്ചുകൊണ്ട് ഞാൻ മേശപ്പുറത്തെ ഇംഗ്ലീഷ് ജേർണലുകളിലേക്ക് ശ്രദ്ധ തിരിച്ചു.

''എന്താ, എന്തെങ്കിലും തടസ്സങ്ങളുണ്ടോ ?''

ജോ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന ഞങ്ങളുടെ എം.ഡി എഡ്വേർഡ് ജോൺ പെട്ടെന്ന് മുഖമുയർത്തി എന്നോടു ചോദിച്ചു. അദ്ദേഹത്തിന്റെ കൂർത്ത കണ്ണുകളും കഷണ്ടി കയറിയ തലയും ഒരു പോലെ തിളങ്ങി. ചാനലിന്റെ ഇപ്പോഴത്തെ രൂപമാറ്റങ്ങൾക്കും പുതുമകൾക്കും കാരണക്കാരനായ ജോയെ ഏറ്റവും ബുദ്ധിമാനായ മാധ്യമപ്രവർത്തകൻ എന്നാണ് എല്ലാവരും വിശേഷിപ്പിക്കുന്നതെന്ന് ഞാനന്നേരമോർത്തു. ബുദ്ധിമാന്മാരെക്കൊണ്ട് രക്ഷയില്ലാതായിരിക്കുന്നു ! ഞാൻ മനസ്സിൽ പറഞ്ഞു.

''വ്യത്യസ്തമായ ഒരു ഡോക്യുമെന്ററിയാണ് ഞാനുദ്ദേശിക്കുന്നത്'' ജോ പറഞ്ഞു. ''അവരെ ഇന്റർവ്യൂ ചെയ്യാനുള്ള അനുവാദം കിട്ടാൻ ബുദ്ധിമുട്ടായിരിക്കും''. അദ്ദേഹം തന്റെ മനസ്സിലുള്ള ചില ആശയങ്ങൾ പങ്കുവെച്ചു. ഈ വിഷയത്തിന്റെ പ്രാധാന്യത്തെപ്പറ്റി എനിക്കറിയില്ലെന്ന മട്ടിൽ വിശദീകരിച്ചു. ''നമുക്ക് വിശ്വസി

ക്കാൻതന്നെ പ്രയാസം തോന്നും. വർഷങ്ങളായി അവർ നിരാഹാര സമരത്തിലാണ്. ഏറെക്കുറെ നിങ്ങളുടെ പ്രായത്തിലുള്ള ഒരു സ്ത്രീ''.

ജോ എന്തിനാണ് അങ്ങനെ പറഞ്ഞതെന്ന് എനിക്കു മനസ്സിലായില്ല. മിക്ക വാചകങ്ങളും എന്റെ മനസ്സിനെ സ്പർശിക്കാതെ തൊട്ടുതൊട്ടില്ലെന്ന മട്ടിൽ കടന്നുപോയി. എനിക്ക് വീണ്ടും വല്ലാത്ത അസ്വസ്ഥത തോന്നി.

പെട്ടെന്ന് മുറിയുടെ വെളിയിലേക്കുള്ള ജനൽ ഒരു തവണ തുറന്നടഞ്ഞു. ശക്തമായി വീശിയ കാറ്റത്ത് മേശപ്പുറത്തെ കടലാസുകൾ നിലത്തു ചിതറി വീണു.

''എന്തൊരു കാറ്റ്''. ജോ നേരിയ ചിരിയോടെ പറഞ്ഞു.

''പ്രതിഷേധത്തിന്റെ പ്രതീകമാണ്. അവരെപ്പോലെ തന്നെ''.

ഞാനൊന്നും മിണ്ടിയില്ല.

''മറ്റു കാര്യങ്ങളൊക്കെ അലോക തീരുമാനിക്കുന്നതു പോലെ''. അദ്ദേഹം സംസാരമവസാനിപ്പിക്കുമ്പോൾ പറഞ്ഞു. ''എന്തായാലും അധികം വൈകരുത്''.

ഞാൻ ബാഗുമെടുത്ത് പോകാനിറങ്ങി. ചാനൽക്കെട്ടിടത്തിന്റെ വിശാലമായ മുറ്റത്ത് പാർക്ക് ചെയ്ത വാഹനങ്ങളുടെ നീളൻ നിഴൽ പറ്റി ഞാൻ തിടുക്കപ്പെട്ടു നടന്നു. തൊട്ടുമുന്നിൽ സ്ക്കൂട്ടർ വെട്ടിത്തിരിച്ചുകൊണ്ട് രണ്ടു യുവാക്കൾ എന്നോടെന്തോ ചോദിച്ചത് ഞാൻ ശ്രദ്ധിച്ചതേയില്ല. എന്റെ മനസ്സിലിപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നത് ജോയുടെ വാക്കുകൾ മാത്രം. മറ്റു ശബ്ദങ്ങളൊന്നും ഇനിയെന്റെ കാതുകളിലേക്കെത്താൻ പോകുന്നില്ല.


ശക്തമായ കാറ്റു വീശിയതിന്റെ അടയാളമായി റോഡിനിരുവശത്തും ഉണങ്ങിയ കരിയിലകൾ ചിതറിക്കിടന്നിരുന്നു. ആകാ



ശത്ത് വലിയൊരു മഴക്കാറ് പെയ്യാനുള്ള അനുവാദവും കാത്തു നില്പുണ്ടെന്ന് ഞാൻ സങ്കല്പിച്ചു. വെളിച്ചം മങ്ങിയ വഴിയിലൂടെ നടക്കുമ്പോൾ എം.ഡിയുടെ വാക്കുകൾ വീണ്ടും എന്റെ ഓർമ്മയിലേക്കു വന്നു. അപ്പോൾ അവളുടെ രൂപം സാവധാനം എന്റെ മനസ്സിൽ തെളിഞ്ഞുവരാൻ തുടങ്ങി. ജോ പറഞ്ഞതുപോലെ ഏറെക്കുറെ എന്റെ പ്രായത്തിലുള്ള, കവിതയെഴുതിയിരുന്ന, ചെറുപ്പം വിടാത്ത ഒരു സ്ത്രീ. എന്നെപ്പോലെയുള്ളവൾ ! അവളുടെ നിശ്ശബ്ദമായ പ്രതിഷേധസമരം അപ്പോൾ എന്നെ ഞെട്ടിച്ചു.

വീട്ടിലേക്കുള്ള ചവിട്ടുപടികൾ കയറുമ്പോൾ സ്വീകരണമുറിയിലെ ടി.വി.യിൽ ഏഴുമണിയുടെ ന്യൂസ് ടൈം തുടങ്ങുന്ന ശബ്ദം കേട്ടു. എന്റെ ഭർത്താവ് രാം ചെറിയൊരതിശയത്തോടെ ക്ലോക്കിലേക്കു നോക്കുന്നതു കണ്ടപ്പോൾ എന്റെ വരവ് പതിവിലും നേരത്തെയാണെന്ന കാര്യം ഓർമ്മ വന്നു. മൂന്നു വയസ്സുകാരിയായ മകൾ രാവിലെ പറഞ്ഞുവിട്ട സ്കെച്ച് പേനയ്ക്കായി എന്റെ ബാഗിൽ ചുറ്റിപ്പിടിച്ചു. ഞാനവളുടെ ആവശ്യം മറന്നു പോയിരുന്നു. അവൾ പതിവുശാഠ്യവും ചിണുങ്ങിക്കരച്ചിലുമില്ലാതെ എന്നെ തോണ്ടി വിളിച്ചു. ഞാൻ അലക്ഷ്യഭാവത്തോടെ തിരിഞ്ഞു നോക്കിയപ്പോൾ മകൾ ഒരു വിജയഭാവത്തോടെ അവളുടെ സ്ലേറ്റ് എന്റെ നേരെ ഉയർത്തിക്കാണിച്ചു. മുത്തുമണികൾ കോർത്ത സ്ലേറ്റിൽ തടിച്ച വാലുള്ള ഒരു പൂച്ചക്കുഞ്ഞ് പരുങ്ങലോടെ നിൽക്കുന്ന ചിത്രം കണ്ടു. ഞാൻ ചിരിച്ചെന്നു വരുത്തി.

സാധാരണയായി രാത്രി വൈകും വരെ ലാപ്ടോപ്പിൽ കണ്ണുനട്ടിരിക്കാറുള്ള രാം അന്ന് വളരെ ഉത്സാഹത്തിലായിരുന്നു. ഏറെ നാളുകൾക്കുശേഷം അയാൾ ഓഫീസിലെ ചില വിശേഷങ്ങൾ



എന്നോടു പങ്കുവെച്ചു. സഹപ്ര
വർത്തകന്റെ ഒരു ചതിപ്രയോഗ
ത്തിൽനിന്നും തന്റെ ബുദ്ധിസാ
മർത്ഥ്യത്താൽ മാത്രം രക്ഷപ്പെട്ട
സംഭവം ഏറെ നേരമെടുത്തു
വിവരിച്ചു. ഇടയ്ക്കിടയ്ക്ക് എന്റെ
ശ്രദ്ധ എവിടേക്കോ വഴുതിമാ
റുന്നു എന്നറിഞ്ഞ രാം
സംസാരം നിർത്തിയിട്ട് എന്റെ
മുഖത്തേക്കു സൂക്ഷിച്ചു നോക്കി.
''ജോലിസ്ഥലത്തെ പ്രശ്നങ്ങൾ
അവിടെ വെച്ചു തീർക്കണം''.
രാം ഉപദേശിക്കുന്ന മട്ടിൽ പറ
ഞ്ഞു. ''അതിന്റെ അലട്ടലുകൾ
വീട്ടിലേക്കു കൊണ്ടുവരരുത്''.
ഞാൻ ഒന്നും പറഞ്ഞില്ല.

ജോലിയുടെ ബുദ്ധിമുട്ടുകൾ
എന്നെ അലട്ടിയിരുന്നത് ആദ്യ
കാലങ്ങളിലായിരുന്നു എന്ന്
ഞാനപ്പോഴോർത്തു. വർഗ്ഗീയക
ലാപങ്ങളും അപകടമരണങ്ങളു
മൊക്കെ റിപ്പോർട്ടു ചെയ്യേണ്ടി
വന്നപ്പോൾ ഒറ്റപ്പെട്ട ചില ദുരന്ത
ദൃശ്യങ്ങളും നിലവിളികളും
കുറേ ദിവസങ്ങളിലേക്കെങ്കിലും
എന്നെ പിന്തുടർന്നു. പിന്നീട്
പുതിയ കാഴ്ചകളുടെ തിരക്കിനി
ടയിലെപ്പോഴോ അവ ഓർമ്മ
യിൽ നിന്നും കുടിയിറങ്ങി. ചില
വയെ ബോധപൂർവ്വം ഒഴിവാ
ക്കാൻ ശ്രമിച്ചു. ക്രമേണ
അത്തരം വ്യാകുലതകൾ എന്നെ
ബാധിക്കാതായി. ഒരു സർജൻ
മനുഷ്യശരീരത്തെ കീറിമുറിക്കും
പോലെ നിർമമമായും ഏകാഗ്ര
മായും ഞാൻ എന്റെ തൊഴിലിൽ
മുഴുകി. കഴിഞ്ഞ എട്ടുവർഷ
ങ്ങൾക്കിടയിൽ ഞാൻ എത്രയോ
വാർത്തകളിലൂടെ സഞ്ചരിച്ചു.
എന്നാൽ അപൂർവ്വമായി മാത്രമേ
വാർത്തകൾ എന്നിലൂടെ സഞ്ചരി
ച്ചുള്ളൂ. മേലിൽ ഏതെങ്കിലു
മൊരു വാർത്തയോ ദൃശ്യമോ
എന്നെ പിടിച്ചുലയ്ക്കില്ലെന്ന്
ഞാൻ മനസ്സിലുറപ്പിക്കുകയും
ചെയ്തതാണ്. അവളെപ്പറ്റി
അറിയും വരെ. ഭരണകൂടത്തിനെ
തിരെയുള്ള അവളുടെ നിരാഹാ
രസമരം വർഷങ്ങൾ പിന്നിടുന്നു
വെന്ന് ചില വാർത്താമാധ്യമ
ങ്ങൾ എന്നെ അറിയിച്ചു. അവ
ളുടെ സമരം സഹജീവികൾക്ക്
നീതി ഉറപ്പാക്കാനാണെന്നും.
ആത്മഹത്യാശ്രമത്തിന് അവളെ
അറസ്റ്റ് ചെയ്ത സമയമായി
രുന്നു അത്. ജീവിതത്തെയും മര
ണത്തെയും അതിജീവിക്കുന്ന
വൾ! ഞാനാകെ അമ്പരന്നുപോ
യി. ചില പ്രസിദ്ധീകരണങ്ങളിൽ
വന്ന അവളുടെ ചിത്രങ്ങളി
ലേക്കും ലേഖനങ്ങളിലേക്കും
ഞാൻ അവിശ്വസനീയതയോടെ
തുറിച്ചുനോക്കി. അപ്പോഴൊക്കെ
അകാരണമായൊരു അപ
കർഷത എന്റെ മനസ്സിൽ കനം
വെച്ചു.

ഇക്കാലമത്രയും ഞാൻ
എന്റെ ജീവിതത്തെപ്പറ്റി മാത്രമേ
ചിന്തിച്ചിരുന്നുള്ളൂ. ചൂടും
തണുപ്പും ഇടകലർന്ന അതിന്റെ
വഴികളെപ്പറ്റി ഞാൻ സദാ ജാഗ
രൂകയായിരുന്നു. എന്നിട്ടും ജീവി
തത്തിന്റെ മടുപ്പ് ചില അവസര
ങ്ങളിലെങ്കിലും എന്നെ വിഷമി
പ്പിച്ചു. അതിനെ അതിജീവി
ക്കാൻ അതിനായി മാത്രം ഞാൻ
കവിതയെ കൂട്ടുപിടിച്ചു. ഏക
ദേശം പതിനഞ്ചു വയസ്സുമുതൽ
എന്റെ വിചാരങ്ങളുടെ പരിസര
ങ്ങളിൽ വല്ലപ്പോഴുമൊക്കെ
അതിനെ കണ്ടുമുട്ടി. ജീവിതത്തി
ന്മേലുള്ള പിടി അയയുമ്പോഴും
കവിതയുടെ ബന്ധനം മുറുകി
വരുന്നതറിഞ്ഞ് ചിലപ്പോ
ഴൊക്കെ അതിശയിച്ചു. ഞാൻ
വിളിക്കുമ്പോഴൊക്കെ അനുസര
ണയുള്ള ഒരു അടിമയെപ്പോലെ
അത് എന്നെ പിന്തുടരുമെന്ന്
അപ്പോഴൊക്കെ ഞാൻ അഹങ്കരി
ക്കുകയും ചെയ്തു. ഓരോ
കവിത പ്രസിദ്ധീകരിച്ചു വരു
മ്പോഴും ആദ്യകവിത അച്ചടിച്ച
തു കണ്ടപ്പോഴെന്നതുപോലെ
ഞാൻ ആവേശം കൊണ്ടു.
ലോകം മുഴുവൻ അവയെ ശ്രദ്ധി
ക്കുന്നുണ്ടെന്ന് ഞാൻ സങ്ക
ല്പിച്ചു.

മഴയും പ്രണയവുമായിരുന്നു
എന്റെ കവിതയുടെ സ്ഥിരം
വിഷയങ്ങൾ. ഈ വിഷയങ്ങളെ
പരസ്പരം വേർപെടുത്തിയും
കൂട്ടിക്കലർത്തിയും ഞാൻ എണ്ണ
മറ്റ കവിതകൾ എഴുതി. സ്ട്രക്ച്ച
റലിസത്തിന്റെയും സിംബോളിസ
ത്തിന്റെയും ഉദാത്തങ്ങളായ
ദൃഷ്ടാന്തങ്ങളാണ് അലോക
യുടെ കവിതകൾ എന്ന് ഒറ്റപ്പെട്ട
ചില നിരൂപകരെങ്കിലും അവയെ
പുകഴ്ത്തുകയും ചെയ്തു. അവർ
ഉദ്ദേശിച്ചതെന്തെന്ന് എനിക്ക്
മുഴുവൻ മനസ്സിലായില്ല. എന്റെ
ഇപ്പോഴത്തെ ലോകത്തിന്
സെൻസേഷണലായ വാർത്തക
ളുമായിട്ടായിരുന്നു കൂടുതൽ
ബന്ധം; സ്ട്രക്ച്ചറലിസവുമായിട്ട
ല്ല. എന്റെ ജോലിയുമായി ബന്ധ
പ്പെട്ട യാത്രകളിൽ ഞാൻ അനവ
ധിയാളുകളെ പരിചയപ്പെട്ടു.
'...........' എന്ന ഇരുപത്തിനാലുമ
ണിക്കൂർ വാർത്താചാനലിലെ

അലോകയെ മിക്കവർക്കും ടി.വിയിൽ കണ്ട മുഖപരിചയമുണ്ടായിരുന്നു. ജനശ്രദ്ധയാകർഷിച്ച ഒരു വാർത്താധിഷ്ഠിത പരിപാടിയുടെ സ്ക്രിപ്റ്റ് റൈറ്റർ എന്ന നിലയിലും ചിലരൊക്കെ എന്നെ തിരിച്ചറിഞ്ഞു. എന്നാൽ അലോക എന്ന കവയിത്രിയെ അറിയുന്നവരായി ആരും തന്നെയുണ്ടായിരുന്നില്ല. എന്റെ സങ്കല്പത്തിനു വിരുദ്ധമായിരുന്നെങ്കിലും ഇക്കാര്യം കവിതയെഴുത്തിലുള്ള എന്റെ താല്പര്യം അല്പം പോലും കുറച്ചില്ല. എന്റെ കവിതകളുടെ വായനക്കാരി ഞാൻ മാത്രമാണെങ്കിൽപ്പോലും ഞാൻ എഴുത്ത് തുടരുമായിരുന്നു എന്നതാണു സത്യം.

എന്നാൽ ഇക്കാലത്തെപ്പോഴോ അത് സംഭവിച്ചു. എന്റെ കവിതയുടെ ഒഴുക്ക് നിലച്ചുപോയി. ഒരു തിര കരയെ നനച്ചതിനുശേഷം കടലിലേക്കു മടങ്ങിപ്പോകുന്നതു പോലെയായിരുന്നു അത്. അത്രമേൽ സ്വാഭാവികം. ഞാൻ വല്ലാത്തൊരു ശൂന്യതയിലേക്ക് എടുത്തെറിയപ്പെട്ടു. പുറത്തേക്കൊഴുകാത്ത ആശയങ്ങളുടെ ഭാരം ആദ്യമൊക്കെ എനിക്കു വീർപ്പുമുട്ടലുണ്ടാക്കി. ക്രമേണ അതും ഇല്ലാതായി. എന്നിട്ടും പലപ്പോഴും ഞാനതിനെ അന്വേഷിച്ച് എന്നിൽത്തന്നെ അലഞ്ഞുതിരിഞ്ഞു. ന്യൂസ്റൂമിലെയും സ്റ്റുഡിയോയിലെയും തിരക്കിനിടയിൽപ്പോലും ഞാനോർത്തു. നഷ്ടപ്പെട്ട എന്റെ വാക്കുകളും വരികളും..... അവയെ വീണ്ടെടുക്കാൻ കഴിയുന്നുണ്ടോ? അക്കാലത്തൊക്കെ അസ്വസ്ഥമായ രാത്രികളിൽ ഞാൻ കിടക്കയിൽ നിന്നെഴുന്നേറ്റ് 'എന്റെ കവിത' എന്ന് അവ്യക്തമായി പുലമ്പിക്കൊണ്ട് ഡയറിയിൽ കുത്തിക്കുറിക്കുന്നത് രാം സംശയത്തോടെയാണ് നോക്കിയിരുന്നത്. ക്രമേണ കവിതയില്ലാത്ത ജീവിതം എനിക്കു ശീലമായി.

ഞാൻ ഊഹിച്ചതുപോലെ തന്നെ അലോക കവിതയെഴുതാത്തതെന്തെന്ന ചോദ്യം ആരിൽനിന്നും എനിക്കു നേരിടേണ്ടി വന്നതുമില്ല.

"സമയം കുറെയായി". ഞാൻ ഓരോന്നോർത്തിരിക്കുന്നതിനിടയിൽ രാം വിളിച്ചു പറഞ്ഞു. രാം കിടന്നു കഴിഞ്ഞിരുന്നു. അയാളുടെ പുതപ്പിനുള്ളിലെ നേർത്ത ചൂടിലേക്ക് ഞാൻ നീങ്ങിക്കിടന്നു. ജനാലയ്ക്കു വെളിയിൽ ഒരു ചാറ്റൽമഴ ഇരച്ചുപെയ്തുതുടങ്ങി. പണ്ട് എഴുതിയിരുന്ന കവിതകൾ പോലെ മഴയുടെയും പ്രണയത്തിന്റെയും സമ്മിശ്രതാളം എന്റെയുള്ളിൽ മുഴങ്ങി. രാമിന്റെ വിരലുകൾ എന്നെ വലയം ചെയ്തു. അനാവശ്യമായ അലട്ടലുകളാൽ ജീവിതത്തിന്റെ സൗന്ദര്യം കെടുത്തരുതെന്ന് ഞാൻ എന്നോടുതന്നെ പറഞ്ഞു. മെല്ലെ ഞാനൊരു മയക്കത്തിലേക്കു വഴുതി. മഞ്ഞകലർന്ന പച്ചനിറമുള്ള ഒരു താഴ്വാരം എന്റെ സ്വപ്നത്തിൽ തെളിഞ്ഞു. കൊച്ചുമൺകുടിലുകളും ഉയരം കുറഞ്ഞ മരങ്ങളും ഇടചേർന്ന ഒരു പ്രദേശം. വീടിന്റെ വീതി കുറഞ്ഞ മുറ്റത്ത് ഓടിക്കളിച്ചുകൊണ്ടിരുന്ന കുട്ടികളെയും കടുംനിറമുള്ള ചേലചുറ്റിയ അമ്മമാരുടെയും ശബ്ദങ്ങൾ എനിക്കു കേൾക്കാമായിരുന്നു. അവരുടെ ഭാഷ എനിക്ക് അപരിചിതമായിരുന്നു. അല്പമകന്ന ഒരു മൈതാനത്ത് ഒരു കുട്ടി പട്ടം പറത്തിക്കളിക്കുന്നു. ഒറ്റപ്പെട്ട മേഘങ്ങൾ തെന്നിമാറുന്ന തെളിഞ്ഞ ആകാശത്ത് അവ്യക്തമായ ഒരു പൊട്ടു പോലെ അതു നീങ്ങുന്നതു കാണാം.

പെട്ടെന്ന് നൂലുപൊട്ടിയ പട്ടം എന്റെ മുന്നിലേക്കു വന്നു വീണു. അതിന്റെ നിറം ചുവപ്പാണെന്ന് ഞാൻ കണ്ടു. ഒരലർച്ചയോടൊപ്പം മഷികുടഞ്ഞതു പോലെ രക്തം വീട്ടുമുറ്റത്ത് ചിതറിത്തെറിച്ചു. സ്ത്രീകളും കുട്ടികളും നിലവിളിയോടെ പിടഞ്ഞെഴുന്നേറ്റു. മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന പെൺകുഞ്ഞ് എന്തോ വിളിച്ചു പറഞ്ഞുകൊണ്ട് തേങ്ങിക്കരഞ്ഞു. അവൾക്ക് വെളുത്ത നിറവും ചുരുണ്ട മുടിയുമാണെന്ന് ഞാൻ കണ്ടു. പൂച്ചക്കുഞ്ഞിന്റെ ചിത്രം വരച്ചിട്ട അവളുടെ സ്ലേറ്റ് തൊട്ടടുത്ത് തകർന്നുകിടന്നിരുന്നു.

ഞാൻ ഉറക്കത്തിൽനിന്നും ഞെട്ടിയുണർന്ന് പകപ്പോടെ ചുറ്റും നോക്കി. രാം തൊട്ടടുത്ത് കിടക്കുന്നുണ്ട്. ഞാൻ കിടക്കയിൽ മകളെ അന്വേഷിച്ചു. അവൾ വശം തിരിഞ്ഞ് ഉറങ്ങിക്കിടക്കുന്നതു കണ്ടു. അവളുടെ സ്ലേറ്റ് അവിടെയൊന്നും കാണാനുണ്ടായിരുന്നില്ല.

തുടർന്നുള്ള ദിവസങ്ങൾ എനിക്കു തിരക്കേറിയതായിരുന്നു. എന്നെ ഏല്പിച്ച ജോലിയെപ്പറ്റി ജോ പിന്നീട് തിരക്കിയതേയില്ല. എന്റെ സഹപ്രവർത്തകനായ സൗരഭിനോട് ഞാൻ അതിനെപ്പറ്റി മാത്രം സംസാരിച്ചു. ഞങ്ങൾ അവളെപ്പറ്റി കിട്ടാവുന്നിടത്തോളം വിവരങ്ങൾ ശേഖരിച്ചു. ഇതുവരെ ഈ ചാനലിൽ ചെയ്തിട്ടുള്ള ഏതു ഡോക്യുമെന്ററിയെക്കാളും മികച്ചതാകണം ഇതെന്ന് ഞാൻ ആഗ്രഹിച്ചു. ഒരു പക്ഷേ ജോ പ്രതീക്ഷിക്കുന്നതിനെക്കാളും മികച്ചത്. പക്ഷേ അവളെ നേരിട്ടു കാണാനുള്ള അനുമതി കിട്ടുമോ എന്ന കാര്യത്തിൽ സൗരഭ് സംശയം പ്രകടിപ്പിച്ചു. എന്നാൽ അവളെ കാണാൻ വേണ്ടിയുള്ള മണിക്കൂറുകൾ നീണ്ട തീവണ്ടി യാത്രയ്ക്കിടയിൽ ഒരിക്കൽപ്പോലും ഇക്കാര്യം എന്നെ അലട്ടിയില്ല.

എന്നാൽ അവളെ പാർപ്പിച്ചിരുന്ന ആശുപത്രിയുടെ പടവുകൾ കയറുമ്പോൾ മനസ്സിൽ വല്ലാത്തൊരു പിടച്ചിൽ ഞാനറിഞ്ഞു. സൗരഭ് ഗൗരവത്തോടെ പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങളൊന്നും എന്റെ കാതുകളിലെ

ത്തിയില്ല. ആശുപത്രിയുടെ മുന്നിൽ കുറേപ്പേർ ഗൗരവ മാർന്ന ഭാവങ്ങളോടെ നിൽക്കു ന്നുണ്ടായിരുന്നു. അവളെ കാണാനുള്ള അനുവാദത്തി നായി സൗരഭ് ചിലരുമായി സംസാരിക്കുന്നതുകണ്ടു. ആശു പത്രിയുടെ ജനാലയുടെ യടുത്തേക്ക് ഞാൻ സൗരഭി നൊപ്പം നടന്നു.

''അകത്തേക്ക് കടക്കാൻ പറ്റി ല്ല''. വാതിൽക്കൽ നിന്ന ഒരാൾ കർക്കശസ്വരത്തിൽ പറഞ്ഞു.

ജനാലയിലൂടെ ഞാൻ അവളെ കണ്ടു. എത്രയോ നാളു കളായി എന്റെ ബോധത്തിൽ നിറഞ്ഞുനിൽക്കുന്നവൾ!

പൊടുന്നനെ വൈദ്യുതിയുടെ ഒരല എന്റെ ദേഹത്തിലൂടെ പാഞ്ഞു പോയതുപോലെ തോന്നി. അധികസമയമൊന്നും അവിടെ നിൽക്കാനാകാതെ അധൈര്യത്തോടെ ഞാൻ പിന്തി രിഞ്ഞു. കാരണമറിയാത്തൊരു വിങ്ങലോടെ ഞാൻ ആശുപത്രി യുടെ പടവുകൾ തിരിച്ചിറങ്ങി. സൗരഭ് അമ്പരപ്പോടെ എന്റെ പിന്നാലെ വന്ന് അവ്യക്തമായി എന്തോ പറഞ്ഞു. കണ്ണീരിന്റെ നേരിയ പാടയിൽ എന്റെ കാഴ്ച കലങ്ങി.

മടക്കയാത്രയിൽ ഞങ്ങളിരു വരും നിശ്ശബ്ദരായിരുന്നു. തീവ ണ്ടിയുടെ ജനൽക്കമ്പിയിൽ മുഖം ചേർത്ത് ഞാൻ ശൂന്യമായ മനസ്സോടെ ഇരുന്നു. അപ്പോൾ എന്റെ ഹൃദയത്തിലേക്ക് വാക്കു കൾ ഒരു പ്രവാഹത്തിലെന്ന വണ്ണം ഒഴുകിവരുന്നത് ഞാനറി ഞ്ഞു. നീണ്ട വർഷങ്ങൾക്കു ശേഷം ഒരു കവിത അതിജീവന ത്തിന്റെ കരുത്തുള്ള വരികളായി എന്നിലേക്ക് പെയ്തിറങ്ങി.

അത് അവളെക്കുറിച്ചായി രുന്നു!!

# ഓറഞ്ച് ദ വേൾഡ്

## സ്ത്രീപീഡനങ്ങൾക്കെതിരെ ജാഗ്രതയ്ക്ക് ഐക്യരാഷ്ട്രസഭയുടെ പ്രചാരണം

നവംബർ 25 മുതൽ അന്താരാഷ്ട്ര മനുഷ്യാവകാശദിനമായ ഡിസംബർ 10 വരെയുള്ള പതി നാറു ദിവസങ്ങൾ ലിംഗഭേദത്തിലധിഷ്ഠിതമായ അതിക്രമങ്ങൾക്കെതിരെ പോരാടാനുള്ള



അവബോധം സൃഷ്ടിക്കാനു ള്ള അവസരമായി ഉപയോഗി ക്കാൻ ഐക്യരാഷ്ട്രസഭയുടെ ആഹ്വാനം. ഈ വർഷം ഈ പ്രചരണപരിപാടിക്ക് 'ഓറഞ്ച് ദ വേൾഡ്' (ലോകത്തെ ഓറ ഞ്ച് നിറമാക്കുക) എന്നാണ് പേരു നൽകിയിട്ടുള്ളത്. അ തിക്രമങ്ങളൊഴിഞ്ഞ നിറപ്പകി ട്ടാർന്നൊരു ലോകമാണ് ഓറ ഞ്ച് നിറത്തിലൂടെ വാഗ്ദാനം ചെയ്യുന്നത്. 'നിശ്ശബ്ദത തകർ ക്കൂ . സ്ത്രീകൾക്കും കുട്ടി കൾക്കും നേരെയുള്ള അതി ക്രമങ്ങൾക്ക് സാക്ഷിയാവുമ്പോൾ വെറുതെയിരിക്കാതിരിക്കൂ. പ്രവർത്തിക്കൂ' എന്നാണ് അ തിന്റെ സന്ദേശത്തിലൂടെ ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ ബാൻ കി മൂൺ ആഹ്വാനം ചെയ്തത്.

# ഒറ്റ മുറിവ്



സാവിത്രി രാജീവൻ

പെയിന്റിംഗ്:
നിജീന നീലാംബരം

''ചന്ദ്രമുഖി' എന്നു അവൻ
തോളിൽ തട്ടി വിളിച്ചതും
അവൾ അവന്റെ തോളിലേക്ക് ചാഞ്ഞതും
നില തെറ്റി തോട്ടിലേക്ക് മറിഞ്ഞു;
ഒരു കൈതമുള്ളിലോ കൈതക്കാലിലോ
തടഞ്ഞു നിൽക്കാതെ നേരെ.

എന്നിട്ടോ
ഒന്നു മുങ്ങിപ്പൊങ്ങിയപ്പോൾ കണ്ടു
ഊർന്നു പോയ അവളുടെ ഉടുതുണിയുമായി
അവനിരിക്കുന്നു മരക്കൊമ്പിൽ,
ഓടക്കുഴലുമായി.

ഒന്നു മുങ്ങി നിവർന്നപ്പോഴേക്കും താൻ
പിളർന്ന
അറുപതുകൾ പോയ് മറഞ്ഞല്ലോ
എന്നു വിഷാദിച്ചു അവൾ അന്നേരം
എന്തെന്നാൽ
കാർകുഴൽ കൊണ്ടു മാറ് മറക്കാനും
ഓടക്കുഴലിൽ
അവൻ പാടുന്ന സ്തനവർണ്ണന
കേട്ടു കോരിത്തരിക്കാനും
കാളിന്ദിയിൽ എന്നവണ്ണം
നീന്തി തുടിക്കാനും
കള്ളക്കണ്ണെറിഞ്ഞും
മന്ദഹാസം ചൊരിഞ്ഞും
മരച്ചോട്ടിൽ നിന്നു
എന്റെ ആട തായോ
എന്നു കൊഞ്ചി പറയാനും
അവൾ മറന്നു കളഞ്ഞു

അതും പോരാഞ്ഞ്
ആടയിരക്കാതെ
പാട്ട് കേൾക്കാതെ
അതാപോകുന്നു
അവൾ
ഇലകൊഴിച്ച മരമെന്നപോലെ,
നഗ്നയായി !
മുൾക്കൈത വരഞ്ഞ മുറിവും
അതിലൂറുന്ന ചോരയുമാണ്
അവളുടെ ഉടൽ മൂടുന്നത്
പട്ടുപോലെ തുടുത്തത്.

അതാ പോകുന്നു,
നഗ്നമായി
നെടുകെ പിളർന്ന
ഒരു ഒറ്റ മുറിവായി അവൾ.

# അവൾ ഒഴുകുകയാണ്

ഗിരിജ.പി.പാതേക്കര




തളരാത്ത വേഗത്തോടെ
കുതിച്ചൊഴുകുകയാണ് പുഴ-
തൊട്ടുരുമ്മുന്ന തീരതളിർപ്പുകളിൽ
ഒന്നു നില്ക്കാതെ,
നിഴലും നിലാവും പെയ്തിറങ്ങുന്ന
ഹരിതഭംഗികളിൽ
ഒന്നിരിയ്ക്കാതെ,
പിറകേ വരുന്ന കാറ്റിന്റെ
സന്ദേശം കാതോർക്കാതെ
കരളിൽ കയ്പുനീർ ചാലിച്ചെഴുതിയ
കവിതകൾ കാണാതെ,
കടത്തു തോണി കിട്ടാത്തവരെ
സാന്ത്വനിപ്പിക്കാതെ,
കടലിലേയ്ക്കെത്താൻ
കിതച്ചൊഴുകുകയാണ് പുഴ
അകലെയിരമ്പുന്ന കടലും
തിരകളുടെ താളവും
ഒന്നായലിയുമ്പോഴുള്ള
നിറഞ്ഞുകവിയലും
നുരഞ്ഞു പതയലും
മാത്രമായിരിയ്ക്കണം
പുഴയുടെ സങ്കല്പ്പങ്ങളിൽ
കടലിൽ വിലയിയ്ക്കുവോളമേ
താനുള്ളുവെന്നും
പിന്നെ, കടൽ, കടൽമാത്രമെന്നും.
കലിയൊടുങ്ങാത്ത കാറ്റും
കലിയ്ക്കുന്ന ഉപ്പും
ഇരുണ്ട ആഴങ്ങളും
കൂട്ടെന്നുമറിയുമ്പോൾ
പ്രിയപ്പെട്ട ഇടങ്ങളിൽനിന്ന്
ഇത്ര തിടുക്കത്തിൽ
ഓടിപ്പോരേണ്ടിയിരുന്നില്ലെന്ന്
പുഴ വിലപിയ്ക്കുമായിരിയ്ക്കും.

# അവകാശികൾ

ഡോ. ഇ. സന്ധ്യ



അവളുടെ ശരീരം
ഭർത്താവിന് അവകാശപ്പെട്ടതായിരുന്നു
മുലപ്പാൽ കുട്ടികൾക്കും,
സമയം കുടുംബത്തിനും.
കണ്ണീരും വിയർപ്പും
അടുക്കളയ്ക്ക് വേണമായിരുന്നു.
പുഞ്ചിരി വിരുന്നുകാർക്ക്
സമ്പാദ്യം വീടുപണിക്ക്.
ആകാശങ്ങൾ കാണേണ്ടതില്ലെന്നും
ആഴികൾ അറിയേണ്ടെന്നും
ആശകളിൽ മുഴുകേണ്ടതില്ലെന്നും
ആരെല്ലാമോ പറഞ്ഞുകൊണ്ടിരുന്നു.
അതുകൊണ്ട്
അവളുടെ പ്രണയമെപ്പോഴും
കവിതകളായി
അവനിലേയ്ക്കൊഴുകി
അവനൊരിക്കലും വായിക്കുകയോ
അറിയുകയോ, തൊടുകയോ
ചെയ്യുമെന്ന് തീർച്ചയില്ലാത്ത
അവളുടെ ജീവിതംപോലെ.




**മനുഷ്യക്കടത്തിന് ഇരയായ ബംഗ്ലാദേശി യുവതിയുടെ കഥയും കവിതകളും വരകളും**

# അപരാജിത

ഡോ. സുനിത കൃഷ്ണൻ

ഈ പുസ്തകത്തിന് ഒരു മുഖവുരയെഴുതാനായി ഇരിക്കുമ്പോഴും എന്റെ സന്ദേഹം, ഇവളെ എന്ത് വിളിക്കണമെന്നതാണ്. ലൈംഗിക അടിമത്തത്തിൽ നിന്നും എനിക്ക് രക്ഷപ്പെടുത്താനായ പെൺകുട്ടികളെ എല്ലാവരേയും എന്നപോലെ, ഞാനിവളെയും 'അപരാജിത' എന്ന് വിളിക്കട്ടെ. എന്തെന്നാൽ ഇവൾ തോൽക്കാൻ മനസ്സില്ലാത്തവളാണ്. നമുക്കൊന്നും ഒരിക്കലും സങ്കൽപ്പിക്കാനാവാത്തത്ര അതിക്രമങ്ങളെ അതിജീവിച്ചവളാണ്. ജീവനോടെയിരിക്കാനും ജീവസുറ്റള്ളവളായിരിക്കാനുമുള്ള ഇവളുടെ അഭിനിവേശത്തെ കീഴ്പ്പെടുത്താൻ ആർക്കുമാവില്ല. ഒന്നിനുമാവില്ല. ഇവളുടെ സർഗ്ഗാത്മകതയെയും ആത്മാവിഷ്ക്കാരത്തിനുള്ള അസാധാരണമായ കഴിവിനെയും നശിപ്പിച്ചുകളയാൻ, വഞ്ചനയുടെയും വേദനയുടെയും മാനസികാഘാതത്തിന്റെയും വ്രണങ്ങൾക്ക് ഒരിക്കലും സാധിക്കില്ല. എന്ന് മാത്രമല്ല, അവ കൂടുതൽ കരുത്തുറ്റതും പ്രഭാവമേറിയതുമായി കൊണ്ടിരിക്കുന്നു. അവളെ പിടിച്ചു വലിക്കുന്ന ഭാരങ്ങളെയെല്ലാം വെല്ലുവിളിച്ചുകൊണ്ട്.

പക്ഷെ, അപ്പോഴും എന്തുകൊണ്ടാണ് അപരാജിതയ്ക്ക് തന്റെ പേരും സ്വത്വവും മറച്ചുപിടിക്കേണ്ടി വരുന്നത്? അതിന് നമ്മൾ ബാഹ്യമായ കാരണങ്ങളെയാണ് തിരഞ്ഞുകൊണ്ടിരിക്കുന്നതെങ്കിൽ, ഞാൻ പറയുന്നു നമുക്കൊരു ആത്മപരിശോധന നടത്തണം എന്ന്.

ഒരു ലൈംഗിക കുറ്റകൃത്യത്തിൽ നിന്നും അതിജീവിച്ച് വന്നവളെ ഭയത്താലും നാണക്കേടിനാലും മുഖം മറച്ചുപിടിക്കാൻ പ്രേരിപ്പിക്കുന്നത്, നമ്മുടെ എന്ത് മനോഭാവങ്ങളായിരിക്കും? നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന അല്ലെങ്കിൽ ചെയ്യാതിരിക്കുന്ന എന്ത് കാര്യങ്ങളായിരിക്കും, എതിർപ്പിന്റേയും നിരാകരണത്തിന്റെയുമൊക്കെ ഒരന്തരീക്ഷമുണ്ടാക്കി, അവളെ നമ്മിൽ നിന്നൊക്കെ ഒ

ളിച്ചോടാൻ നിർബന്ധിക്കുന്നത്? നമുക്കൊരുക്കി കൊടുക്കാൻ കഴിയാത്ത എന്തിന്റെ പേരിലായിരിക്കും, തന്റെ അസാധാരണമായ കഴിവിനെയും പ്രതിഭയെയും ആഘോഷിക്കാതെ, അജ്ഞാതയായി കഴിയാൻ അവളെ തോന്നിപ്പിക്കുന്നത്?

മനുഷ്യക്കടത്തിൽ നിന്നും അതിജീവിച്ചവരുടെയൊപ്പം രണ്ട് പതിറ്റാണ്ടിലേറെ പ്രവർത്തിച്ച പരിചയത്തിൽ നിന്നും പറയട്ടെ, നമുക്ക് ചുറ്റുമുള്ളവരുടെ അനുകമ്പയില്ലായ്മയ്ക്ക് നേർസാക്ഷിയാണ് ഞാൻ. നമുക്കതിനെ സമൂഹമെന്നോ രാഷ്ട്രമെന്നോ വിളിക്കാം. എങ്ങനെ വിളിച്ചാലും അത് നമ്മെ കുറിച്ച് മാത്രമാണ് . നമ്മുടെ കാഴ്ചപ്പാടും, നമ്മുടെ നിശബ്ദതയും, നമ്മുടെ ഉദാസീനതയും, സർവ്വോപരി നമ്മുടെ വിധിന്യായങ്ങളെ ഉപയോഗിച്ചുകൊണ്ട് തന്നെ ഒരു ഇരയെ വീണ്ടും വീണ്ടും വേട്ടയാടാനുള്ള നമ്മുടെ സവിശേഷമായ ആ കഴിവും.

ഇത്തരത്തിൽ അങ്ങേയറ്റം അടിച്ചമർത്തപ്പെടുന്ന സാഹചര്യത്തിൽ നിന്നുകൊണ്ട് തന്നെ ഈ അപരാജിത, തന്റെ ധൈര്യവും കഴിവും കൊണ്ട് ആത്മാവിനെ ആവിഷ്കരിച്ചിരിക്കുന്നു. തനിക്ക് ഏറ്റവും ആനന്ദപ്രദമായ കവിതയിലൂടെയും കഥയിലൂടെയും ചിത്രങ്ങളിലൂടെയും ഈ അസാധാരണമായ പരിശ്രമം കണ്ട്, എന്റെ ഹൃദയം അഭിമാനം കൊണ്ട് വീർപ്പുമുട്ടുന്നു, എന്റെ ശിരസ്സുയർന്ന് നിൽക്കുന്നു. നമ്മൾ കേട്ട കഥകളിലെ പാലാഴി മഥനത്തേക്കാൾ അമൃത് കടഞ്ഞെടുക്കുന്നതാണ് ഈ പരിശ്രമം. ഈ അമൃതിനെ അറിയാൻ കഴിഞ്ഞത് തന്നെ ഒരു ബഹുമതിയായി ഞാൻ കണക്കാക്കുന്നു. അതെന്നെ വിനയാന്വിതയാക്കുന്നു.

അപരാജിതയുടെ ചിന്തകളെ ബംഗ്ലയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താനുള്ള ഉത്തരവാദിത്വമേറ്റെടുത്തതിനാൽ, അനുപമയും അനൂപും കൂടെ ഈ അനുഗ്രഹത്തിന് പാത്രമാവുന്നുണ്ട് എന്നെനിക്ക് തോന്നുന്നു. മാത്രമല്ല, വിപ്ലവകരമായ ഈ സൃഷ്ടിയെ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിനായി പ്രയത്നിച്ച ഏവർക്കും, ഈ ഉദ്യമത്തിന്റെ ഭാഗമാവാൻ സാധിച്ചതിൽ എക്കാലവും അഭിമാനിക്കാം.

അസാമാന്യം എന്നുതന്നെ പറയാവുന്ന ഈ പരിശ്രമം ഏറ്റെടുത്ത ആം ഓഫ് ജോയ് എന്ന സന്നദ്ധസംഘടനയെക്കുറിച്ച് പ്രതിപാദിക്കാതെ ഞാനീ കുറിപ്പ് അവസാനിപ്പിക്കുന്നത് നീതികേടായിരിക്കും. എത്രയോ സംഘടനകൾ ഇത്തരം അഭയകേന്ദ്രങ്ങൾ സന്ദർശിച്ചിട്ടുണ്ടാവും എന്നെനിക്ക് ഉറപ്പാണ്. പക്ഷെ അത്തരം സംഘടനകളിൽ നിന്നുമൊക്കെ വ്യത്യസ്തമായി, അപരാജിതയുടെ കഴിവിനെ തിരിച്ചറിയാനും, ഒരു പടി കൂടെ കടന്ന്, ആ കഴിവിനെ ലോകത്തിന് മുന്നിലായി അവതരിപ്പിക്കാനുമുള്ള ഭാവനയും ദീർഘവീക്ഷണവും ആം ഓഫ് ജോയ് എന്ന പ്രസ്ഥാനത്തിന് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർക്ക് എന്റെ പ്രണാമം.

നമ്മുടെയൊക്കെ മനോഭാവം ഒന്ന് കൊണ്ട് മാത്രം, അപരാജിതയുടെ സംഘർഷവും പോരാട്ടവും ഇനിയുമൊരുപാട് വർഷം തുടരും എന്നെനിക്കറിയാം. എങ്കിലും ഞാൻ ഉറച്ചു വിശ്വസിക്കുന്നു, അവൾ ഈ സമരം ജയിക്കുക തന്നെ ചെയ്യും. അങ്ങനെ ഞാനടക്കമുള്ള ഈ ലോകത്തെ സകലരേയും അവൾ പ്രചോദിപ്പിക്കും. താനാരായിത്തീർന്നെന്നും, ഈ ലോകത്തിന് എന്തായി മാറിയെന്നും ഓരോ നിമിഷവും ഓർമ്മിപ്പിച്ചു കൊണ്ട്.... ●



**2012 ഒക്ടോബർ എട്ടാം തിയ്യതി സംഘടിതയുടെ വെബ് സൈറ്റ് ഠഠഠ.മെിഴവമരശവേമ.രീ ഉത്ഘാടനം ചെയ്തു. കോഴിക്കോട് പ്രസ് ക്ലബ്ബിൽ നടന്ന ലളിതമായ ചടങ്ങിൽ പ്രശസ്ത സിനിമാതാരം റിമാകല്ലിങ്കൽ ആണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. കെ.അജിത (മാനേജിംഗ് എഡിറ്റർ സംഘടിത), പ്രൊഫ.ബിന്ദു ആമാട്ട് (പത്രാധിപ സമിതി), ബേബി മുല്ലശ്ശേരി, ശ്രീജ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.**



പെൺപക്ഷം



അജിത കെ.

# സംഘടിത ആറാം വയസ്സിലേക്ക്

**2010** ഡിസംബർ മാസത്തിലാണ് 'സംഘടിത' ആദ്യലക്കം പ്രകാശനം ചെയ്യപ്പെട്ടത്. വർഷങ്ങളോളമുള്ള കാത്തിരിപ്പിനു ശേഷം ഞചക രജിസ്ട്രേഷൻ കിട്ടിയത് ഒന്നുകൊണ്ടും നഷ്ടപ്പെടാനിടവരരുത്. സ്ത്രീകൾക്കായി ഒരു മാസിക എന്ന ഞങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കാനുള്ള ഈ അവസരം പാഴാക്കരുത് എന്ന തീരുമാനമാണ് ഈ സംരംഭത്തിന് മുൻകൈയെടുക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. വർഷങ്ങളായി 'അന്വേഷി ന്യൂസ് ലെറ്റർ' എന്ന പേരിൽ ഒരു ബുള്ളറ്റിൻ കൃത്യമായ കാലയളവിലല്ലാതെ ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. സ്വകാര്യവിതരണത്തിനു മാത്രം ഉതകുന്ന ആ ബുള്ളറ്റിൻ പോരാ, സ്ത്രീകൾക്കിടയിൽ വ്യാപകമായി പ്രചരിപ്പിക്കാനുള്ള ഒരു പരസ്യപ്രസിദ്ധീകരണമാണ് വേണ്ടതെന്ന നിഗമനമാണ് ഞചക രജിസ്ട്രേഷനുവേണ്ടി ശ്രമിക്കാനുള്ള പ്രചോദനം.

'സംഘടിത' ആദ്യലക്കം പ്രസിദ്ധീകരിച്ചപ്പോൾ അന്വേഷി വളരെയേറെ സാമ്പത്തിക ബുദ്ധിമുട്ടിലായിരുന്നു. ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റോ മറ്റെന്തെങ്കിലും വരുമാനമോ ഇല്ലാതായിട്ട് ഒരു വർഷം കഴിഞ്ഞിരുന്നു. എന്നിട്ടും ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തന്നെ ഞങ്ങൾ തീരുമാനിച്ചു. അന്വേഷിയുടെ ചിരകാലസുഹൃത്തായ പ്രൊഫ. സാറാ ജോസഫിനെ കണ്ട് മാസികയുടെ പത്രാധിപരായി സഹകരിക്കണമെന്ന ഞങ്ങളുടെ ആവശ്യം ഉന്നയിക്കുകയും, സസന്തോഷം ടീച്ചർ അത് സ്വീകരിക്കുകയും ചെയ്തു. സ്ത്രീപക്ഷചിന്താഗതിക്കാരായ എഴുത്തുകാരികളേയും ആക്ടിവിസ്റ്റുകളേയും ഒരുമിച്ചു കൊണ്ടുവരുന്ന ഒരു എഡിറ്റോറിയൽ കമ്മറ്റിയുണ്ടാക്കി. വായിക്കുകയും ചിന്തിക്കുകയും എഴുതുകയും ചെയ്യുന്ന സ്ത്രീകൾക്കിടയിൽ മാത്രമല്ല, സാധാരണ സ്ത്രീകളും സ്ഥിരമായി വായിക്കുന്ന പംക്തികളും മാസികയിൽ വേണമെന്ന് എഡിറ്റോറിയൽ കമ്മിറ്റി തീരുമാനിച്ചു. എഴുത്തുകാരായ പുരുഷന്മാർക്ക് ഏറെ വേദികളുള്ളപ്പോൾ പ്രഗത്ഭരായ പല എഴുത്തുകാരികളും മുഖ്യധാരാമാസികകളിൽ പാർശ്വവത്ക്കരിക്കപ്പെടുന്ന അനുഭവങ്ങൾ ഏറെയുണ്ട്. എല്ലാ മേഖലകളിലും സ്ത്രീകളുടെ വീക്ഷണങ്ങൾ ഉന്നയിക്കാനൊരു വേദിയായി 'സംഘടിത' നിലനിൽക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചു. അതുകൊണ്ടു തന്നെ സ്ത്രീകളുടെ സൃഷ്ടികൾ മാത്രം പ്രസിദ്ധീകരിക്കണമെന്ന ഒരു തീരുമാനമെടുത്തു.

ഏറെ പ്രക്ഷുബ്ധമായ പല ഘട്ടങ്ങളുമുണ്ടായെങ്കിലും ഇന്നും സംഘടിത ശക്തമായിത്തന്നെ പ്രസിദ്ധീകരണരംഗത്ത് നിലനിൽക്കുന്നു. ഇതിന്നിടയിൽ കേരളത്തിലെ സ്ത്രീമാദ്ധ്യമപ്രവർത്തകരുടെ സംഘടന സംഘടിതയ്ക്ക് ഒരു അവാർഡ് നൽകി ആദരിച്ചു. അതിന്റെ വളർച്ചയിൽ ഏറ്റക്കുറച്ചിലുകളുണ്ട്. സാറാജോസഫ് കഴിഞ്ഞ ഒരു വർഷത്തോളമായി അവരുടെ ആം ആദ്മി പാർട്ടിയിലെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനായി സംഘടിതയുടെ പത്രാധിപസ്ഥാനത്തു നിന്ന് പിന്മാറി. പകരം കാലടി ശ്രീ ശങ്കരാചാര്യസർവ്വകലാശാലയിലെ ചരിത്ര അദ്ധ്യാപികയും അന്വേഷിയുടെ അഭ്യുദയകാംക്ഷിയുമായ കെ.എം.ഷീബ ഏറ്റെടുത്തു. ആത്മാർത്ഥമായും അർപ്പണബോധത്തോടെയും ഇപ്പോഴും ഷീബ ആ കർത്തവ്യം നിർവ്വഹിക്കുന്നു. പത്രാധിപസമിതിയിൽ പലരും വരികയും പോവുകയും ചെയ്തു. ഇനിയും ആ സമിതി മാറ്റിപ്പണിയേണ്ടതുണ്ട്. പലരും വരാനും പോവാനുമിരിക്കുന്നു. എങ്കിലും ആറാംവർഷത്തിലേക്കുള്ള പ്രവേശനം ഞങ്ങൾക്ക് ഏറെ ചാരിതാർത്ഥ്യം തരുന്നു. ഒരു മാസം പോലും മുടക്കാതെ ഈ മാസിക പ്രസിദ്ധീകരിക്കുന്നതിലെ കടമ്പകൾ ഏറെയാണെങ്കിലും ഇനിയും അത് തുടരണമെന്ന തീരുമാനത്തോടെ എല്ലാ വായനക്കാർക്കും എന്റെ സ്നേഹോഷ്മളമായ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു. ●

വിനയപൂർവ്വം
കെ.അജിത



# വാസ്തവം



ഡോ.ജാൻസി ജോസ്

കേരളത്തെ ഇത്രയധികം നാണം കെടുത്താൻ എങ്ങനെ മനസ്സുവന്നു നമ്മുടെ ജനനായകന്മാർക്ക്. ഒരു ഉളുപ്പുമില്ലാതെയല്ലേ പറയുന്നതും ചെയ്യുന്നതും നടക്കുന്നതുമൊക്കെ എല്ലാം ഒന്നിനൊന്നുമെച്ചം! കള്ളുകച്ചവടവും കോഴവാങ്ങലും പെണ്ണുപിടുത്തവും എല്ലാം ഓരോരുത്തരും കുത്തകയാക്കി വെച്ചിരിക്കുകയല്ലേ. ഇതിനിടയിൽ അപമാനിക്കാനായി ഒരു സമത്വമുന്നേറ്റയാത്രയും ലിംഗസമത്വ കസർത്തും! പണ്ടൊക്കെ അധികാരം കിട്ടിക്കഴിഞ്ഞാൽ മാത്രം ചെയ്യുന്ന ഈ കാര്യങ്ങൾ ഇപ്പോളധികാരത്തിലെത്താനും ചെയ്യേണ്ടി വരുന്നു. കൊലപാതകരാഷ്ട്രീയം പെണ്ണുരാഷ്ട്രീയം സോളാർരാഷ്ട്രീയം അഴിമതിരാഷ്ട്രീയം എന്നൊക്കെയല്ലാതെ ഏതെങ്കിലുമൊരു രാഷ്ട്രീയപാർട്ടിക്ക് ജനക്ഷേമരാഷ്ട്രീയമുണ്ടോ? ആർക്ക് ഏതൊക്കെ രാഷ്ട്രീയം എന്ന് എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട! നടേശൻ മുതലാളിക്കു ഇങ്ങനെയൊരു 'അ'സമത്വമുന്നേറ്റയാത്ര നടത്തി സ്വയം ഇളിഭ്യനാകേണ്ട ആവശ്യമുണ്ടായിരുന്നോ? കാന്തപുരം മുസ്ലിയാർക്ക് താനടക്കമുള്ള ഹിമ്മത്തുള്ളവരുടെ പേകൂത്തുകൾ വെളിവാക്കുന്ന ലിംഗസമത്വ വാചകമടി നടത്തി ഉള്ള വില കളയേണ്ട ആവശ്യമുണ്ടായിരുന്നോ? ഇനി ഒരു സഖാവ് – ജാഥ നടത്തി പാർട്ടിയെ പിന്നോക്കം വലിക്കാതിരുന്നാൽ മതി. പുരോഗമനം പറയുന്നുണ്ടെങ്കിലും സഖാവ് വേണമെങ്കിൽ മുസ്ലിയാർ ക്ഷമപറഞ്ഞതുകൊണ്ട് വോട്ടു ചോദിച്ചേക്കും. സോളാർ കത്തിപ്പടരുന്നത് മന്ത്രിമാരുടെ സിരകളിലും കീശയിലുമാണ്. റജീനമാർ തുറന്നുപറഞ്ഞെങ്കിൽ അവരുടെ കുഴപ്പം കൊണ്ടാണെന്നു പറയുന്നവരുടെ കുഴപ്പം എല്ലാവർക്കുമറിയാം. സ്ത്രീക്ക് പ്രസവിക്കുന്നതിനുള്ള അവയവം മാത്രം മതിയെന്നു പറയുന്നവരുടെ മനസ്സിലിരിപ്പും കയ്യിലിരിപ്പും എന്താണെന്ന് ആർക്കും അറിയാത്തതല്ല. ഇതിനിടയിൽ ചെയ്ത കുറ്റത്തിന് വേണ്ട ശിക്ഷ കൊടുക്കാത്തതുകൊണ്ട് ആളുകൾ വീണ്ടും വീണ്ടും ഒരേ കുറ്റം ആവർത്തിക്കുന്നതു കാണുമ്പോൾ മുന്നേറ്റയാത്രയ്ക്ക് പകരം കയ്യേറ്റയാത്ര നടത്തിയാൽ മതിയെന്നു തോന്നിപ്പോവും. എല്ലാ ചപ്പുചവറുകളേയും തൂത്തുവാരി എറിയേണ്ട സമയം കഴിഞ്ഞു. നല്ലൊരു ചൂലു കിട്ടിയാൽ ചെയ്യാൻ കഴിയുന്ന കാര്യമേയുള്ളൂ. യോഗ്യതയുള്ളവരുടെ കയ്യിൽ ചൂലു കൊടുത്താൽ അതിനുപിന്നിൽ നിൽക്കാൻ പ്രതീക്ഷയുള്ളവരെല്ലാം തയ്യാറാവും. ●

രാഷ്ട്രീയനിരീക്ഷണം




ജ്യോതിനാരായണൻ

ജനങ്ങൾ കൂടിയിരുന്ന് തങ്ങളുടെ മണ്ഡലത്തിലേക്ക് ആര് മത്സരിക്കണമെന്ന് ആലോചിക്കണം. രാഷ്ട്രീയ പാർട്ടികൾ മത്സരിപ്പിക്കുന്നതിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഗതികേടല്ല, ആരൊക്കെ മത്സരിക്കണമെന്ന് കൂടി ജനങ്ങൾ പറയണം. അവർ വേണമെങ്കിൽ പിൻതാങ്ങട്ടെ! തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അമ്പതുശതമാത്തിലധികം സ്ത്രീകൾ വന്നിട്ടും അഴിമതി, സ്ത്രീ പീഢനം, വികസന നയങ്ങൾ..... ഒന്നിനും വലിയ മാറ്റങ്ങൾ ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് ചിന്തിക്കണം. രാഷ്ട്രീയ പാർട്ടികളുടെ പരമ്പരാഗത രീതിയിൽ തന്നെയാണ് ഭരണം. കാരണം സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നത് ഏറെക്കാലം പാർട്ടിയിൽ പ്രവർത്തിച്ചവർ, പുരുഷ പാർട്ടി പ്രവർത്തകരുടെ കുടുംബാംഗങ്ങൾ, പ്രത്യേകിച്ച് രാഷ്ട്രീയ നിലാപില്ലാത്ത എഫിഷ്യന്റായ പാർട്ടികൾ പറഞ്ഞാൽ അനുസരിക്കുന്നവർ, (മത്സരിപ്പിക്കാൻ സ്ത്രീകളുടെ സമ്മതം ചോദിക്കുമ്പോൾ പറയുന്നത്. ഇവയ്ക്ക് ഒന്ന് പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്താൽ മതി. ബാക്കിയെല്ലാം ഞങ്ങൾ നോക്കിക്കോളാം) സ്വന്തം അഭിപ്രായമുള്ളവരെയും ചോദ്യം ചെയ്യുന്നവരേയും മത്സരിപ്പിക്കാറില്ല. കേരളത്തിലാകട്ടെ ഒരു വിധം നന്നായി പഠിക്കുന്നവർ സ്ഥിരവരുമാനമുള്ള ജോലിക്ക് പോകുന്നു. പിന്നെ കുടുംബവും പ്രാരാബ്ധവും, അവർ ഭരണ–രാഷ്ട്രീയ രംഗത്തേക്ക് വരാറില്ല. രാഷ്ട്രീയ ഭരണ രംഗങ്ങളിലെ അഴിമതിയും അക്രമവും അപ്രായോഗികമായ നിയമങ്ങളും നീതിബോധമുള്ളവരെ ഈ രംഗത്തുനിന്ന് അകറ്റുന്നു.

ഹിന്ദുത്വവാദികളായ ബി.ജെ.പിയുടെ വളർച്ചയാണ് അവരുവിക്കര തെരഞ്ഞെടുപ്പിൽ തെളിയുന്നത്. ജനാധിപത്യ വിശ്വാസികൾ അസ്വസ്ഥയോടെയാണ് കാണുന്നത്. മതന്യൂനപക്ഷങ്ങൾ എന്ന പേരുപയോഗിച്ച് തങ്ങളുടെ ആചാരങ്ങൾ അടിച്ചേൽപിക്കാൻ ശ്രമിച്ചാൽ മറ്റ് മതങ്ങൾ ധ്രുവീകരിക്കുന്നതിനിടയാകും. മാത്രമല്ല, നിഷ്പക്ഷരായവർ മൗനം പാലിക്കാനും ഇടയാകും. ഒരു വശത്ത് പച്ച ബ്ലൗസും, ചോദ്യപേപ്പറിൽ നക്ഷത്രവും ചന്ദ്രക്കലയും കൈവെട്ടും വരുമ്പോൾ മറുവശത്ത് ബീഫ് നിരോധനവും നിർബന്ധിത യോഗയും പോലെയുള്ള നിയമങ്ങളും വരുന്നു. ഞങ്ങളുടെ മതങ്ങൾക്കനുസരിച്ച് ജീവിക്കാൻ, എല്ലാ വിഭാഗക്കാരും ജനാധിപത്യത്തെ അംഗീകരിക്കണം. രാഷ്ട്രീയ നേതാക്കളെപ്പോലെ മതനേതാക്കളും അത്രവേഗം മനസ്സിലാക്കില്ല. സാധാരണ ജനങ്ങൾ പഠിപ്പിക്കേണ്ടിയിരിക്കുന്നു.

പാർലമെന്റ് അംഗങ്ങളുടെ ശമ്പളം വർദ്ധിപ്പിക്കാൻ തീരുമാനമായി. ഇപ്പോൾ തന്നെ ശമ്പളവും മറ്റ് അലവൻസുകളും ആനുകൂല്യങ്ങളും പാർലമെന്റിന് താങ്ങാവുന്നതിലധികമാണ്. (ഭരണപരമായ നയങ്ങളും തീരുമാനങ്ങളും പാർലമെന്റിന് വെളിയിലാണ് നടക്കുന്നത്). ഇന്ത്യൻ ജനതയുടെ പ്രതിനിധികളാണ് ജനപ്രതിനിധികൾ. ബഹുപൂരിപക്ഷവും ഇന്ത്യക്കാരും ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ളവരാകുമ്പോഴാണ് അവരെ പ്രതിനിധീകരിക്കുന്നവർ അവരുടെ പേരിൽ കോടികൾ കൈപ്പറ്റുന്നത്. എം.പി.മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനെതിരെ ശക്തമായി പ്രതിഷേധിക്കുക. ●



വായനാനുഭവം

ദിവ്യ ധർമ്മദത്തൻ

# ഗ്രേസിയുടെ ഗൗളിജൻമം - ചില സ്ത്രീപക്ഷ ചിന്തകൾ

**ഫെ**മിനിസം അഥവാ സ്ത്രീവാദം യൂറോപ്യൻ നവോത്ഥാനത്തിന്റെ ഫലമായുണ്ടായതാണ്. 1789ലെ ഫ്രഞ്ച് വിപ്ലവകാലത്താണ് സ്ത്രീയുടെ അവകാശങ്ങൾക്കു വേണ്ടി ആസൂത്രിതമായ മുന്നേറ്റങ്ങൾ ആരംഭിച്ചത്. മേരിവുൾസ്റ്റൺ ക്രാഫ്റ്റിന്റെ വനിതാവകാശസമർഥനം(A Vindication of the Rights of Women / 1792) സ്ത്രീഅവകാശങ്ങൾക്കു വേണ്ടി എഴുതപ്പെട്ട ആദ്യത്തെ ഗ്രന്ഥമായിരുന്നു. സാമൂഹ്യപരിഷ്ക്കരണത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും നേടിയെടുക്കേണ്ട സ്ത്രീയുടെ അവകാശങ്ങളെ കുറിച്ചാണ് ഈ പുസ്തകത്തിൽ വിവരിക്കുന്നത്.

ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ വളർച്ചയിൽ നിർണായക സംഭാവനകൾ നൽകിയ പല വനിതകളുണ്ട്.നോവലിസ്റ്റ് കൂടിയായിരുന്ന വെർജീനിയ വുൾഫിന്റെ സ്വന്തമായെരു മുറി(A room of One's Own-1928)എന്ന പുസ്തകം ഫെമിനിസ്റ്റ് ബൈബിൾ ആയിട്ടാണ് അറിയപ്പെടുന്നത്. ഓരോ സ്ത്രീയുടെയും വ്യക്തിപരമായ സാഫല്യവും, സ്വാതന്ത്രവും വിലപ്പെട്ടതായി അവർ കരുതി, വിജ്ഞാനോദ്ദീപന വിചാരപദ്ധതി തൊടുത്തുവിട്ട ഈ വ്യക്ത്യാധിഷ്ഠിത ദർശനം, ഇന്നത്തെ ഫെമിനിസം പുലർത്തുന്ന സാമൂഹ്യ സംഘടിത വിമോചനചിന്തയിൽ നിന്നും വ്യത്യസ്തമാണ്. 1 ഫ്രഞ്ച് തത്ത്വചിന്തകയും നോവലിസ്റ്റുമായിരുന്ന സിമോൺ ദി ബുവയുടെ ദ സെക്കന്റ് സെക്സ് എന്ന ഗ്രന്ഥത്തിൽ സമൂഹത്തിലെ സ്ത്രീയുടെ പദവി ചരിത്രാതീത കാലംമുതൽ ഉള്ളത് പഠനവിധേയമാക്കി,1963ൽ അമേരിക്കയിൽ ബെറ്റി ഫ്രീഡൻ എന്ന ഗ്രന്ഥത്തിലൂടെ അമേരിക്കൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. സന്തുഷ്ടരെന്നു കരുതപ്പെട ഏതാനും മധ്യവർഗ വീട്ടമ്മമാരുമായുള്ള ചോദ്യോത്തര പരിപാടിയിലൂടെ അവർ അഭിമുഖീകരിക്കുന്ന പേരില്ലാത്ത പ്രശ്നത്തെ ഫ്രീഡൻ വെളിച്ചത്തു കൊണ്ടു വന്നതോടെ, മാതൃത്വത്തിന്റെ സന്തോഷവും,ഗാർഹിക ജീവിതത്തിന്റെ ഭദ്രത നൽകുന്ന സംതൃപ്തിയും സമൂഹം അടിച്ചേൽപ്പിച്ച ഒരു സ്ത്രൈണാദർശം മാത്രമാണെന്ന സത്യം വെളിവാക്കപ്പെട്ടു.

ഫെമിനിസത്തിന് പല ധാരകളുമുണ്ട്,അമേരിക്കൻ ഫെമിനിസത്തിൽ നിന്നു വിഭിന്നമായി സ്ത്രീഭാവന,സ്ത്രീഭാഷണം തുടങ്ങിയ സങ്കൽപങ്ങളെ നിരാകരിക്കുന്നവരാണ് ഫ്രെഞ്ച് ഫെമിനിസ്റ്റുകൾ. ആണെഴുത്തിനെ പെണ്ണെഴുത്തു കൊണ്ട് പ്രതിരോധിക്കുക എന്നതല്ല ഇവരുടെ സമീപനം.എഴുത്തിന്റെ ഉത്ഭവത്തെ കുറിച്ച് - ഒരു കൃതി എഴുതിയിരിക്കുന്നത് സ്ത്രീയാണോ പുരുഷനാണോ എന്നതിനെ കുറിച്ച് - വ്യാകുലപ്പെടുന്നതിനു പകരം എഴുത്തിന്റെ ഫലത്തെ (writing effect)കുറിച്ച് സംസാരിക്കുകയാണ് ഇവരുടെ രീതി.പാഠത്തിന്റെ ലിംഗപരതയിലല്ല, ലിംഗത്തിന്റെ പാഠപരതയിലാണ് ഇക്കൂട്ടർക്ക് താൽപര്യം. 3ഗ്രന്ഥകർത്താവ് ആരെന്നതിനേക്കാൾ എഴുത്ത് ഉൽപാദിപ്പിക്കുന്ന പ്രത്യയശാസ്ത്രത്തിലാണ് ഇവർ ശ്രദ്ധ പതിപ്പിക്കുന്നത്,ലിബറൽ ഫെമിനിസം,റാഡിക്കൽ ഫെമിനിസം, മാർക്ക്സിസ്റ്റ് ഫെമിനിസം,സോഷ്യലിസ്റ്റ് ഫെമിനിസം,ഇക്കോ

ഫെമിനിസം തുടങ്ങി ഫെമിനിനി സത്തിന് നിരവധി അവാന്തരവി ഭാഗങ്ങളുണ്ട്.

ഫെമിനിസം ഒരു പ്രസ്ഥാന മായി മലയാള സാഹിത്യത്തിൽ വേരൂന്നുന്നതിന് മുമ്പേ കെ. സര സ്വതിയമ്മ എന്ന ആദ്യകാല ക ഥാകാരിയുടെ കഥകളിൽ സ്ത്രീപക്ഷവാദം തെളിഞ്ഞു കാണാം. പുരുഷാധിപത്യത്തിനെ തിരെയുള്ള കലാപങ്ങളായിരുന്നു അവരുടെ കഥകളെല്ലാം എന്ന് പറയാം.സരസ്വതിയമ്മയ്ക്ക് ശേഷം ഫെമിനിസ്റ്റ് ആശയങ്ങൾ തീവ്രമായി ആവിഷ്ക്കരിച്ച കഥാ കാരിയാണ് സാറാജോസ ഫ്.പാപത്തറ എന്ന സമാഹാരം മുതൽക്കുള്ള അവരുടെ കഥകൾ പെണ്ണെഴുത്തിന്റെ തീവ്രമായ അവസ്ഥകളെ കാണിക്കുന്നു. സാറാജോസഫിനെ പോലെ സ്ത്രീയനുഭവങ്ങളെ വ്യത്യസ്തമായി ആവിഷ്ക്കരി ക്കുന്ന കഥാരാരിയാണ് ഗ്രേസി. പടിയിറങ്ങിപ്പോയ പാർവ്വ തിയും ഭിന്നസംഖ്യയു മെല്ലാം സ്ത്രീയനുഭവങ്ങളുടെ വൈവി ധ്യത്തെ നമ്മുക്ക് മുന്നിൽ അവത രിപ്പിക്കുന്നു.ഗ്രേസിയുടെ ആദ്യ കഥാസമാഹാരത്തിലെ അവതാ രികയിൽ സി.രാധാകൃഷ്ണൻ സൂചിപ്പിച്ച പോലെ പറച്ചിലിലെ കൂസലില്ലായ്മ ഗ്രേസിയുടെ കഥകളുടെ സവിശേഷതയാണ്. പടിയിറങ്ങിപ്പോയ പാർവതി (1991), നരകവാതിൽ (1993) ഭ്രാന്തൻ പൂക്കൾ (1996) സ്വപ്ന ദർശികൾ (1999), കാവേരിയുടെ കഥ (2001) ഉടൽവഴികൾ (2015) എന്നിവയാണ് പ്രധാന കഥാസ മാഹാരങ്ങൾ മാനസിക വിഭ്രാ ന്തികളുടെ ആന്തരലോകമാണ് ഗ്രേസിയുടെ പല മികച്ച കഥകളു ടെയും ആകരം .4 എന്ന് ഡോ.എം.ലീലാവതി നിരീക്ഷിച്ചി ട്ടുണ്ട് .അരുന്ധതിയുടെ സ്വപ്ന ങ്ങൾ, പൂച്ച അനസൂയയുടെ നക്ഷത്രകുഞ്ഞുങ്ങൾ, എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ, ഭിന്നസംഖ്യ, തണ്ണിമത്തങ്ങ തുട ങ്ങിയ ഒട്ടേറെ കഥകളിൽ പലതര ത്തിലുള്ള മനോവിഭ്രാന്തികളുടെ ചിത്രീകരണമുണ്ട്.

ഗ്രേസിയുടെ ഗൗളിജന്മം എന്ന കഥ വ്യത്യസ്തമായ ആഖ്യാനതന്ത്രം കൊണ്ടും,പ്രമേ യത്തിലെ പുതുമ കൊണ്ടും ശ്രദ്ധിക്കപ്പെട്ട ചെറുകഥയാണ്. സർവജ്ഞനായ ആഖ്യാതാവിനു പകരം രണ്ടു ഗൗളികളുടെ വീക്ഷ ണകോണിലൂടെ കഥ പറയുകയാ ണതിൽ ചെയ്യുന്നത്.കേവലം കൗതുകത്തിന് വേണ്ടിമാത്രമല്ല ആൺഗൗളിയെയും,പെൺഗൗളി യെയും ആഖ്യാതാക്കൾ ആക്കി യിരിക്കുന്നതെന്ന് കഥാന്ത്യ ത്തിൽ വ്യക്തമാവും.സ്ത്രീയുടെ ഏറ്റവും മഹനീയമായ ഗുണഗണ ങ്ങളിലെന്നായി വാഴ്ത്തപ്പെടുന്ന ഒന്നാണല്ലോ മാതൃത്വം.ഈ മാതൃത്വത്തെ തന്നെയാണ് ഈ കഥയിൽ പ്രശ്നവൽകരിച്ചിരിക്കു ന്നത്. മാതൃത്വം ഒരു സാമൂഹ്യ സ്ഥാപനവും ജീവശാസ്ത്രശക്തി യുമായ അനുഭവമാണെന്ന് 5 എലൈൻ ഷോവാർട്ടർ അഭിപ്രാ യപ്പെടുന്നു.എന്നാൽ ഷ്ലോമിത് ഫൈർസ്റ്റേണിനെ പോലുള്ള ഫെമിനിസ്റ്റുകൾ സ്ത്രീ പീഡന ത്തിന് കാരണം പ്രസവവും ശിശുസംരക്ഷണവുമാണെന്ന് അഭിപ്രായപ്പെടുന്നു. ഇവ പുരു ഷാധിപത്യം അടിച്ചേൽപ്പിക്കുന്ന ദ്രോഹാനുഭവങ്ങളാണെന്ന് പല സ്ത്രീകളും വിശ്വസിക്കുന്നു.അടി സ്ഥാനപരമായി ഒരുശാരീരിക ജീവിയായിട്ടാണ് സ്ത്രീ ചിത്രീക രിക്കപ്പെടുന്നത്.ഈ കാരണ ത്താൽ സ്ത്രീയ്ക്ക് ഒരു പൂർണമനുഷ്യജീവി എന്ന സ്ഥാനം നിഷേധിച്ചിരുന്നതായി എലിസബത്ത് സ്പെൽമാൻ അഭിപ്രായപ്പെടുന്നു.ഈ അഭി പ്രായം ഒരു സാമൂഹികയാ ഥാർത്ഥ്യമാണ് ് 6.എന്നാൽ എയ്ഡ്രിൻ റിച്ച് Of Women Born എന്ന കൃതിയിൽ ഈ ചിന്താഗതികളെ നിരാകരിക്കു ന്നു. ശിശുജനനവും മാതൃത്വവും പുതിയ സാമൂഹികയാഥാർത്ഥ്യ ങ്ങളുടെ പശ്ചാതലത്തിൽ പുനർനിർവചിക്കണമെന്നും, സ്ത്രീയുടെ ശാരീരികമായ പ്രത്യേകത വിധിയെന്നതിനേക്കാ ളുപരി ഒരുശക്തി സ്രോതസ്സാ ണെന്നുറച്ച് അഭിപ്രായപ്പെടുന്നു.7 സ്ത്രീ ശരിരത്തെയും ശരീര ധർമ്മങ്ങളെയും സംബന്ധിച്ചുള്ള അവജ്ഞ ചോദ്യം ചെയ്യുന്നതിന് റിച്ചിന്റെ പഠനങ്ങൾ സഹായിച്ചി ട്ടുണ്ട്. ആശുപത്രിയിൽ മരണാസ ന്നനായി കിടക്കുന്ന യുവാവിനെ കാണാൻ വന്ന സന്ദർശക, ഭാര്യ യായ ആരതിയോട് യുവാവ് മരി ച്ചാലും അവൾക്ക് ജീവിതം ബാക്കിയുണ്ടെന്നും ഗർഭിണിയാ ണെങ്കിൽ കുഞ്ഞിനെ ഇല്ലാതാ ക്കുന്നതായിരിക്കും ഭാവി ജീവിത ത്തിന് അഭികാമ്യമെന്നും ഉപ ദേശിക്കുന്നതാണ് ആൺഗൗളിയും, പെൺഗൗളിയും ആശുപത്രിചുമരിലിരുന്ന് കാണുന്നത്.ഭർത്താവ് മരിച്ചാൽ ആരതിയുടെ ഭാവിജീവിതത്തിന് വിഘാതമാകാൻ പോകുന്നത് അവളുടെ ഉദരത്തിൽ കിടക്കുന്ന കുഞ്ഞാണ്.അതുകൊണ്ടാണ് കുഞ്ഞിനെ എളുപ്പം തന്നെ ഒഴി വാക്കുന്നതായിരിക്കും നല്ലതെന്ന് സന്ദർശക അഭിപ്രായപ്പെട്ടത്.പു നർവിവാഹത്തിന് കുട്ടികൾ എപ്പോഴും ബാധ്യതയായിരിക്കുമ ല്ലോ.സന്ദർശക ആരതിയോട് പറഞ്ഞ വാക്കുകൾ കേട്ട് സത്യം ഇത്രനിർദ്ദയമായി പറയാമോ എന്ന് പ്രതിഷേധത്തോടെ പെൺഗൗളി ചോദിക്കുന്നു. പെൺഗൗളി ചിലച്ചതിന് ആൺഗൗളി അവളെ ശാസിക്കു ന്നുണ്ട്.കാരണം അന്ധവിശ്വാസി കളായ മനുഷ്യർ പല്ലി ചിലയ്ക്കു ന്നത് കേട്ട് ലക്ഷണം പറയുമെന്ന തു കൊണ്ടാണ്.ഇത്തരത്തിൽ ആൺഗൗളിയിലൂടെയും, പെൺഗൗളിയിലൂടെയും രണ്ട് ആഖ്യാനസ്വരങ്ങൾ കഥയിൽ ഉപയോഗിക്കുന്നതുകൊണ്ട് വിരു ദ്ധമായ ആശയങ്ങൾ കഥയിൽ ഒരേ സമയം അവതരിപ്പിക്കാൻ സാധിക്കുന്നു.തിര്യക്കുകളിലൂടെ കഥ പറയുന്നതിനാൽ മനുഷ്യ രുടെ ചെയ്തികളെ രൂക്ഷമായി വിമർശിക്കാനും കഴിയുന്നു എന്ന

മേൻമ കൂടിയുണ്ട്.തന്തയെത്തീനി
എന്ന പേരുമായി ഒരു കുഞ്ഞ്
ജനിച്ചാൽ അവന്റെ ജീവിതം
എത്ര ദുഷ്ക്കരമായിരിക്കു
മെന്നാണ് പെൺപല്ലിയുടെ ആശ
യത്തിന് വിരുദ്ധമായി ആൺപല്ലി
പറയുന്നത്.ഇതേ ആഖ്യാന
തന്ത്രം പ്രിയ.എ.എസിന്റെ
അതാ നോക്കു ഒരു പല്ലി
എന്ന കഥയിലും കാണാം.

സന്ദർശക പോയതിന്
ശേഷം കുഞ്ഞിനെ കൊല്ലുമോ
എന്ന് ഭർത്താവ് ഭാര്യയോട്
ചോദിക്കുന്നതായി കഥയിൽ
കാണാം. മൃതപ്രായനായ
അയാൾ തന്റെ മരണശേഷം
ഭാര്യ പുനർവിവാഹം ചെയ്യാനല്ല,
മറിച്ച് തന്റെ കുഞ്ഞിനെ
വളർത്താനാണ് ആഗ്രഹിക്കുന്ന
ത്.അവൾ എങ്ങനെ
ജീവിക്കും,കുഞ്ഞിനെ എങ്ങനെ
വളർത്തും ഇത്തരം ചിന്തക
ളൊന്നും അയാൾക്കില്ല.ആദ്യഘട്ട
സ്ത്രീവിമോചന പ്രവർത്തകയാ
യിരുന്ന ഹമ്മ ഗോൾഡ്മാൻ
ഇപ്രകാരം വിശദീകരിക്കുന്നു.
വിവാഹസ്ഥാപനം സ്ത്രീയെ
ഒരു പരോപജീവിയും തികഞ്ഞ
ആശ്രിതയുമാക്കിത്തീർക്കു
ന്നു.അവളെ ജീവിതസമരത്തിന്
കൊള്ളാത്തവളാക്കുകയും അവ
ളുടെ സാമൂഹിക ബോധത്തെ
നശിപ്പിക്കുകയും ഭാവനാശ
ക്തിയെ ദുർബലമാക്കുകയും
ചെയ്തശേഷം സാനുകമ്പം
അതിന്റെ സംരക്ഷണം അവളിൽ
തന്നെ അടിച്ചേൽപ്പിക്കുന്നു.അ
താകട്ടെ യഥാർത്ഥത്തിൽ ഒരു
കെണിയാണ്, മനുഷ്യ പ്രകൃ
തത്തെ അപഹസിക്കലുമാണ് 8.
ഇത്തരത്തിലൊരു ആശ്രിതജീ
വിതം നയിക്കുന്ന ആരതി എന്ന
പെൺകുട്ടിക്ക് ഭർത്താവില്ലാതെ
ആയാൽ കുഞ്ഞിനെ വളർത്തു
വാനുള്ള സമ്പത്തില്ല.അതിനാ
ലാണ് കുഞ്ഞിനെ വളർത്തില്ലേ
എന്ന അയാളുടെ ചോദ്യത്തിന്
അവൾ കണ്ണുനീരിനാൽ ഉത്തരം
നൽകിയത്.യുവാവ് മരിക്കുമെന്ന
അവസ്ഥവന്നപ്പോൾ പെൺഗൗളി
ആരതിയുടെ ഭാവിജീവിതം
എന്തെന്നറിയാനുള്ള ആകാം
ക്ഷയിൽ അവളുടെ സാധനങ്ങൾ
ഇരിക്കുന്ന പെട്ടിയിലേക്ക്
ചാടാൻ ഒരുങ്ങി.ഇത്കണ്ട
ആൺഗൗളി അവളുടെ ജീവിതം
അവൾ ജീവിച്ചോളും,നീ നിന്റെ
കാര്യം നോക്ക്,എന്റെ കുഞ്ഞുങ്ങ
ളുടെ അമ്മയാവാനുള്ളതാണ് നീ
എന്ന് പറഞ്ഞ് പെൺഗൗളിയെ
വിലക്കുന്നുണ്ട്.എന്നാൽ നിങ്ങ
ളുടെ കുഞ്ഞിന്റെ അമ്മയാവാൻ
ഏത് പെൺഗൗളിക്കും
കഴിയും.പക്ഷേ, ഇത്ഞാൻ
തന്നെ കണ്ടെത്തേണ്ട കാര്യമാ
ണ്.തന്നെയുമല്ല,പെണ്ണുങ്ങളെ
കൊണ്ട് എന്തൊക്കെ സാധിക്കു
മെന്നും എനിക്കറിയേണ്ടതു
ണ്ട് 9.എന്നാണ് മറുപടിപറ
ഞ്ഞത്. ഈ മറുപടിപറഞ്ഞ്
പെൺഗൗളി കുതിച്ചു ചാടി
ആൺഗൗളിയുടെ ജീവിതത്തിൽ
നിന്നേ അപ്രത്യക്ഷമായി എന്നു
കൂടി പറഞ്ഞാണ് കഥ അവസാ
നിപ്പിച്ചിരിക്കുന്നത്. പുരുഷന്റെ
താങ്ങും തണലുനായി നിന്ന്
ജീവിതം തള്ളി നീക്കുന്ന
സ്ത്രീകളിൽ നിന്ന് വ്യത്യസ്ത
യാണ് ഈ കഥയിലെ
പെൺഗൗളി.പുരുഷന്റെ നിഴ
ലായി മാത്രം ഒതുങ്ങാതെ
സ്ത്രീകൾ സ്വത്വം കണ്ടെത്താ
നുള്ള ഊർജ്ജം നേടണം
എന്നാണ് പെൺഗൗളിയിലൂടെ
കഥാകൃത്ത് പറയുന്നത്.ഇത്
ഞാൻ തന്നെ കണ്ടെത്തേണ്ട
താണ് എന്ന പെൺപല്ലിയുടെ
പ്രഖ്യാപനത്തിൽ സ്ത്രീയുടെ
തെരഞ്ഞെടുക്കാനുള്ള അവ
കാശം പ്രതിഫലിച്ചു
കാണാം.സാധാരണ ജീവിത
ത്തിൽ സ്ത്രീകളിൽ ബഹുഭൂരിപ
ക്ഷത്തിനും സ്വതന്ത്രമായ തെര
ഞ്ഞെടുക്കാലിന് സാധ്യത കുറ
വാണ്.പുരുഷന്റെ ഇച്ഛയ്ക്കും
ഇംഗിതത്തിനും അനുസരിച്ചാണ്
അവൾ ജീവിക്കുന്നത്.ഇവിടെ
പെൺപല്ലി വിലക്കുകളെ മറിക
ടന്ന് വഴി സ്വയം തെരഞ്ഞെടുക്കു
ന്നു.മാതൃത്വത്തെ പോലും തൃണ
വൽഗണിച്ചാണ് പെൺപല്ലിയുടെ
ഇറങ്ങിപ്പോക്ക് എന്നത് ശ്രദ്ധേയ
മാണ്.സ്ത്രീയുടെ ജന്മലക്ഷ്യം
തന്നെ മാതൃത്വമാണെന്നാണ് പര
മ്പരാഗത കാഴ്ചപ്പാട്,എന്നാൽ
മാതൃത്വം മാത്രമല്ല ഒരു
സ്ത്രീയുടെ ജീവിതലക്ഷ്യ
മെന്നും അതിനപ്പുറം സർഗ്ഗാത്മ
കമായും സാമൂഹ്യമായും
അവൾക്കൊരു അസ്തിത്വം കൂടി
യുണ്ടെന്നും ഗൗളിജന്മം
ഓർമ്മപ്പെടുത്തുന്നു.പെണ്ണുങ്ങളെ
കൊണ്ട് എന്തൊക്കെ സാധിക്കു
മെന്ന് കൂടി തിരിച്ചറിയാനാണ്
പെൺഗൗളി ആൺഗൗളിയുടെ
ജീവിതത്തിൽ നിന്ന് അപ്രത്യക്ഷ
യായത് .കുടുംബത്തിൽ ഒതുങ്ങി
ജീവിക്കുന്ന സ്ത്രീകൾ തങ്ങ
ളുടെ കഴിവുകൾ സമൂഹത്തിന്
ഉതകുന്ന രീതിയിൽ ഉപയോഗി
ക്കണം എന്ന ധ്വനി കൂടി ഈ
കഥയ്ക്കുണ്ട്.സ്ത്രീയുടെ സാമൂ
ഹികമായ സ്വത്വപ്രഖ്യാപനം
കൂടിയാണ് ഈ കഥ. ഗൗളികളി
ലൂടെ മനുഷ്യസമൂഹത്തിന്റെ
സ്വാർത്ഥതയെയും ആതുരസേ
വന രംഗത്തുള്ള മൂല്യ
ച്യുതികളെയും വിമർശിക്കാൻ
ഗ്രേസിക്ക് കഴിയുന്നുണ്ട്.മൃഗങ്ങ
ളും പക്ഷികളുമെല്ലാം കഥാപാത്ര
മായി പറയുന്ന കഥാകഥനരീതി
മലയാളത്തിലെ പല എഴുത്തു
കാരും ഇതിനുമുമ്പ് ഉപയോഗിച്ചി
ട്ടുണ്ട്.ഗൗളികൾ ആദ്യം സാക്ഷി
കളായും പിന്നെകർമ്മികളായും
വരുന്ന ഈ കഥയിലൂടെ ശക്ത
മായ സാമൂഹ്യ വിമർശനം കഥാ
കൃത്ത് നടത്തുന്നുണ്ട്.കഴിഞ്ഞ ജ
ന്മത്തിൽ താൻ മലയാളത്തിലെ
ഏറ്റവും മികച്ച കഥാകൃത്തായിരു
ന്നുവെന്നും അത്കൊണ്ടാണ്
ഇപ്പോൾ ഉത്തരം താങ്ങു
ന്നതെന്നും ആൺഗൗളി ആത്മവി
മർശനരൂപേണ പറയുന്നുണ്ട്.പു
രോഗമനവാദികളെന്ന് നടിക്കുന്ന
മനുഷ്യർ ഗൗളിശാസ്ത്രം
പോലുള്ള അന്ധവിശ്വാസങ്ങൾക്ക്
അടിമകളാകുന്നതിനെയും കഥ
വിമർശിക്കുന്നുണ്ട്.ചുരുക്കത്തിൽ
സ്ത്രീകൾ തങ്ങളുടെ സ്വത്വവും
സാമൂഹികാസ്തിത്വവും കണ്ടെ
ത്തണം എന്നതാണ് ഗൗളിജൻമ
ത്തിന്റെ പൊരുൾ.



ശാസ്ത്രം

# പരിസരത്തിനനുസരിച്ച് നിറം മാറും ത്വക്ക്



സീമ ശ്രീലയം

പ്രകൃതിയിലെ ജീവജാലങ്ങളിൽ നിന്നും ആശയങ്ങൾ ഉൾക്കൊണ്ട് ശാസ്ത്രജ്ഞർ വിരിയിക്കുന്ന വിസ്മയങ്ങളുടെ പട്ടികയിലേക്ക് ഒരു നേട്ടം കൂടി.പരിസരത്തിനനുസരിച്ച് നിറം മാറാൻ കഴിഞ്ഞാലെങ്ങനെയിരിക്കും? ഓന്ത് നിറം മാറുന്നതുപോലെ നിറം മാറാൻ കഴിയുന്ന നൂതനസംവിധാനം വികസിപ്പിച്ചെടുക്കുന്നതിൽ വിജയിച്ചിരിക്കുന്നത് കലിഫോർണിയ സർവ്വകലാശാല ബെർക്കിലിയിലെ എഞ്ചിനീയർമാരാണ്. 'കൃത്രിമ ത്വക്ക് 'എന്നാണ് ഗവേഷകർ ഇതിനെ വിശേഷിപ്പിക്കുന്നത്. ഓന്തിന്റെ നിറം മാറ്റ രഹസ്യത്തിനു പിന്നിൽ അതിന്റെ ത്വക്കിലെ നാനോ പരലുകളുടെ വിന്യാസത്തിലുണ്ടാവുന്ന വ്യത്യാസമാണെന്ന് ജനീവ സർവ്വകലാശാലാ ഗവേഷകർ കണ്ടെത്തിയത് ഈയിടെയാണ്.

അർധചാലക പദാർഥമായ സിലിക്കണിന്റെ 120 നാനോമീറ്റർ മാത്രം കനമുള്ള നേരിയ പാളിയിൽ അതിസൂക്ഷ്മമായ വിശദാംശങ്ങളോടെ എച്ചിങ് നടത്തിയാണ് ഗവേഷകർ ഈ നേട്ടം കൈവരിച്ചത്. എച്ച് ചെയ്തതാവട്ടെ പ്രകാശത്തിന്റെ തരംഗദൈർഘ്യവുമായി താരതമ്യം ചെയ്യുമ്പോൾ വളരെച്ചെറിയ ബ്ലോക്കുകളും. ചെറിയ ബലം പ്രയോഗിച്ച് ഈ പദാർഥത്തെ വളയ്ക്കുമ്പോൾ അതിന്റെ തോതിനനുസരിച്ച് പദാർഥം പ്രതിഫലിപ്പിക്കുന്ന നിറത്തിലും വ്യത്യാസം വരും. നിറം മാറ്റം കളർഫുൾ ആക്കാമെന്നു സാരം! ലോഹങ്ങളിൽ എച്ചിങ് നടത്താൻ എളുപ്പമായതുകൊണ്ട് മുൻപ് അവയുപയോഗിച്ച് സമാനമായ പരീക്ഷണങ്ങൾ നടത്തിയിരുന്നെങ്കിലും അവയിലെ പ്രകാശപ്രതിഫലനം അനുയോജ്യമായ തരത്തിൽ ട്യൂൺ ചെയ്യാൻ സാധിച്ചിരുന്നില്ല. മറ്റു ചില പരീക്ഷണങ്ങളിലാവട്ടെ ഉപയോഗിച്ച പദാർഥങ്ങൾ ആവശ്യത്തിനു വഴക്കമുള്ളതും ആയിരുന്നില്ല.

ഇത്തരം സിലിക്കൺ പദാർഥമുപയോഗിച്ച് ഒരു കുപ്പായമുണ്ടാക്കി ധരിച്ചാൽ ഇടയ്ക്കിടെ ഓന്തിനെപ്പോലെ നിറം മാറാം ! എന്നാൽ ഇത്തരം കൗതുകങ്ങൾക്കപ്പുറം പുതിയ നേട്ടത്തിന്റെ സാധ്യതകൾ വിപുലമാണെന്ന് ഗവേഷകസംഘത്തിൽ അംഗമായ കോന്നീ ജെ. ചാങ് ഹസ്നെയ്ൻ പറയുന്നു. നൂതന ഡിസ്പ്ലേ സാങ്കേതികവിദ്യകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, വിമാനങ്ങൾ എന്നിവയിലെ അതിസൂക്ഷ്മമായ തകരാറുകൾ പോലും തിരിച്ചറിയുന്ന സെൻസറുകൾ , ധരിക്കാവുന്ന ബയോമെഡിക്കൽ സെൻസറുകൾ, ചുറ്റുപാടുകൾക്കനുസരിച്ച് നിറവ്യത്യാസം വരുന്ന വാഹനങ്ങളുടെ ഉപരിതലം ഇങ്ങനെ നീളുന്നു സാധ്യതകൾ.

പ്രതല സവിശേഷതകളും ഘടനകളും കൊണ്ട് പ്രകാശത്തെ നിയന്ത്രിക്കുന്ന വിദ്യ നേരത്തെ തന്നെ ശാസ്ത്രജ്ഞർക്കറിയാം. ഡിഫ്രാക്ഷൻ ഗ്രേറ്റിങ്ങുകൾ ഉപയോഗിച്ച് പ്രകാശത്തെ വ്യത്യസ്ത തരംഗദൈർഘ്യമുള്ള ഘടകവർണ്ണങ്ങളാക്കി മാറ്റുന്നത് ഒരുദാഹരണം. കൃത്യമായി, തുല്ല്യമായ അകലത്തിൽ സമാന്തരമായി ക്രമീകരിക്കപ്പെട്ട സ്ലിറ്റുകളാണ് ലളിതമായ ഒരു ഡിഫ്രാക്ഷൻ ഗ്രേറ്റിങ്ങിൽ ഉള്ളത്. പുതിയ പരീക്ഷണത്തിൽ ഡിഫ്രാക്ഷൻ ഗ്രേറ്റിങ്ങിലെ സ്ലിറ്റിനു സമാനമായ ഭാഗങ്ങളാണ് നേർത്ത സിലിക്കൺ പാളിയിലെ ചെറിയ വക്രതയുള്ള സൂക്ഷ്മമായ ബ്ലോക്കുകളുടെ നിര. ഇവ പ്രകാശത്തെ സപ്തവർണ്ണങ്ങളാക്കി തിരിക്കുന്നതിനു പകരം നിശ്ചിത തരംഗദൈർഘ്യമുള്ള പ്രകാശത്തെയാണ് പ്രതിഫലിപ്പിക്കുക. ഈ കുഞ്ഞു ബ്ലോക്കുകൾ തമ്മിലുള്ള അകലം ക്രമീകരിക്കുന്നതിലൂടെ അവ പ്രതിഫലിപ്പിക്കുന്ന നിറത്തിൽ ആവശ്യാനുസരണം വ്യത്യാസങ്ങൾ വരുത്താം. എച്ചിങ്ങിലൂടെ സിലിക്കണിൽ സാധ്യമാക്കിയ ബ്ലോക്കുകൾ അവയുടെ അകലത്തിലുണ്ടാക്കുന്ന വ്യത്യാസത്തിലൂടെ ട്യൂൺ ചെയ്യാൻ കഴിയുമെന്നർഥം. ഇതു സാധ്യമാക്കാൻ പദാർഥത്തെ ചെറുതായൊന്ന് വളയ്ക്കുകയോ അനായാസമായി താല്ക്കാലിക രൂപമാറ്റം വരുത്തുകയോ ചെയ്താൽ മതി. ഇതിൽ പതനരശ്മിയുടെ 83 ശതമാനത്തോളം പ്രതിഫലിപ്പിക്കപ്പെടും എന്ന മേന്മയുമുണ്ട്.

സ്മിത മീനാക്ഷി



# റാണി പത്മിനി ഒരു പെൺകാഴ്ച

സ്ത്രീ പക്ഷ സിനിമ, സ്ത്രീ പ്രാധാന്യമുള്ള സിനിമ എന്നൊക്കെയുള്ള വലിയ ബാനറുകളിൽ മലയാള സിനിമകൾ ഇടയ്ക്കിടെ നിർമ്മിക്കപ്പെടുമ്പോഴും സ്ത്രീകളെ പുരുഷന്മാരുടെ കണ്ണിലൂടെ കാണിച്ചു തരുന്ന ('ഞങ്ങളല്ലാതെ ആരാണു അബലകളായ പെണ്ണുങ്ങൾക്കു തുണ?) അവയിലേറെയും യഥാർത്ഥ പെൺ പക്ഷത്തിന്റെ അടുത്തേയ്ക്കൊന്നും അറിയാതെ പോലും എത്തിപ്പെടുന്നില്ല എന്നതാണനുഭവം. സ്ത്രീപക്ഷ സിനിമയെന്നാൽ എന്താണെന്ന ചോദ്യത്തിന് ഉത്തരമില്ലാതെ കുഴങ്ങുകയാണു സിനിമാരംഗം എന്നു തോന്നിപ്പിക്കുന്ന അവസ്ഥ. സ്ത്രീകൾക്ക് പുരുഷലോകം കൽപ്പിച്ചു കൊടുത്തിട്ടുള്ള ചില രംഗങ്ങളിൽ, അതായത് പാചകം, തയ്യൽ, അല്ലറ ചില്ലറ കരകൗശലപ്പണികൾ, വീടും നാടും വൃത്തിയാക്കൽ, പച്ചക്കറി കൃഷി എന്നിങ്ങനെയുള്ള ഇടങ്ങളിൽ സ്ത്രീകളെ അടിച്ചുറപ്പിക്കുന്ന സ്ത്രീ വിജയ കഥകൾ, സ്ത്രീ പീഢനം, ഗാർഹിക വഴക്കുകൾ, വിവാഹ മോചനം, തുടങ്ങിയ സാമൂഹിക / സ്ത്രീ പ്രശ്നങ്ങളുടെ കാല്പനികവൽക്കരിപ്പെട്ട അവതരണങ്ങൾ, ആണിനോട് നിരന്തരമായി സമരം ചെയ്യലാണു സ്ത്രീവിമോചനമാർഗ്ഗമെന്നു നിർദ്ദേശിക്കുന്ന വിപ്ലവകഥകൾ എന്നിവയിലൊക്കെ കുടുങ്ങി വർഷങ്ങളായി ഗതി മുട്ടി നിൽക്കുന്ന സിനിമാവിഭാഗത്തിലേയ്ക്ക് പ്രവേശിക്കാതെ, സ്ത്രീയ്ക്കു വച്ചു നീട്ടപ്പെടുന്ന പുരുഷകാരുണ്യത്തിന്റെ മഹദ് വാഗ്ദാനങ്ങളൊന്നുമില്ലാതെ വന്നെത്തിയ റാണി പദ്മിനി തികച്ചും വ്യത്യസ്തമായ കാഴ്ച നൽകുന്നുവെന്നു പറയാനാഗ്രഹിക്കുന്നു.

തിരക്കഥയുടെ ശക്തിയെക്കുറിച്ചോ കഥാപാത്രങ്ങളുടെ വിശ്വാസ്യതയെക്കുറിച്ചോ പറയാനാണെങ്കിൽ മറ്റു പല സാധാരണ മലയാള / ഇന്ത്യൻ സിനിമകളെയും കുറിച്ചു പറയുന്നതൊക്കെയേ റാണിപദ്മിനിയെയും പറ്റി പറയാനാകൂ. അതി ഗംഭീരമായ ഒരു കഥയില്ല, പഴുതുകളില്ലാത്ത കഥാപാത്രസൃഷ്ടിയില്ല, വാസ്തവികതയുടെ സ്പർശമില്ലാത്ത കഥാസന്ദർഭങ്ങളുണ്ട്, സ്ഥലകാ!ല നിർമ്മിതികളിൽ നൂറുശതമാനം പൂർണ്ണതയില്ല. പക്ഷേ, അതിനെല്ലാം മീതെ റാണി പദ്മിനി ഒരു സിനിമയെന്ന നിലയിൽ പ്രതീക്ഷ തരുന്നുണ്ട്, അതെ , മലയാളസിനിമാ കാഴ്ചകളിലെ ഒരു പെൺപ്രതീക്ഷയുടെ പേരാണു റാണി പദ്മിനി.

ഗ്രാമീണതയുടെ ഒതുക്കത്തിൽ വളർന്ന, അടഞ്ഞ ഗേറ്റിനുള്ളിൽ നിന്ന് ട്രെയിൻ കാണുന്ന, പാളത്തിലൂടെ നടന്ന് കാലടികളിൽ ദൂരത്തിന്റെയും വേഗതയുടെയും ചൂടറിയുന്ന പദ്മിനിയെയും യാത്രകളിൽ ജീവിതം തുടങ്ങുന്ന, കാറിൽ തല പുറത്തേയ്ക്കിട്ട് കാഴ്ചകൾ കാണുന്ന, അലഞ്ഞു

നടക്കുകയും അടിപിടികൂടുകയും ചെയ്ത് മെരുങ്ങാതെ വളർന്ന റാണിയെയും ഒരു ഗാനത്തിലൂടെ പരിചയപ്പെടുത്തി സിനിമ തുടങ്ങുമ്പോൾ മുതലുള്ള ഓരോ ദൃശ്യവും സംവിധായകന്റെ വ്യത്യസ്തമായ സമീപനത്തെ കാണിച്ചു തരുന്നുണ്ട്. മലയാള സിനിമയുടെ പതിവു ശീലങ്ങളിൽ നിന്നു വഴി മാറുമ്പോഴും മാറ്റത്തിന്റെ ജാടകളിൽ പെട്ടുപോകാതെ നിൽക്കുന്നു റാണി പദ്മിനി എന്നതു പറയാതെ വയ്യ.

പെൺകുട്ടി/ കൾ തനിയെ ഇരുണ്ട വിജനമായ വഴിയിലൂടെ നടക്കുന്നു, ആളൊഴിഞ്ഞ കെട്ടിടങ്ങളിലേയ്ക്ക് കയറിപ്പോകുന്നു, പുഴക്കരയിൽ തനിച്ചിരിക്കുന്നു എന്നിങ്ങനെയുള്ള ചില രംഗങ്ങൾ വിദേശ ഭാഷാ സിനിമകളിലാണെങ്കിൽ അവയൊന്നും അപകടത്തിലേയ്ക്കുള്ള വഴികളായിരിക്കില്ല. എന്നാൽ മലയാള സിനിമയിൽ അത്തരമൊരു രംഗം കണ്ടാൽ നമ്മുടെ മനസ്സുകളിൽ , കണ്ണുകളിൽ ഭയമാണു ജനിക്കുക. ആ കുട്ടി/ കുട്ടികൾ ഇപ്പോൾ ആക്രമിക്കപ്പെടാൻ പോകുന്നു, ഒരു പുരുഷനോ ഒരു കൂട്ടം പുരുഷന്മാരോ അവരെ ലൈംഗികമായി ഉപദ്രവിക്കാൻ പോകുന്നു എന്നതൊക്കെയേ നമ്മുടെ മനസ്സിൽ വരൂ. കാരണം നമ്മുടെ കാഴ്ചാ ശീലം തന്നെ. ഈ കാഴ്ചാശീലത്തിന്റെ അടിവേരിളക്കി എന്നതാണ് റാണി പദ്മിനിയെപ്പറ്റി ആദ്യമായി പറയേണ്ട നല്ല അഭിപ്രായം എന്നു തോന്നുന്നു. പരസ്പരം പരിചയമില്ലാത്ത റാണിയും പദ്മിനിയും ഒരുമിച്ചു യാത്ര ചെയ്യുകയാണ്. തുടക്കത്തിൽ സീറ്റിനു പിന്നിലൂടെ വരുന്ന ഒരു ആൺകൈ ഒഴിച്ചാൽ പിന്നീടൊരിക്കലും അവർ പെണ്ണുങ്ങളാണെന്ന പേരിൽ ആരും ആക്രമിക്കുകയോ നോക്കുകയോ പോലും ചെയ്യുന്നില്ല. രാത്രിയിൽ ബസിൽ നിന്നിറങ്ങി തണുത്തു വിറച്ച് നിൽക്കുമ്പോൾ, ഹോട്ടലിൽ റൂമുണ്ടോ എന്നന്വേഷിച്ചു ചെല്ലുമ്പോൾ, റൂമില്ല, ഡോർമിറ്ററിയേയുള്ളു എന്നു കേൾക്കുമ്പോൾ, പിന്നീടവർ ഡോർമിറ്ററിയിലേയ്ക്ക് കടക്കുമ്പോൾ ഒക്കെ നമുക്കു ഭയക്കാനുള്ള അവസരങ്ങളുണ്ട്. പിന്നീടങ്ങോട്ടുള്ള യാത്രയിലും വില്ലന്മാർ (വില്ലന്മാർക്ക് ഉശിരു പോരാ എന്ന ആണഭിപ്രായങ്ങൾ പോലും സാധാരണമലയാള സിനിമാകാഴ്ചയുടെ അടിമത്തത്തിൽ നിന്നുണ്ടായതാണ്.




മോഹൻലാലും മമ്മൂട്ടിയും പൃഥ്വിരാജും നിവിൻ പോളിയുമൊക്കെ ഒറ്റയ്ക്കു നിന്ന് ഭീകരന്മാരായ പത്തും പതിനാറും വില്ലന്മാരെ അടിച്ചു തെറിപ്പിക്കുന്നതു കണ്ടു കൈയടിച്ച് തഴമ്പുള്ളവരാണു മലയാളി പ്രേക്ഷകർ. കഥയ്ക്ക് ചേർന്ന വില്ലന്മാർ പോരേ? ) മുതൽ റാണിയെയും പദ്മിനിയെയും മലകയറ്റത്തിനിടെ കൂടെക്കൂട്ടുന്ന യാത്രികർ വരെ ആരും സ്ത്രീകളെ കാമക്കണ്ണോടെ നോക്കുന്നവരല്ല. സത്യത്തിൽ പുരുഷലോകത്തെ അത്തരമൊരു അപമാനത്തിൽ നിന്നും രക്ഷിക്കുകയാണു ഈ സിനിമയുടെ പിന്നിലുള്ളവർ ചെയ്തിരിക്കുന്നത്. നാം സാധാരണ കാണുന്ന മിക്ക സിനിമകളിലും നായകനൊഴികെ മറ്റു പുരുഷന്മാരിലധികവും (നായകന്റെ പിന്നാലെ നടക്കുന്ന സുഹൃത്തുക്കളുൾപ്പടെ) സ്ത്രീവിരുദ്ധരാണ്, അവരിൽ നിന്നൊക്കെ നായികയെയും മറ്റു സ്ത്രീ കഥാപാത്രങ്ങളെയുമൊക്കെ രക്ഷിക്കുക എന്ന വീരകൃത്യം കൂടി നായകനിൽ അർപ്പിതമായിരിക്കും.

പാട്രിയാർക്കിയുടെ കഴുകൻ കണ്ണുകളെയും പെരുപ്പിച്ച മസിലുകളെയും പത്തു തലയുള്ള ബുദ്ധിപ്പെരുമയെയും ഒഴിവാക്കിയതുവഴി ആണിനും ഒരു പരിഷ്കൃത മനുഷ്യന്റെ ഛായ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു(എന്തെന്തു ബോറന്മാരാണു നമ്മുടെ പല നായകന്മാരും!) അങ്ങനെ നോക്കുമ്പോൾ ഒരു ആധുനിക (പരിഷ്കൃത) മനുഷ്യസമൂഹത്തിനു ചേർന്ന സിനിമ എന്ന വിശേഷണം റാണി പദ്മിനിയ്ക്ക്



കൊടുക്കുന്നതിൽ തെറ്റില്ല എന്നുതന്നെ.

സ്ത്രീ എങ്ങനെ പെരുമാറണം എന്നതിനു സ്റ്റീരിയോടൈപ്പ് സിനിമാ അവതരണങ്ങളെ പാടെ മാറ്റി നിർത്തിയതും റാണി പദ്മിനിയുടെ മേന്മ വർദ്ധിപ്പിക്കുന്നു. സജിത മഠത്തിലിനെക്കൊണ്ട് ഒന്നുറക്കെ ചിരിപ്പിച്ച്, സ്ഥിരം സിനിമാ അമ്മായിയമ്മയെ ഒഴിവാക്കിയത് ഇതിന്റെ വ്യക്തമായ തെളിവാണ്. ഗ്രാമത്തിൽ നിന്നും വന്നതിന്റെ പരാതിയും ശോകഭാവങ്ങളില്ലാത്ത ഭാര്യയാണു മഞ്ജു വാര്യർ.ഭാര്യാഭർതൃബന്ധത്തെയും സാധാരണമാക്കിയിരിക്കുന്നു. ഭാര്യാപീഢനമില്ല, സ്വന്തം താല്പര്യങ്ങളിൽ അങ്ങേയറ്റം മുങ്ങിജീവിക്കുന്ന ആണുങ്ങളും പെണ്ണുങ്ങളും ഉള്ള സമൂഹമാണിത്, അതുകൊണ്ടുതന്നെ റാലിക്കാരൻ ഭർത്താവിനെ ആക്രമിക്കാൻ ആയുധങ്ങളൊന്നും സിനിമ കരുതി വയ്ക്കുന്നില്ല എന്നത് സ്ത്രീവിരുദ്ധമായി കാണേണ്ടതില്ല. വിവാഹമോചനമാണു ജീവിതവിജയം എന്ന് മഞ്ജുവാര്യർ എന്ന ഭാര്യയെക്കൊണ്ടു പറയിപ്പിക്കുന്നുമില്ല.

യാത്രയിൽ പരസ്പരം നുണ പറയേണ്ടിവരുന്ന റാണി പദ്മിനിമാർ പക്ഷേ പരസ്പരം സഹായിക്കാൻ മടി കാണിക്കുന്നില്ല.വില്ലന്മാരെ പേടിച്ചുള്ള ഓട്ടം അല്പം കൂടിപ്പോയെങ്കിൽ കൂടി സഹിക്കാവുന്ന കാഴ്ച തന്നെ. സ്വർണ്ണവും പണവും മോഷ്ടിച്ചെടുക്കുന്ന റാണിയും ഭൂപണയബാങ്കിലെ ലോണിന്റെ കഥയും പറഞ്ഞ് അത് തിരിച്ചു കിട്ടുവാൻ പിന്നാലെ ഓടുന്ന പദ്മിനിയും മലയാളസിനിമാ പ്രേക്ഷകർക്കു പരിചയമുള്ളതല്ല. സ്ത്രീയ്ക്കും കള്ളം പറയാം, ആവശ്യം വരുമ്പോൾ ഇടിക്കാം, തൊഴിക്കാം, വഴക്കു കൂടാം...ദേവതയാകേണ്ട, കനിവിന്റെ അവതാരമാകേണ്ട, നിസ്സഹായതയുടെ പര്യായമാകേണ്ട, ഓടുന്നതിനും ചാടുന്നതിനുമൊന്നും വിലക്കുകളില്ല...
ഇങ്ങനെയൊക്കെ മലയാള സിനിമാക്കാർ ഇനി ചിന്തിച്ചു തുടങ്ങിയാൽ സംവിധായകൻ ആഷിക്ക് ആബു, തിരക്കഥാ കൃത്തുക്കൾ രവിശങ്കർ, ശ്യാം പുഷ്കരൻ എന്നിവർക്ക് അഭിമാനിക്കാം. ടിപ്പിക്കൽ മലയാളം നായികമാരല്ലാതെയും വെള്ളിത്തിരയിൽ തിളങ്ങാമെന്നു കാണിച്ചു തന്ന മഞ്ജുവിനും റീമയ്ക്കും ആ അഭിമാനത്തിൽ പങ്കാളികളാകാം. 'ഹെയ്, ഇത്തരം പെണ്ണുങ്ങളെ ഞങ്ങൾ കണ്ടിട്ടില്ല, ജീവിത സാഹചര്യങ്ങളെ ഭയപ്പെട്ടു നായകന്റെയോ മറ്റു പുരുഷന്മാരുടെയോ കാലുപിടിച്ച് കരഞ്ഞ് സഹായമഭ്യർത്ഥിക്കുകയോ അവരാവശ്യപ്പെടുന്നത് ജീവിതമാണെങ്കിൽ കൂടി അതടിയറ വച്ച് യാചിക്കുകയോ അല്ലെങ്കിൽ ആത്മഹത്യ ചെയ്യുകയോ ചെയ്യുന്ന സ്ത്രീകളെയാണു മലയാളത്തിൽ ഞങ്ങൾ കണ്ടിട്ടുള്ളത് ' എന്നു പറഞ്ഞു മാറി നിൽക്കുന്ന ആൺ പ്രേക്ഷകനുള്ളതല്ല ഈ സിനിമ. ആണധികാര ലോകം മാത്രം കണ്ട്, അതാണു യാഥാർത്ഥ്യമെന്നു കരുതി നാവടക്കി തലകുനിച്ചു നടക്കുന്ന പെൺ പ്രേക്ഷകർക്കുമുള്ളതല്ല ഈ സിനിമ.


സ്ഥിരമായി കാണുന്ന കാഴ്ചകൾ നമ്മുടെ ജീവിതശൈലിയെ വളരെയേറെ സ്വാധീനിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. വാസ്തവത്തിൽ സമകാലീന ജീവിതം കാഴ്ചകൾക്കടിമപ്പെട്ട ഒന്നായതിനാൽ ഈ സത്യം കൂടുതൽ പ്രസക്തമാകുന്നു. കാഴ്ചയുടെ രാജപദവി ഇപ്പോഴും സ്വന്തമായി തന്നെ സൂക്ഷിക്കുന്ന ചലച്ചിത്ര മേഖലയിൽ അവതരിപ്പിക്കപ്പെടുന്ന ദൃശ്യങ്ങൾക്ക് കൂടുതൽ ആധികാരികതയുണ്ട്. കാഴ്ചയുടെ സമഗ്രത അവകാശപ്പെടാനാവുന്നു എന്നതുകൊണ്ട് സിനിമ കാണുക എന്നത് യഥാർത്ഥജീവിതത്തിലെ കാഴ്ചകളിൽ നിന്നും ടെലിവിഷൻ കാഴ്ചകളിൽ നിന്നും വ്യത്യസ്തമായ ഒരു തലത്തിലാണു സംഭവിക്കുന്നത്. തിയേറ്ററിൻറെ ഇരുളിൽ!, കാഴ്ച പൂർണ്ണമായും ഏറ്റവാങ്ങുവാൻ പാകത്തിൽ!, അതിനെ സ്ഥിരപ്പെടുത്തുന്ന ശബ്ദങ്ങൾക്കായി മറ്റെല്ലാ

ശബ്ദങ്ങളെയും കൊട്ടിയടച്ചാണു നാമവിടെ ഇരിക്കുന്നതെന്നതുകൊണ്ട് ആ സ്വീകരണപ്രക്രിയ പൂർണ്ണമാണ്. യഥാർത്ഥ ജീവിതത്തിൽ വഴിയരികിൽ കാണുന്ന ഒരു കാഴ്ചപോലെ മിന്നിമായുന്നതോ, ഒഴിവാക്കാവുന്നതോ അല്ല ആ ദൃശ്യങ്ങൾ,!. ടെലിവിഷൻറെ മുന്പിൽ നമുക്കു കിട്ടുന്ന റിമോട്ട് കൺട്രോൾ കാഴ്ചാ സ്വാതന്ത്ര്യവും ഇവിടെ ലഭിക്കുന്നില്ല. ' കാണാൻ ' മാത്രമായി സ്വയം പാകപ്പെട്ടിരിക്കുന്ന നമ്മുടെ കണ്ണുകൾക്കു മുന്പിൽ എത്തിപ്പെടുന്ന സൂക്ഷ്മാംശങ്ങൾ വരെയും ആ സ്വീകാര്യതയെ പൂർണ്ണമായും ഉപയോഗിച്ച് നമ്മിലേയ്ക്ക് കയറിക്കൂടുന്നു. ഇക്കാരണം കൊണ്ടുതന്നെ അവയാർജ്ജിക്കുന്ന ഒരധികാരമുണ്ട്. നമ്മുടെ ചിന്തകൾക്കുമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഒരധികാരം. ആ അധികാരം പോസിറ്റീവ് ആയിരുന്നാൽ അത് അറിയാതെ തന്നെ സമൂഹത്തിലെ നല്ല മാറ്റങ്ങൾക്കു വഴി തെളിക്കുകയില്ലേ? .

വിദേശരാജ്യത്തു നിന്നു ഇന്ത്യ കാണാൻ വന്ന ചിലർ രാത്രിയിൽ ഒരു നഗരത്തിലൂടെ കടന്നു പോയപ്പോൾ, ഇത് സ്ത്രീകളില്ലാത്ത നഗരമാണോ എന്നു ചോദിച്ചതായി എവിടെയോ വായിച്ചിരുന്നു. രാത്രി വിലക്കപ്പെട്ട സ്ത്രീകൾ വീട്ടകങ്ങളിൽ പതുങ്ങിയിരിക്കുന്നു എന്ന അപരിഷ്കൃത അവസ്ഥയിൽ നിന്ന് നമുക്ക് മാറ്റമുണ്ടാകണമെങ്കിൽ ഇങ്ങനെ ചില മാറ്റങ്ങൾ നമ്മുടെ കാഴ്ചകളിലുമുണ്ടാകണം.

സ്ത്രീകളുടെ ബുദ്ധിയും ശക്തിയുമൊന്നും പോരാ ഒരു കഥയ്ക്ക് എന്നു വാശിപിടിക്കുന്ന കാണികൾ ഈ സിനിമയെ ബോക്സ് ഓഫീസിൽ പരാജയപ്പെടുത്തിയേക്കാം, പക്ഷേ നമുക്ക് നല്ലൊരു സിനിമാസംസ്കാരം വളരണമെങ്കിൽ ഇത്തരം സിനിമകൾ വിജയിച്ചേ മതിയാകൂ. വിനീത് ശ്രീനിവാസൻ സംവിധാനം ചെയ്ത തിര എന്ന മലയാളം സിനിമയും സുജോയ് ഘോഷ് സംവിധാനം ചെയ്ത കഹാനി എന്ന ഹിന്ദി സിനിമയും സ്ത്രീയെ കേന്ദ്ര കഥാപാത്രമാക്കുന്നവയാണ്. പുരുഷസാന്നിധ്യങ്ങളും ഇടപെടലുകളും ഉള്ളപ്പോൾ തന്നെ നായിക തുടക്കത്തിൽ തന്നെയോ ഇടയ്ക്ക് വച്ചോ നായകന്റെ അടിമയോ ഉപകരണമോ സഹായിയോ ആയി മാറുന്നില്ല, കഥയങ്ങോളം നയിക്കുന്നത് സ്ത്രീ ബുദ്ധിയും ശക്തിയും തന്നെയാണ്. റാണി പദ്മിനി ഉൾപ്പടെയുള്ളു ഈ മൂന്നു സിനിമകളും (വേറെയുമുണ്ടാകാം) സിനിമാ വിഭാഗീകരണത്തിൽ ഒരേ വകുപ്പിലാകില്ലെങ്കിലും ഇവ സ്ത്രീകളെ മനുഷ്യരായി കരുതുന്നു. 'ആൺ പെൺ' എന്നു പറയുമ്പോൾ മനസ്സിലുണ്ടാകേണ്ട ഒരു സമതുലനത്തെ ഉറപ്പിച്ചു കാട്ടുന്നു. ഒരു സിനിമയ്ക്ക് അതിലും കൂടുതലും ചെയ്യുവാൻ

## കാർട്ടൂൺ




'അതെ മാഡം, നിങ്ങളുടെ കേസ് ഇപ്പോഴും ഉയർന്ന മുൻഗണനയിലാണ്'



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara



# കാരാവാക്കർ

1969ൽ കാലിഫോർണിയയിൽ ജനിച്ച കാരാ വാക്കർ (Kara Walker), ലാറി വാക്കർ എന്ന ചിത്രകാരന്റെ മകളാണ്. കറുത്ത വംശജയായ അമേരിക്കക്കാരി. തൊണ്ണൂറുകളിൽ അമേരിക്കൻ സമകാലിക കലയിൽ തികച്ചും ആഘോഷിക്കപ്പെടുമ്പോഴും വാക്കറുറെ കലാപ്രവർത്തനത്തിന്റെ രാഷ്ട്രീയം വ്യക്തമാണ്. അംഗീകാരത്തിന്റെ അതിരുകളിലും ജീനുകളുടെയും ലൈംഗികതയുടെയും സാമൂഹികത ഇന്നും അസ്വസ്ഥമാണ് എന്നാണ് വാക്കർ തെളിയിക്കാൻ ശ്രമിക്കുന്നത്.

വെളുത്ത പശ്ചാത്തലത്തിൽ കറുത്ത പേപ്പർ കട്ട് ഔട്ടുകൾ കൊണ്ടു ഗാലറിയുടെ ഉൾവശം മുഴുവൻ നിഴൽനാടകങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് വാക്കർ ആദ്യം ശ്രദ്ധ നേടുന്നത്. 'സിൽഹൌട്ട്'(silhouette) കലാ വിദ്യകൾ പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ വ്യാപകമായിരുന്നു. പിന്നീട് ആധുനിക ഘട്ടത്തിൽ സൈക്ലോരമകൾ (cyclorama)സൃഷ്ടിക്കപ്പെട്ടു. ഈ വിദ്യകൾക്കെല്ലാം ഒരു പ്രത്യേകതയുണ്ട്. ഇവ പലപ്പോഴും യൂറോപ്യൻ ആധുനികതയുടെ വ്യാപനഘട്ടങ്ങളിൽ അനവധി കോളനി രാജ്യങ്ങൾ തങ്ങളുടെ എളിയ ഇന്ദ്രിയാനുഭാവങ്ങളിലേയ്ക്ക് തള്ളിക്കയറുന്ന അത്ഭുതങ്ങളായി ഏറ്റെടുത്തവയാണ്. നമ്മുടെ നാട്ടിൽ ബയോസ്കൊപ്പും ഫിലിമും വന്നപോലെ. ഇപ്രകാരം, മുരടിച്ച മനുഷ്യാനുഭവങ്ങൾ അത്ഭുതകരമായ ഇന്ദ്രിയശേഷി നേടാൻ ഉപയുക്തമാക്കിയ, കലയുടെ ചരിത്രപരമായ പുറമ്പോക്കിൽ കിടക്കുന്ന ഒരു തരം ഭാഷ കൊണ്ട് ഒരുവൾ ആർട്ട്ഗാലറിയിൽ പ്രവർത്തിക്കുന്നു എന്നതായിരിക്കാം അമേരിക്കൻ കലാ ലോകത്ത് കാരാ വാക്കർക്ക് സമ്മതി നേടിക്കൊടുത്തത്. പക്ഷെ വാക്കറെ സംബന്ധിച്ചിടത്തോളം ഈ സമ്മതിക്കകത്ത് അവർ ബോധപൂർവ്വം പുനരുജ്ജീവിപ്പിക്കുന്ന കറുത്ത പെൺബോധത്തിന്റെ നിഴൽനാടകമുണ്ട്. വർണ്ണവിവേചനം അവസാനിപ്പിച്ചുവെന്നവകാശപ്പെടുന്ന അന്താരാഷ്ട്ര സമൂഹങ്ങളിൽ നിരന്തരം നടക്കുന്ന അധികാരനാടകങ്ങളെ വാക്കർ വെറുതെ വിടുന്നില്ല. ഒരർത്ഥത്തിൽ അത്തരം നാടകങ്ങളുടെ ഒരു ഭാഗം തന്നെയാണ് കലാകാരിയെന്ന നിലയിൽ മുൻനിരയിലെത്തുന്ന കറുത്ത സ്ത്രീ എന്ന നിലയിലുള്ള കാരാ വാക്കർ. പക്ഷെ അവർ സ്വന്തം വംശത്തിന്റെ ചവിട്ടിത്തേയ്ക്കപ്പെട്ട ചരിത്രവും കഥകളും നിരന്തരം ഓർമ്മിപ്പിക്കുമ്പോൾ പൗരന്മാർക്ക് തങ്ങൾ 'അവസര സമത്വം' നൽകുന്നുവെന്ന ഭരണകൂടങ്ങളുടെ അവകാശവാദം പൊളിയുന്നു. അമേരിക്കൻ ചരിത്രത്തെ നമ്മൾ പിന്നെ മറ്റൊരു കണ്ണ് കൊണ്ടു നോക്കേണ്ടി വരുന്നു. സ്വത്വരാഷ്ട്രീയം, അത് ലിംഗപരമായാലും വംശപരമായാലും രണ്ടും കൂടിയതായാലും, ഒരു 'വൺ വേ ട്രാഫിക്' അല്ല. ചൂഷകനും ചൂഷിതനും പരസ്പരം ഇടങ്ങൾ കയ്യേറുന്നു. ഒരാൾ അംഗീകാരം കൊണ്ടും മറ്റെയാൾ ജ്ഞാനവ്യവസ്ഥയുടെ തന്നെ കയ്യേറ്റം കൊണ്ടും പരസ്പരം അധികാരക്രമങ്ങൾ മാറ്റുന്നു. ഇതുകൊണ്ട് സംഭവിക്കുന്ന ചലനാത്മകമായ മാറ്റങ്ങൾ രണ്ടു പക്ഷത്തും വരുന്നു. ആ മാറ്റങ്ങളെ നേരിടാനുള്ള മനുഷ്യപക്ഷത്തിന്റെ ചങ്കൂറ്റമാണ് കലയുടെ ഇടം ഇന്ന് നിർമ്മിക്കുന്നത്. 'തന്റെ എല്ലാ നിഴൽചിത്രങ്ങളും അധികാരക്കൈമാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, മറ്റുള്ളവരിൽനിന്നും അധികാരം മോഷ്ടിച്ചെടുക്കുന്നതിനുള്ള പരിശ്രമങ്ങളാണവ' എന്ന് കാരാ വാക്കർ തന്നെ പറയുന്നുണ്ട്.

സ്ത്രീകളും മറ്റും വ്യവസ്ഥയുടെ ഇടങ്ങൾ കയ്യേറുമ്പോൾ ഒരു പുറത്ത് അവരുടെ കലയിൽ രാഷ്ട്രീയത്തിന്റെ മുനയൊടിയുന്നു എന്ന അപകടം ഇന്ന് മിക്ക കലാപ്രവർത്തകരും ഒന്നുകിൽ അവഗണിക്കുന്നു അല്ലെങ്കിൽ പതിഞ്ഞുപോയ രാഷ്ട്രീയബോധത്തിന്റെ പ്രേതങ്ങളെയും കൊണ്ടു വെറുതെ പ്രവർത്തിക്കുന്നു. ഇങ്ങനെയൊരു ഘട്ടത്തിലും മാറിയ സ്വത്വബോധത്തിന്റെ പുതിയ അവസ്ഥകളെക്കുറിച്ചുള്ള ഉൾക്കാഴ്ചയുടെ ആർജ്ജവം കൊണ്ട് കലയിൽ ബോധപൂർവ്വം രാഷ്ട്രീയം പ്രയോഗിക്കാം എന്ന് കാരാ വാക്കർ കാണിക്കുന്നു.







# കാരാ വാക്കറും ചിത്രങ്ങളും



